# നിത്യ വിശ്രാന്തി

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

1

# നിത്യ വിശ്രാന്തി

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS PVT. LTD. EDAPPALLY
KOCHI - 682 024

●

*copy right reserved*

●

[redacted]

## അവതാരിക

ബഹുമാനപ്പെട്ട യോഹന്നാൻ സാർ രചിച്ചിട്ടുള്ള ആത്മീയ ഗ്രന്ഥങ്ങളോരോന്നിനും പ്രഗത്ഭരായ വ്യക്തികളാണ് അവതാരിക എഴുതിയിട്ടുള്ളത്. എന്നാൽ ഏഴാമത്തെ ഗ്രന്ഥമായ "നിത്യവിശ്രാന്തിക്ക് അവതാരിക എഴുതുവാൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാൻ സ്തബ്ധനായി നിന്നുപോയി - ഒരു വശത്തു അത്ഭുതവും മറുവശത്തു കൈവന്ന മഹാഭാഗ്യവും. എങ്കിലും ഈ ദൗത്യം ദൈവകൃപയിൽ ശരണപ്പെട്ടു നിർവ്വഹിക്കുവാൻ ശ്രമിക്കട്ടെ.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി എന്റെ ജീവിതത്തെ സ്വാധീനിക്കുകയും കീഴ്മേൽ മറിക്കുകയും ചെയ്ത കർത്താവായ യേശുക്രിസ്തുവിനെ എനിക്ക് പരിചയപ്പെടുത്തി തന്നതും, പിതാവില്ലാത്ത എനിക്ക് പിതാവിന്റെ സ്നേഹവും, വാത്സല്ല്യവും, പ്രബോധനവും തന്ന് വളർത്തിയതും പ്രിയപ്പെട്ട യോഹന്നാൻ സാറാണ്. എന്റെ യൗവനകാലത്തു എന്റെ കഠിന ഹൃദയത്തെ തകർത്ത് ക്രിസ്തുവിന്റെ ക്രൂശി

ലേക്ക് ആനയിച്ചതും സാറിന്റെ ഹൃദയസ്പർശിയായ പ്രസംഗങ്ങളാണ്. മാനസാന്തരപ്പെട്ടശേഷവും ഇനി എവിടെ ചേർന്നു നിന്നാൽ ഈ സമാധാന ജീവിതം നിലനിർത്താം എന്നു ചിന്തിച്ചപ്പോൾ സാറിന്റെ ദേശമായ കോലഞ്ചേരിയിലേക്കും, സാറ് നേതൃത്വം നൽകുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്കും എന്നെ എത്തിച്ചതും ക്രൂശിലെ സ്നേഹമാണ്. അതു വലിയ ഭാഗ്യമായിപ്പോയി. ജീവിതത്തിൽ വലിയ പ്രതിസന്ധികൾ നേരിട്ടപ്പോൾ എന്നെ ദൈവത്തിൽ അടിയുറപ്പിച്ച് നിർത്തി, ആഴമേറിയ ആദ്ധ്യാത്മിക പടവുകളിലേക്ക് നയിച്ചത് ഞാൻ നന്ദിയോടു കൂടി ഓർക്കുകയാണ്.

സാറിനെ ഏറ്റവും അടുത്തു അറിയുവാൻ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി എനിക്ക് ലഭിച്ച കാലം ഒരു സുവർണ്ണ കാലം തന്നെയാണ്. വേദുപുസ്തകത്തിൽ പ്രവാചകൻമാരിൽ ശ്രേഷ്ഠനായ മോശയെക്കുറിച്ച് ദൈവം സാക്ഷിക്കുന്നു. “മോശ എന്നെ പുരുഷനോ ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു.” (സംഖ്യാ 12 : 3) “എന്റെ ദാസനായ മോശയോ, അങ്ങനെയല്ല, അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു.” (സംഖ്യാ 12 : 8)

അങ്ങനെയുള്ള ഒരു കർത്തൃദാസന്റെ ശിഷ്യനാകുവാൻ ദൈവം എനിക്കും ഇടവരുത്തി. ലോകത്തിൽ നല്ല മനുഷ്യരുണ്ടാകാം, നല്ല അദ്ധ്യാപകരുണ്ടാകാം, നല്ല സുവിശേഷ വേലക്കാർ ഉണ്ടകാം, നല്ല ആത്മീയ നേതൃത്വം കൊടുക്കുന്നവർ ഉണ്ടാകാം, നല്ല സ്നേഹമുള്ള കുടുംബനാഥന്മാർ ഉണ്ടാകാം, എന്നാൽ ഇതെല്ലാം ഒരു വ്യക്തിയിൽ ഒരുമിച്ച് കാണുക എന്ന അപൂർവ്വമായ കാര്യമാണ് യോഹന്നാൻ സാറിൽ കാണുന്നത്. ജീവിതത്തിന്റെ ഓരോ പടിയിലും കറ പറ്റാതെ ജയിച്ചു മുന്നേറിയ ദൈവത്തിന്റെ പ്രിയപ്പെട്ട ദാസ

[redacted]

നെ, വളരെ ചെറുപ്പും മുതൽ തന്നെ, തന്റെ വേലയ്ക്കായി ദൈവം വളർത്തിക്കൊണ്ടു പോരുകയായിരുന്നു.

ഒരു ചെറിയ കൂട്ടായ്മയായി തുടങ്ങി, അനേകായിരങ്ങളെ ക്രിസ്തുവിന്റെ ക്രൂശിന്റെ ചുവട്ടിലേക്ക്, തന്റെ ആത്മനിറവുള്ള വചനം കൊണ്ടും, ജീവിത വിശുദ്ധി കൊണ്ടും, സ്നേഹം നിറഞ്ഞ പെരുമാറ്റം കൊണ്ടും അടുപ്പിച്ച്, അവരെ വിശുദ്ധീകരണത്തിന്റെ പാതയിലൂടെ നടത്തി അനേകം വ്യക്തിജീവിതത്തിനും കുടുംബങ്ങൾക്കും ആശ്വാസവും സമാധാനവും കൊടുക്കുന്ന ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്നു എന്നത് സകലരും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

ഏതു അനുപാതമില്ലാതത ഹൃദയത്തേയും തകർക്കുന്നതും അലിയിപ്പിക്കുന്നതുമായ സ്നേഹത്തിൽ കുതിർന്ന വചനങ്ങൾ ഈ കാലത്ത് നമ്മുടെ കൊച്ചു കേരളത്തിൽ മാത്രമല്ല, ഭാരതത്തിലും വിദേശ രാജ്യങ്ങളിലും അലയടിക്കുവാൻ ദൈവം തന്റെ ശ്രേഷ്ഠദാസനെ ഉപയോഗിക്കുന്നത് എത്ര ഭാഗ്യമാണ്. ദൈവത്തിനു വേണ്ടിയും ദൈവമക്കൾക്കു വേണ്ടിയും ജീവിതം വേർതിരിച്ച്, ഇടംകൈയും വലംകൈയും തിരിച്ചറിയാത്ത ആത്മീക അന്ധത പിടിച്ച ജനസമൂഹത്തെ എങ്ങനെയും സ്വർഗ്ഗരാജ്യത്തിലെത്തിക്കുവാൻ ആരോഗ്യം പോലും മറന്ന്, രാപകലില്ലാതെ വേല ചെയ്യുന്നത് ആരേയും ആകർഷിക്കുവാൻ പോന്നതാണ്. ആ നിഷ്കളങ്ക സ്നേഹത്തേയും ആത്മാർത്ഥതയേയും പ്രകീർത്തിക്കേണ്ട് തന്നെ.

വരും തലമുറകൾക്ക് മുതൽക്കൂട്ടായി നിധിപോലെ സൂക്ഷിക്കുവാൻ പറ്റിയ, മുൻപ് പ്രസിദ്ധീകരിച്ച ആറു പുസ്തകങ്ങളെപ്പോലെ ഈ പുസ്തകവും മനുഷ്യ ഹൃദയത്തെ കീഴ്മേൽ മറിക്കും എന്നുള്ളതിന് സംശയമില്ല. നീറി പുകയുന്ന മനുഷ്യ

[redacted]

3

ഹൃദയങ്ങൾക്ക് ശാശ്വതമായ വിശ്രമം ക്രിസ്തുവിലാണ് എന്ന് ഏതു മനുഷ്യനും മനസ്സിലാകുന്ന ലളിതമായ ആവിഷ്ക്കാരത്തിലും ദൈവ വചനത്തിലധിഷ്ഠിതമായ പ്രബോധനങ്ങളിലും അനേക ജീവിതത്തെ സ്പർശിക്കുന്ന അനുഭവസാക്ഷ്യങ്ങളിലും കൂടെ ഈ ഗ്രന്ഥം സാധാരണക്കാർക്ക് മാത്രമല്ല ദൈവവേലയിൽ ശുശ്രൂഷിക്കുന്ന അനേകർക്ക് ഇതൊരു അത്മീക കലവറ തന്നെയാണ്.

ക്രിസ്തു പറഞ്ഞു : " എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." (മത്താ. 12 : 30)

ക്രിസ്തീയ ജീവിതം ചുമടു ചുമന്ന് വലയുന്ന ജീവിതമല്ല, ആശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും വിശുദ്ധിയുടെയും ഉന്നതമായ ജീവിതം, ലളിതമായി നേടുവാൻ സാധാരണക്കാർക്ക് സാധിക്കും എന്നുള്ള ഉറപ്പ് ഈ പുസ്തകത്തിലുടനീളം ദർശിക്കാം.

രണ്ടായിരം വർഷം മുമ്പ് മരിച്ച്, ഉയർത്തെഴുന്നേറ്റ ക്രിസ്തു എന്നെ രക്ഷിക്കുവാൻ എന്റെ അടുത്തു നിൽക്കുന്നതായുള്ള ബോദ്ധ്യം വായിക്കുന്നവർക്ക് ലഭിക്കുന്നു എന്നത് ഒരു പ്രത്യേകം അനുഭവം തന്നെയാണ്. മനുഷ്യന്റെ മേലുള്ള ശാപം മാറ്റി, ശത്രുവിന്റെ ബന്ധനത്തിൽ നിന്ന് മോചനം നൽകി ശുദ്ധീകരിച്ച് കളങ്കമില്ലാത്ത മണവാട്ടിയാക്കി രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ ചിറകടി ശബ്ദം വായനക്കാരന്റെ ചെവിയിൽ മുഴങ്ങുന്നു.

ഈ സ്വർഗ്ഗീയ സംരംഭത്തിലേക്ക് തന്റെ ശ്രേഷ്ഠദാസനെ ഇതുവരെയും നടത്തിയ സർവ്വശക്തനായ ദൈവം ഇനി വരും കാലങ്ങളിൽ അധികം ആയുസ്സും ശ്രേഷ്ഠ ആത്മീക വരങ്ങളും നൽകി അനുഗ്രഹിക്കട്ടെ എന്നും ഈ അമൂല്യ

ഗ്രന്ഥം അനേകർക്ക് നിത്യജീവന്റെ ആശ്വാസം ലഭിക്കുവാൻ ഇടയാകട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് ദൈവനാമത്തിൽ അവതരിപ്പിക്കുന്നു.

**ഡോ. ജോജി കെ. നൈനാൻ**
നിയോ ഡെന്റ്കെയർ ഡെന്റൽ ക്ലിനിക്ക്
മൂവാറ്റുപുഴ, തൊടുപുഴ

4

## ആമുഖം

അജ്ഞാതനാമാവായ ഒരു ഗ്രന്ഥകർത്താവ് എഴുതിയിട്ടുണ്ട് :

“സോക്രട്ടീസ് നാൽപതു വർഷം പഠിപ്പിച്ചു. പ്ലേറ്റോ അൻപതു വർഷം, അരിസ്റ്റോട്ടിൽ നാൽപതു വർഷം. യേശുക്രിസ്തു മൂന്നരവർഷം മാത്രം. എക്കാലത്തേയും ഏറ്റവും മഹാൻമാരായ മുൻപറഞ്ഞ മൂന്ന് താത്വികാചാര്യൻമാരുടെ മൊത്തം 130 വർഷത്തെ അദ്ധ്യാപനത്തേക്കാൾ എത്രയോ മികവേറിയ സ്വാധീനമാണ് ക്രിസ്തുവിന്റെ മൂന്നര വർഷത്തെ പ്രവർത്തനത്തിന് മനുഷ്യഹൃദയത്തിലുള്ളത്!”

ക്രിസ്തു ഒരു ചിത്രവും വരച്ചില്ല, എന്നാൽ റാഫേൽ, മൈക്കൾ ആഞ്ചലോ, ലിയൊനാർഡോ ഡാവിൻചീ എന്നിവരുടെ ഏറ്റവും മഹത്തായ ചിത്രങ്ങൾ ക്രിസ്തുവിൽ നിന്ന് പ്രചോദനമുൾക്കൊണ്ടവയാണ്.

ക്രിസ്തു ഒരു കവിതയും രചിച്ചില്ല. എന്നാൽ Divine Comedy എഴുതിയ ഡാൻറ്റെ, Paradise Lost എഴുതിയ മിൽട്ടൽ

തുടങ്ങി എത്രയോ മഹാരഥൻമാരായ കവിവരൻമാരുടെ കവിതകളിൽ ക്രിസ്തുവിന്റെ അത്ഭുത സ്വാധീനം തെളിഞ്ഞു വിളങ്ങുന്നു.

ക്രിസ്തു ഒരു ഗാനവും എഴുതിയില്ല. എന്നാൽ ഹെയ്ഡൻ, ഹാൻഡൽ, ബീഥോവൻ, ബാക്ക്, മെൻഡൽസ്സോൺ എന്ന വിശ്രുത സംഗീത സമ്രാട്ടുകൾ തങ്ങളും ഗാനങ്ങൾക്ക് താളവും രാഗവും ലയവും നേടിയത് ക്രിസ്തുവിനെ സ്തുതിച്ചു പ്രകീർത്തിക്കുന്നതിലായിരുന്നു.

മാനവമഹത്ത്വത്തിന്റെ എല്ലാ മേഖലകളും ഈ എളിയമയുറ്റ നസ്രേത്തിലെ തച്ചന്റെ സ്വാധീനത്താൽ ധന്യമാക്കപ്പെട്ടവയാണ്.

മനുഷ്യസമൂഹത്തിന് ക്രിസ്തു നൽകിയ നിസ്തുല സംഭാവന ആത്മാവിന്റെ രക്ഷ എന്നതാണ്. കലയല്ല, സാഹിത്യമല്ല, സംഗീതമല്ല, എന്നാൽ ക്രിസ്തുവിനു മാത്രമേ സാത്താന്റെയും പാപത്തിന്റെയും ചങ്ങലക്കണ്ണികളെ പൊട്ടിച്ച് മനുഷ്യനെ ആന്തരിക സ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളൂ. അവന് മാത്രമേ നീറുന്ന മനുഷ്യ ഹൃദയത്തിനാശ്വാസം പകരാൻ കഴിയുകയുള്ളൂ. ബലഹീനരെ ബലപ്പെടുത്താനും ആത്മാവിൽ മരിച്ചവരെ ജീവിപ്പിക്കാനും ക്രിസ്തുവിനു മാത്രമേ സാദ്ധ്യമാകൂ.

ഈ യേശുക്രിസ്തു എന്റെ ജീവിതത്തിലേക്ക് കടന്നുവന്നിട്ട് ഇപ്പോൾ നാല്പത്താറു വർഷം കഴിഞ്ഞു. ആ യുഗപുരുഷനെ ചൂണ്ടിക്കാണിക്കുന്നവയാണ് എന്റെ പ്രസംഗങ്ങൾ. അവൻ തരുന്ന ജീവനും സമാധാനവും വിശുദ്ധിയും സ്നേഹവും അനുഭവിച്ചു കൊണ്ടിരിക്കുന്നതിന്റെ മാധുര്യവും ശാന്തതയും ഉൾക്കൊണ്ടു കൊണ്ടാണ് എന്റെ സുവിശേഷ പ്രസംഗങ്ങളത്രയും നിർവ്വഹിച്ചിട്ടുള്ളത്.

[redacted]

റേഡിയോ പ്രസംഗങ്ങളുടെ ഏഴാമത്തെ സമാഹാരമായ "നിത്യവിശ്രാന്തിയിലും ഈ ആശയം മൃദുലമായി അനുരണനം ചെയ്യുന്നത് കേൾക്കാം.

ക്രിസ്തുവിന്റെ അടുക്കൽ വന്ന ധനികനായ യുവാവിനെ ഓർക്കുന്നില്ലേ? "യേശു അവനെ നോക്കി അവനെ സ്നേഹിച്ചു. ഒരു കുറവ് നിനക്കുണ്ട്, നീ പോയി നിനക്കുള്ളത് എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്ക. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക എന്ന് പറഞ്ഞു. അവൻ വളെ സമ്പത്തുള്ളവൻ ആകകൊണ്ട് ഈ വചനത്തിങ്കൽ വിഷാദിച്ച് ദുഃഖിതനായി പൊയ്ക്കളഞ്ഞു." മർക്കോസ് 10 : 21 – 22

സങ്കല്പിക്കൂ. വർഷങ്ങൾക്കു ശേഷം അദ്ദേഹം വയോവൃദ്ധനായി. മകന്റെ മകൻ അദ്ദേഹത്തിന്റെ മടിയിൽ കയറിയിരുന്ന് കൊഞ്ചി ചോദിക്കുകയാണ്. "അപ്പച്ചൻ കണ്ടിട്ടുള്ളതിലേക്കും ഏറ്റവും മഹാനായ ആളാരാണ്?"

"യേശു," മടി തെല്ലുമില്ലാതെ അദ്ദേഹം പറഞ്ഞു.

"അദ്ദേഹത്തെ അത്ര ഉന്നതനും മഹാനുമാക്കിയതെന്താണ്?" കുട്ടി ചോദിച്ചു.

"എന്റെ മോനേ, അദ്ദേഹത്തെപ്പോലെ ആരും ഇല്ല. അദ്ദേഹം രോഗികളെ സൗഖ്യമാക്കി. മരിച്ചവരെ ഉയിർപ്പിക്കുകപോലും ചെയ്തു. അദ്ദേഹം അതു ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്.

"അപ്പച്ചാ, അദ്ദേഹം അപ്പച്ചനോട് എന്തെങ്കിലും സംസാരിച്ചോ?"

"ഉവ്വ്, മോനേ."

"അദ്ദേഹം അപ്പച്ചനോട് എന്താണ് പറഞ്ഞത്?"

“അദ്ദേഹം എന്നോട് പറഞ്ഞത് അദ്ദേഹത്തെ അനുഗമിക്കുക എന്നാണ്.”

“അപ്പച്ചാ, അപ്പച്ചനത് ചെയ്തോ? അദ്ദേഹത്തെ അപ്പച്ചൻ അനുഗമിച്ചോ?” കുട്ടി ജിജ്ഞാസാഭരിതനായി ചോദിച്ചു.

അപ്പച്ചൻ ഓമനക്കുഞ്ഞിന്റെ മുഖത്തേയ്ക്ക് കണ്ണിമയ്ക്കാതെ അല്പനേരം നോക്കിയിരുന്നു. പിന്നീട് അനുശയവിവശനായി, നിറകണ്ണുകളോടെ, കുട്ടിയെ താഴെ നിറുത്തി. അദ്ദേഹം ഇടറുന്ന പാദത്തോടെ, പതറുന്ന ഹൃദയത്തെ, മന്ദം മന്ദം തന്റെ മനോഹരമായ ആ ബംഗ്ലാവിന്റെ പുരോഭാഗത്തുള്ള സുന്ദരമായ ഉദ്യാനത്തിലേക്ക് നടന്നു.

ഒരു ചോദ്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ മാറ്റൊലികൊണ്ടു കൊണ്ടിരുന്നു :

“അപ്പച്ചാ, അപ്പച്ചനത് ചെയ്തോ? അപ്പച്ചൻ അദ്ദേഹത്തെ അനുഗമിച്ചോ?”

ഇതൊരു ഭാവനയാണ്. എന്നാൽ ലോകത്തിൽ പിറന്നിട്ടുള്ളതിലേയ്ക്കും ശ്രേഷ്ഠനായ ഒരു വ്യക്തിയെ കണ്ടുമുട്ടാനിടയായപ്പോൾ, അവനെ അനുഗമിക്കാൻ ഞാൻ വളരെ എളിമയോടെ ഒരു തീരുമാനമെടുത്തു, അവനെ പിൻപറ്റാൻ. ഇപ്പോൾ ഓരോ ദിവസം കഴിയുന്തോറും ഞാൻ കാണുന്നു. ഞാനെത്രയോ പിന്നിലാണെന്ന്. അവനോടു ചേർന്ന് പിൻഗമിക്കാൻ ഞാനെത്രയെത്ര മൈലുകൾ ഇനിയും താണ്ടിയെത്തണമെന്ന്.

ആ ഉദാത്തമായ ആശയുടെയും ആശയത്തിന്റെയും ഉൾത്തേങ്ങലുകളാണ് ഓരോ പ്രസംഗത്തിലും. അത് അനേകരെ ക്രിസ്തു പോയ അതേ കാൽചുവടുകളിലൂടെ പോകാൻ പ്രേരിപ്പിക്കുമെങ്കിൽ! ആകർഷിക്കുമെങ്കിൽ! ആവേശം കൊള്ളി

ക്കുമെങ്കിൽ! എങ്കിൽ എന്റെ യത്നം പൂവണിയും.

അതിന് സർവ്വശക്തനായ ക്രിസ്തുയേശുവിന്റെ കുരിശും കുരിശിലെ സ്നേഹവും ത്യാഗവും തിരുവിലാവ് പൊട്ടിയൊഴുകിയ തിരുരക്തവും നയിക്കട്ടെ എന്ന് മാത്രമേ എനിക്കാശംസിക്കാനാകൂ.

സ്നേഹവും ആത്മാർത്ഥതയും തുളുമ്പുന്ന ഒരു നല്ല അവതാരിക എഴുതിത്തന്ന ഡോ. ജോജി കെ. നൈനാനോടുള്ള എന്റെ നന്ദിയും വാത്സല്യവും ഇവിടെ ഞാൻ പ്രത്യേകം പ്രകാശിപ്പിച്ചു കൊള്ളുന്നു. പുസ്തക പ്രസിദ്ധീകരണത്തിന് പല രീതിയിൽ സഹായിച്ച ശ്രീ. തമ്പി (ക്രിസ്ത്യൻ ബുക്ക് സെന്റർ, ചിറ്റൂർ റോഡ്, എറണാകുളം), ശ്രീ. അഞ്ച് (കിറ്റ്കോ, എറണാകുളം), ശ്രീ. അബി (മാനേജർ, റ്റി. സി.എം, കളമശ്ശേരി) എന്നിവരോടുള്ള കൃതജ്ഞത ഞാൻ പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ.

മുമ്പ് പ്രസിദ്ധീകരിച്ച ആറു പുസ്തകങ്ങൾക്കും നൽകിയ ആവേശോജ്ജ്വലമായ സ്വീകരണം ഈ ഗ്രന്ഥത്തിനും നൽകുമെന്നും ഇതിലെ പ്രസംഗങ്ങൾ വായിച്ച് ധ്യാനിക്കുന്നതിലൂടെ എല്ലാവരും “നിത്യവിശ്രാന്തി”യിലെത്താൻ വഴിതെളിയുമെന്നുമുള്ള പ്രതീക്ഷയോടും പ്രാർത്ഥനയോടും കൂടി ഈ ആമുഖക്കുറിപ്പുകൾക്ക് ഇവിടെ വിരാമമിടട്ടെ.

നിങ്ങളുടെ വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

“ഇപ്പോൾ നാഥാ, തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലൊ.” ലൂക്കോസ് 2 : 29 31

വയോവൃദ്ധനായ ശിമെയോൻ പറയുന്ന വാക്കുകളാണിവ. 750 –ൽ ഏറെ വയസ്സുള്ള ഒരാളായിരുന്നു ശീമെയോൻ. യെശയ്യാ പ്രവാചകന്റെ എഴുത്തുകാരനായിരുന്നു ശീമെയോൻ.

യിരെമ്യാ പ്രവാചകന്റെ എഴുത്തുകാരനായിരുന്നു ബാരൂക്ക്. പൗലോസ് അപ്പോസ്തലന്റെ എഴുത്തുകാരൻ സില്വാനൊസ് (ശീലാസ്) ആയിരുന്നു. പ്രവാചകൻമാർ പ്രവചനം പറയുകയും വിശ്വാസികൾ ആരെങ്കിലും അത് എഴുതിവ

യ്ക്കുകയും ചെയ്യാറുണ്ട്...

അങ്ങനെയാണ്, യെശയ്യാവ് പ്രവചിച്ചുകൊണ്ടിരുന്നത് ശീമെയോൻ എഴുതിക്കൊണ്ടിരുന്നു. പെട്ടെന്ന് ശീമെയോൻ എഴുത്തു നിറുത്തി.

"നീ എന്താണ് എഴുത്ത് നിറുത്തിയത്?" പ്രവാചകൻ ചോദിച്ചു.

ഒരിക്കലും സംഭവിക്കാൻ സാദ്ധ്യമല്ലാത്തത് പറഞ്ഞുകൊണ്ടാണ് എഴുതാതെയിരുന്നത്.

അതെന്താണ്?

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" (യെശയ്യാ 7 : 14) എന്ന് അങ്ങ് പറഞ്ഞുവല്ലോ. പുരുഷനെ അറിയാത്ത സ്ത്രീയാണല്ലൊ കന്യക. പുരുഷസ്പർശമില്ലാതെ ഗർഭം ധരിക്കുന്നതെങ്ങനെ?

"എനിക്കറിഞ്ഞു കൂടാ. എനിക്കു തന്ന വചനമിങ്ങനെയാണ്. നീ ഈ വചനം നിറവേറുന്നത് കാണുന്നതുവരെ മരണം കാണുകയില്ല."

ശീമെയോൻ അന്നു മുതൽ കാത്തിരിക്കുകയാണ് കന്യക ഗർഭിണിയായി പ്രസവിച്ചുവോ എന്നറിയുവാൻ. അങ്ങനെ ആ ദിവസം പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം ശീമെയോൻ ദൈവവാലയത്തിൽ വന്നു.

ശിശുവിനെ കരതലത്തിലേന്തി കന്യകമറിയം യൗസേഫ് പിതാവിനോടുകൂടെ യരുശലേം ദേവാലയത്തിൽ വന്നിട്ടുണ്ട്. ഇതാണ് വർഷങ്ങളായി കാത്തിരുന്ന പ്രജയെന്ന് ശിമെയോന് മനസ്സിലായി. 41 ദിവസം മാത്രം പ്രായമുള്ള യേശുവിനെ ശീമെയോൻ തന്റെ കരതലത്തിലേന്തി ദൈവത്തെ

പുകഴ്ത്തിക്കൊണ്ട് പാടി.

"ഇപ്പോൾ നാഥാ തിരുവചനം പോലെ നീ
അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു...
നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ."
ലൂക്കൊസ് 2 : 29

എന്നെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. Peaceful departure സമാധനത്തോടെയുള്ള വിടവാങ്ങൽ.

ഏതു മനുഷ്യനും ആഗ്രഹിക്കുന്ന ഒന്നാണ് സമാധാനത്തോടെ കടന്നു പോകുക എന്നത്. മരണം ഒരു യാഥാർത്ഥ്യമാണ്. ഏതു മനുഷ്യനും ഒരിക്കൽ മരണത്തെ നേരിട്ടേ പറ്റുകയുള്ളൂ.

സുപ്രസിദ്ധ സുവിശേഷകനും ഗ്രന്ഥകാരനുമായ എഫ്. ബി. മേയർ മരിക്കാറായി കിടക്കുമ്പോൾ വിറയ്ക്കുന്ന കൈകളോടെ ഒടുവിലത്തെ എഴുത്തെഴുതി. അത് ലിൻഡ്സെല്ലെഗ്ഗ് എന്ന സുഹൃത്തിനായിരുന്നു.

"I have raced you to Heaven, I am just off. se you there. Love." - F.B. Mayer.

"ഞാൻ നിന്നെ സ്വർഗ്ഗതീരത്തെത്താൻ ഓട്ടം അഭ്യസിപ്പിച്ചുവല്ലോ. ഞാൻ അങ്ങെത്താൻ പോവുകയാണ്. അവിടെ വെച്ച് നമുക്ക് തമ്മിൽ കാണാം. സ്നേഹത്തോടെ." എഫ്. ബി. മേയർ.

ദൈവഭൃത്യന് സ്വർഗ്ഗ തീരത്തെത്തുമെന്ന് പൂർണ്ണ നിശ്ചയമായിരുന്നു. ജീവിതത്തിൽ നല്ല പ്രാഗത്ഭ്യമായിരുന്നു. ജീവിച്ച കാലം അനേകരെ സ്വർഗ്ഗതീരത്തെത്തിക്കാൻ ഓട്ടം ഓടിച്ചു. എന്തു ഭാഗ്യകരമായ പ്രത്യാശ.

1910 ജൂൺ 5-ാം തീയതി അമേരിക്കൻ ചെറുകഥാകൃത്തായ ഓ. ഹെന്റി മരണാസന്നനായി കിടക്കുമ്പോൾ നേഴ്സിനോട് തനിക്ക് ഒരു മെഴുകുതിരി തരാമോ എന്നു ചോദിച്ചു.

അതെന്തിനാണ്, എന്ന നേഴ്സിന്റെ ചോദ്യത്തിന് ഓ. ഹെന്റിയുടെ മറുപടി : Because I am afraid to go home in the dark.

എനിക്ക് ഇരുട്ടത്ത് വീട്ടിൽ പോകാൻ പേടിയാണ്. സ്വന്തം വീട്ടിലേക്ക് പോകുന്നതായിട്ടാണ് മരണത്തെ ഓ. ഹെന്റി കണ്ടത്.

ഒരു peaceful departure - എല്ലാവരും ആഗ്രഹിക്കുന്നതിതാണ്. പതിനാറ് വയസ്സുള്ള ഒരു ബാലിക മരണത്തോടടുത്തു കിടക്കുകയായിരുന്നു. ഒരു ദൈവപൈതൽ അവളുടെ അരികത്ത് ചെന്ന് ചോദിച്ചു : "മരിക്കുവാൻ ഭയമുണ്ടോ?"

പന്ത്രണ്ട് വയസ്സു മുതൽ - എന്റെ അമ്മ മരിച്ചതു മുതൽ - ഞാൻ എന്റെ അപ്പനുവേണ്ടിയും സഹോദരൻമാർക്കുവേണ്ടിയും അദ്ധ്വാനിച്ചു. ക്രിസ്തുവിനുവേണ്ടി ഒന്നും ചെയ്തില്ലല്ലോ എന്ന വേദനയുണ്ട്." എന്നായിരുന്നു മറുപടി.

ആ ദൈവപൈതൽ ആ പെൺകുട്ടിയെ ആശ്വസിപ്പിച്ചു.

> ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നു കളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല. എബ്രായർ 6 : 10

ഒരു നിരീശ്വരന്റെ മകൾ മരണാസന്നയായി കിടക്കുകയായിരുന്നു. പേടിപ്പെടുത്തുന്ന ചില കാഴ്ചകളെല്ലാം കണ്ട്

[redacted]

അവൾ ഭയാക്രാന്തയായി ഉച്ചത്തിൽ നിലവിളിച്ചു. അപ്പൻ അവളെ ആശ്വസിപ്പിക്കാനും ശ്രദ്ധ മാറ്റാനുമായി പ്രകൃതി യിലെ പൂക്കളെക്കുറിച്ചും മനോഹരമായ വസന്തഭംഗിയെ ക്കുറിച്ചും മധുരമായി പാടുന്ന പക്ഷികളെക്കുറിച്ചും മറ്റും പറഞ്ഞുകൊണ്ടിരിക്കുന്നു.

ഇതുകൊണ്ടൊന്നും മകൾക്ക് ആശ്വാസം കിട്ടിയില്ല. അവൾ പറഞ്ഞു. അപ്പാ, അപ്പനെന്നെ ബുദ്ധിയുള്ള ഒരു കുട്ടിയായി വളർന്നു വരാൻ അനേക വിഷയങ്ങൾ പഠിപ്പിച്ചു. ചരിത്രം പഠിപ്പിച്ചു, സാഹിത്യം പഠിപ്പിച്ചു, ശാസ്ത്രം പഠിപ്പിച്ചു, സമ്പ ത്തുണ്ടാക്കുന്നതെങ്ങനെയെന്ന് പഠിപ്പിച്ചു, സുന്ദരിയായി അണി ഞ്ഞൊരുങ്ങേണ്ടതെങ്ങനെയെന്നും പഠിപ്പിച്ചു. എന്നാൽ എങ്ങ നെയാണ് സമാധാനത്തോടെ മരിക്കേണ്ടതെന്ന് അപ്പനെന്നെ പഠിപ്പിച്ചില്ലല്ലോ.

നിരാശ മുറ്റിയ വാക്കുകൾ! Peaceful Departure ന് ആ പെൺകുട്ടിക്ക് ഭാഗ്യമുണ്ടായില്ല.

മഹാനായ വോൾട്ടയർ മരണത്തോടടുത്തപ്പോൾ കൊടിയ നിരാശയിലായി. തന്നത്താൻ പ്രാകിയും ശപിച്ചും ഒടുവി ലത്തെ ദിവസങ്ങൾ കഴിച്ചു കൂട്ടി. മരണത്തോടടുത്തപ്പോൾ അദ്ദേഹം പറഞ്ഞു.

ഞാനിതാ നരകാഗ്നിയിലേക്ക് താണുതാണു പോകയാണ്. എന്നെ ഈ കൊടും തീയിൽ നിന്ന് രക്ഷിപ്പാനാരുമില്ലല്ലൊ.

ദൈവപൈതലേ, ഒരു Peaceful Departure നിനക്കു വേണ്ട യോ? ഇന്നുവരെ ജീവിച്ചതു പോലെ ജീവിച്ചാൽ മതിയോ?

Peaceful Departure വേണമെങ്കിൽ Personal Salvation അനു ഭവിക്കണം.

ശിമെയോൻ പറഞ്ഞു : “നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ.” യേശുവിനെ കരതലത്തിൽ ഏന്തിക്കൊണ്ട് “നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ (ലൂക്കോസ് 2 : 31) എന്ന് പറഞ്ഞു.

രക്ഷ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്നതാണ്. അത് എന്റെ സ്വന്തമാക്കിയെങ്കിലേ എനിക്ക് പ്രയോജനമുള്ളൂ അതാണ്, Personal Salvation.

ക്രിസ്തു ക്രൂശിൽ മരിച്ചത് മനുഷ്യജാതിയുടെ പാപപരിഹാരത്തിനാണെന്ന് അനേകർക്കും അറിയാം. എന്നാൽ എന്റെ പാപത്തിന്റെ ശിക്ഷ ക്രിസ്തു ഏറ്റു എന്ന് വിശ്വസിച്ച് തൻമൂലമുള്ള പാപക്ഷമയും തുടർന്ന് പാപം കൂടാതെ ജീവിക്കണമെന്നുള്ള അടക്കാനാകാത്ത ആഗ്രഹവും എനിക്കുണ്ടാകമ്പോഴാണ് ഞാൻ രക്ഷ സ്വന്തമാക്കുന്നത്.

പ്രിയ സ്നേഹിതാ, ഇപ്പോൾ താങ്കളുടെ മുമ്പിൽ നിൽക്കുന്ന ക്രിസ്തുവിനെ താങ്കൾ ഏറ്റുവാങ്ങുമോ? സ്വന്തമനസ്സോടെ പൂർണ്ണ ഹൃദയത്തോടെ, സ്വന്തം ആവശ്യപ്രകാരം ക്രിസ്തുവിനെ സ്വീകരിപ്പാൻ താങ്കളുടെ ഹൃദയം വാഞ്ഛിക്കുന്നുവോ? എങ്കിൽ ക്രിസ്തുവിനെ സ്വന്തം ജീവിതത്തിന്റെ കർത്താവും രക്ഷിതാവുമായി ഇപ്പോൾ സ്വീകരിക്കുക.

Personal Salvation, സ്വന്തമായ രക്ഷ ലഭിക്കാൻ ശീമെയോന് സാധിച്ചതിന്റെ പിന്നിൽ ഒരു കാരണമുണ്ടായിരുന്നു. ലൂക്കൊസ് 2 : 25 ൽ നാം വായിക്കുന്നു.

“ഈ മനുഷ്യൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിന്നായി കാത്തിരിക്കുന്നവനുമായിരുന്നു.” 750 വർഷത്തി

[redacted]



ലേറെയായുള്ള കാത്തിരിപ്പ് നീണ്ട ക്ഷമയുടെ കാത്തിരിപ്പ്.

ശിമെയോൻ നെടുനാൾ കാത്തിരുന്നു. എന്നാൽ മാന്യ സ്നേഹിതാ കാത്തിരിക്കാതെ ക്രിസ്തു നിന്റെ അരികത്ത് വന്നിരിക്കയല്ലയോ? നീ കാത്തിരുന്നില്ല. നീ പ്രാർത്ഥിച്ചില്ല, നീ ആഗ്രഹിച്ചില്ല, ക്രിസ്തു ഇതാ നിന്നെ തേടി വന്നിരിക്കുന്നു.

> “എന്നെ ആഗ്രഹിക്കാത്തവർ എന്നെ അന്വേഷിപ്പാൻ ഇടയായി, എന്നെ അന്വേഷിക്കാത്തവർക്ക് എന്നെ കണ്ടെത്തുവാൻ സംഗതി വന്നു. എന്റെ നാമം വിളിച്ചപേക്ഷിക്കാത്ത ജാതിയോട് : ഇതാ ഞാൻ ഇതാ ഞാൻ എന്നു ഞാൻ പറഞ്ഞു. യെശയ്യാ 65 : 1

ഒന്ന് : Peaceful Departure

രണ്ട് : Personal salvation

മൂന്ന് : Patient waiting

നാല് : pleasant praise, സന്തോഷം നിറഞ്ഞ സ്തുതി.

ശിമെയോൻ യേശുവിനെ കൈയിലേന്തി ദൈവത്തെ പുകഴ്ത്തി. ദൈവത്തെ സ്തുതിച്ചു. ലൂക്കോസ് 2 : 28

ദീർഘ സംവത്സരങ്ങളുടെ കാത്തിരിപ്പ് ഫലപ്പെട്ടല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചു. ദൈവം തന്റെ വചനം നിറവേറ്റിയല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചു. ഇന്ന് ദൈവാലയത്തിൽ വരുവാൻ ആത്മനിയോഗം ഉണ്ടായല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചു. സമാധാനത്തോടെ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുവാൻ ദൈവം സൗഭാഗ്യം തന്നല്ലോ

എന്നോർത്ത് ദൈവത്തെ സ്തുതിച്ചു.

അത് സംതൃപ്തിയുടെ സ്തുതിയാണ്. അത് കൃതാർത്ഥത യുടെ സ്തുതിയാണ്, അത് രക്ഷയുടെ സ്തുതിയാണ്. അത് സമാധാനത്തിന്റെ സ്തുതിയാണ്. അത് സന്തോഷത്തിന്റെ സ്തുതിയാണ്. അത് നന്ദിയുടെ സ്തുതിയാണ്. അത് രക്ഷ കനെ കരത്തിലേന്തി കൊണ്ടുള്ള സ്തുതിയാണ്. അത് രക്ഷ കനെ ലഭിച്ചല്ലോ എന്ന ചാരിതാർത്ഥ്യത്തിന്റെ സ്തുതിയാണ്. അത് അർഹതയില്ലാത്തത് കിട്ടിയല്ലോ എന്ന അത്ഭുതത്തിന്റെ സ്തുതിയാണ്. അത് ആരാധനാ പാത്രമായ യേശുവിനെ കൈയിലേന്തികൊണ്ടുള്ള സ്തുതിയാണ്. അത് വിശുദ്ധ ആരാ ധനയുടെ സ്തുതിയാണ്. അത് ആത്മനിറവിന്റെ സ്തുതിയാ ണ്.

ദൈവപൈതലേ, ഈ യേശുവിനെ വിശുദ്ധിയിൽ സ്തുതി പ്പാനുള്ള ആഗ്രഹം നിനക്കുണ്ടോ? നിന്റെ ഹൃദയം രക്ഷയെ ക്കുറിച്ചുള്ള നിർണ്ണയം കൊണ്ട് നിറയുന്നുവോ? സത്യത്തിലും ആത്മാവിലും ആരാധിപ്പാൻ നിന്റെ ഹൃദയം ആഗ്രഹിക്കു ന്നുവോ? എങ്കിൽ നിന്റെ രക്ഷകൻ അരികത്ത് നിൽക്കുന്നു. അവനെ ഏറ്റുവാങ്ങിക്കൊണ്ട് സുതിക്കൂ. തന്നെത്തന്നെ നിനക്ക് തരുവാൻ ക്രൂശിൽ മൂന്നാണികളിൽ തൂങ്ങിയ രക്ഷ കൻ ഇതാ നിന്റെ മുമ്പിൽ നിൽക്കുന്നു. അവനെ ഉള്ളത്തി ലേക്ക് കൈക്കൊണ്ട് അവനെ വാഴ്ത്തിപ്പുകഴ്ത്തുവിൻ.

അഞ്ച് : Prophetic Testimony പ്രവചനപരമായ സാക്ഷ്യം. യേശുവിനെ സ്തുതിച്ച ശേഷം, ശിമെയോൻ അവരെ അനു ഗ്രഹിച്ചു. അവന്റെ അമ്മയായ മറിയയോട് പറഞ്ഞു.

> “അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെ ടേണ്ടതിന്ന് ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിന്നും മറത്തു പറയുന്ന

[redacted]

അടയാളത്തിനുമായി വെച്ചിരിക്കുന്നു. നിന്റെ സ്വന്തപ്രാണനിൽകൂടിയും ഒരു വാൾ കടക്കും.”

ലൂക്കോസ് 2 : 324

യേശുക്രിസ്തുവിനെക്കുറിച്ചും കന്യക മറിയാമിനെക്കുറിച്ചും ശീമെയോൻ പ്രവചിക്കുകയാണ്. വരുംകാലത്ത് സംഭവിക്കാനിരിക്കുന്നത് ശിമെയോൻ മുൻകൂട്ടി പറയുകയാണ്. Personal salvation, വ്യക്തിപരമായ രക്ഷ – അനുഭവിക്കുന്ന വ്യക്തി, Pleasant praise ആനന്ദസ്തുതിഘോഷം – ഉള്ളവനായിത്തീരുമെന്ന് മാത്രമല്ല, Prophetic testimony – പ്രവചന സാക്ഷ്യം – നൽകുന്നവനാകും.

പ്രിയ സ്നേഹിതാ, ആത്മീയ ജീവിതത്തിന്റെ സമുന്നത സോപാനങ്ങളിൽ വിഹരിക്കുവാൻ നിനക്ക് ആഗ്രഹമുണ്ടോ? ആത്മീയമായ ഉന്നത നിലവാരങ്ങളിലൂടെ യാത്ര ചെയ്യുവാൻ നിനക്ക് താല്പര്യം ഉണ്ടോ? അങ്ങനെ സമാധാനപൂർണ്ണമായ ഒരന്ത്യത്തിലെത്താൻ നിന്റെ ഉള്ള് കൊതിക്കുന്നുവോ? എങ്കിൽ നിന്റെ അരികത്തെത്തിയിരിക്കുന്ന ക്രിസ്തുവിനോട് ഒരു വാക്ക് പറയുക.

നാഥാ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ. ഇന്നു മുതൽ വ്യക്തിപരമായ ആത്മരക്ഷ അനുഭവിച്ച് ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിച്ചുകൊള്ളാം.

കർത്താവേ, തന്നെ ദിവ്യ ദൂതിനായി സ്തോത്രം. സമാധാനത്തിന്റെ അന്ത്യം കാണാൻ എനിക്ക് ഭാഗ്യം തരണമേ. അതിനായി വ്യക്തിപരമായി രക്ഷ അനുഭവിക്കുവാൻ എന്നെ നയിക്കണമേ.

# രണ്ട്

"എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ."
ഫിലിപ്പ്യർ 3 : 1

"അങ്ങനെതന്നെ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിപ്പിൻ."
ഫിലിപ്പ്യർ 2 : 18

"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു."
ഫിലിപ്പ്യർ 4 : 4

"നിങ്ങൾ ദു:ഖിക്കരുത്; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലൊ."
നെഹമ്യാവ് 8 : 10

ഏവരും ആഗ്രഹിക്കുന്ന ഒന്നാണ് സന്തോഷം. സുഖവും സന്തോഷവുമായി ജീവിക്കുക എന്നതാണ് ഓരോ മനുഷ്യന്റെയും ജീവിതലക്ഷ്യം. സന്തോഷത്തിന് വിഘ്നം വരുത്തുന്ന അനേകം കാര്യങ്ങൾ ജീവിതത്തിൽ വരുന്നതിനെ

മാറ്റി ജീവിക്കാൻ ശ്രമിക്കുന്നതാണ് മനുഷ്യന്റെ അദ്ധ്വാനം.

സന്തോഷം ലഭിക്കാൻവേണ്ടി മനുഷ്യൻ പല രീതിയിൽ പാടുപെടുന്നുണ്ട്. ദു:ഖമെല്ലാമൊന്നു മറക്കാനും സന്തോഷം ലഭിക്കാനും കഴിയും എന്ന വ്യാമോഹത്തോടെയാണ് മനുഷ്യർ മദ്യപാനം ചെയ്യുന്നത്. മദ്യത്തിന്റെ ലഹരി ഇറങ്ങുമ്പോൾ സന്തോഷമാകെ മാഞ്ഞുപോകുന്നു എന്നു മാത്രമല്ല, ഇരട്ടി ദു:ഖം ഹൃദയത്തിൽ നിറയുകയാണ്.

കഞ്ചാവ്, മയക്കു മരുന്ന് എന്നിവ ഉപയോഗിക്കുന്ന മനുഷ്യൻ അവയിൽ ഒരു സന്തോഷം കണ്ടെത്താമെന്ന് കരുതുകയാണ്. എന്നാൽ അവിടെയും നിതാന്തശാന്തി ലഭിക്കാതെ മനുഷ്യൻ അഴലുകയാണ്.

വെറിക്കൂത്തിലും അശുദ്ധമായ കൂട്ടുകെട്ടിലും ജഡികോല്ലാസങ്ങളിലും സന്തോഷം തേടുന്ന ആളുകൾ ഏറെയാണ്. ലൈംഗിക മോഹങ്ങളുടെ കുത്തൊഴുക്കിൽപെട്ട് സന്തോഷത്തിനുവേണ്ടി പരക്കം പായുന്ന ആളുകൾ ഉണ്ട്. നിമിഷനേരത്തെ സുഖത്തിനുശേഷം എന്ത് നരകതുല്യമായ യാതനയും വേദനയുമാണ് അവർ നേരിടേണ്ടിവരുന്നത് !

കുറെയേറെ പണം കിട്ടിയാൽ സന്തോഷമാകും എന്ന് ധരിച്ച് പണം സമ്പാദിക്കാൻ ബദ്ധപ്പെടുന്ന എത്രയോ ആളുകളുണ്ട്. മോഷണം, കവർച്ച, വ്യവഹാരങ്ങൾ എന്നിങ്ങനെ എത്രയെത്ര മഹാപാപങ്ങൾക്ക് ഇമ്മാതിരി ചിന്താഗതികൾ വഴിവെക്കുന്നു !

എന്നാൽ സാക്ഷാത്തായ സന്തോഷം എവിടെ കിട്ടും? കർത്താവായ യേശുക്രിസ്തുവിന്റെ പാവന പാദത്തിൽ സമ്പൂർണ്ണ സന്തോഷം നമുക്ക് ലഭിക്കും. ജഡിക ഇമ്പങ്ങൾക്കോ, ഭൗതിക സമ്പത്തിനോ ലൗകികപ്രതാപത്തിനോ

തരാൻ കഴിയാത്ത അഭൗമ സന്തോഷം ക്രിസ്തു നമുക്ക് തരും.

“സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു,” എന്ന് പൗലോസ് അപ്പോസ്തലൻ എഴുതുന്നത് റോമൻ ജയിലിൽ കിടക്കുമ്പോഴാണ്. കാരാഗൃഹത്തിലെ ദുരിതവും യാതനയും പീഡയുമേറ്റ് വലയുന്ന സന്ദർഭത്തി ലാണ് പൗലോസ് ഇപ്രകാരം പറയുന്നത്. ക്രിസ്തുവിന്റെ സന്നിധാനത്തിൽ സന്തോഷമനുഭവിക്കാൻ കഴിഞ്ഞതുകൊ ണ്ടാണ് ഫിലിപ്യസഭയ്ക്ക് അപ്പോസ്തലൻ ഇപ്രകാരം എഴു തുന്നത്.

എന്തിലെല്ലാമാണ് നമുക്ക് സന്തോഷിക്കാൻ കഴിയുന്നത്?

ഒന്നാമതായി, ദൈവം തരുന്ന രക്ഷയിൽ നമുക്ക് സന്തോ ഷിക്കാം.

യെശയ്യാ 25:9ൽ പറയുന്നു :

> “ഇതാ, നമ്മുടെ ദൈവം, അവനെയത്രേ നാം കാത്തിരുന്നത്; അവൻ നമ്മെ രക്ഷിക്കും; അവൻ തന്നേ യഹോവ; അവനെയത്രേ നാം കാത്തിരു ന്നത്; അവന്റെ രക്ഷയിൽ നമുക്ക് ആനന്ദിച്ച് സന്തോഷിക്കാം.”

സെഫന്യാവ് 3 : 14–15ൽ കാണുന്നു :

> “സീയോൻപുത്രിയേ, ഘോഷിച്ചാനന്ദിക്ക, യിസ്രായേലേ, ആർപ്പിടുക; യരുശലേം പുത്രി യേ, പൂർണ്ണ ഹൃദയത്തോടെ സന്തോഷിച്ചുല്ലസി ക്ക. യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു;

യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു. ഇനി നീ അനർത്ഥം കാണുകയില്ല.”

1 ശമുവേൽ 2 : 1 ൽ വായിക്കുന്നു :

“എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു, എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു; എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമാകുന്നു; നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു.”

മനുഷ്യന് നേടാവുന്ന ഏറ്റവും വലിയ നേട്ടം ആത്മരക്ഷയാണ്. ആത്മാവിന്റെ വീണ്ടെടുപ്പും തൻമൂലം ലഭിക്കുന്ന നിത്യജീവനും നേടിയില്ലെങ്കിൽ ജീവിതം കനത്ത നഷ്ടമായിപ്പോകും, തീരാനഷ്ടം സംഭവിക്കും.

അതുകൊണ്ടാണ് കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തത് :

“ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്ന് എന്ത് പ്രയോജനം?” മത്തായി 16 : 26

("What profit is there if you gain the whole world and lose enternal life?" Mathew 16 :26)

"And how does a man benefit if he gains the whole world and loses his soul in the process?"
മർക്കോസ് 8 : 36

ഈ ലോകം മായയാണ്. ഇവിടെ കാണുന്നതെല്ലാം താല്ക്കാലികമാണ്. എല്ലാം നശ്വരം. നിലനില്ക്കുന്നത് ക്രിസ്തുവും

ക്രിസ്തുവിന്റെ രാജ്യവും. ദൈവരാജ്യത്തിന്റെ അവകാശം നേടുന്നതാണ് നിലനില്ക്കുന്ന മഹാഭാഗ്യം.

നിത്യത ഒരു യാഥാർത്ഥ്യമാണ്. നിത്യത ഒന്നുകിൽ നിത്യ ജീവൻ. അല്ലെങ്കിൽ നിത്യമരണം. ഒന്നുകിൽ നിത്യ സ്വർഗ്ഗ ഭാഗ്യം. അല്ലെങ്കിൽ നിത്യ നരക യാതന. ഈ ഭൂമിയിലെ ജീവിതകാലമാണ് നിത്യത സ്വർഗ്ഗമോ നരകമോ എന്ന് തീരു മാനിക്കുന്നത്.

നിത്യസ്വർഗ്ഗത്തിലേയ്ക്ക് മനുഷ്യൻ എത്തിച്ചേരരുത് എന്ന ദുരുദ്ദേശത്തോടെ മനുഷ്യനെ കുരുക്കുന്ന ശത്രുവാണ് പിശാ ച്. മനുഷ്യനെ പാപത്തിന്റെ ബന്ധനത്തിൽ കുരുക്കി നിത്യ നരകവിധിക്കു തള്ളുക എന്നതാണ് സാത്താന്റെ പരിപാടി.

സെഫന്യാവ് പറഞ്ഞത് : യഹോവ നിന്റെ ന്യായവിധി കളെ മാറ്റി നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു എന്നാണ്. പിശാചിനെ മാറ്റുവാനാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്.

> "മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണ ഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും ക്രിസ്തു വിടുവിച്ചു," എബ്രായർ 2 : 14 – 15

മനുഷ്യനെ രാപ്പകൽ കുറ്റം ചുമത്തിക്കൊണ്ടിരുന്ന അപ വാദിയായ പിശാചിനെ ക്രിസ്തു ക്രൂശിന്മേൽ വെച്ച് തോല്പി ച്ചു.

കൊലോസ്യർ 2:14–15ൽ പറയുന്നത് ശ്രദ്ധിക്കുക :

"അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത്

[redacted]

മായിച്ച് ക്രൂശിൽ തറെച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."

Living Bible - ൽ തിരുവചനഭാഗം കുറേക്കൂടി സുഗ്രഹമാണ് :

> "He gave you a share in the very life of Christ, for He forgave all your sins, and blotted out the charges proved against you, the list of His commandments which you had not obeyed. He took this list of sins and destroyed it by nailing it to Christís cross. In this way God took away Satanís power to accuse you of sin, and God openly displayed to the whole world Christís triumph at the cross where your sins were all taken away."

അങ്ങനെ ക്രിസ്തു നമ്മുടെ പാപം വഹിക്കുകയും ക്ഷമിക്കുകയും ചെയ്ത് നമുക്ക് ആത്മരക്ഷ നൽകി. മനുഷ്യന് ഒരിക്കലും എത്തിച്ചേരാൻ സാദ്ധ്യമല്ലാത്ത നിത്യജീവനിൽ ക്രിസ്തു തന്റെ മരണം മൂലം അവനെ എത്തിച്ചേരുമാറാക്കി. അതുകൊണ്ടാണ് ക്രിസ്തു തന്ന രക്ഷയിൽ നാം സന്തോഷിക്കുന്നത്.

റഷ്യയിലെ ഒരു പ്രസിദ്ധമായ കഥയുണ്ട്. നാട്ടിലെ ഒരു രാജാവ് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. നാട്ടിൽ അഴിമതിയും കൈക്കൂലിയും പാടില്ല. അങ്ങനെ ഒരു തിന്മ നാട്ടിൽ ആരിലെങ്കിലും കണ്ടാൽ അയാളെ നൂറ് അടി പരസ്യമായി അടിക്കുന്നതായിരിക്കും.

ഒരാൾക്ക് ഒരു പ്രത്യേക കാര്യം സാധിക്കണം. അവിഹിതമായ കാര്യം സാധിപ്പിച്ചു കൊടുക്കുവാനും കൈക്കൂലി

വാങ്ങുവാനും ഉദ്യോഗസ്ഥർ തയ്യാറായില്ല. അയാൾ രാജാവിന്റെ അമ്മയെ സമീപിച്ചു. രാജമാതാവിനെ അയാൾ പ്രലോഭിപ്പിച്ചു. വൻ തുക കൈക്കൂലി വാങ്ങി രാജ്ഞി അയാൾക്ക് കാര്യം സാധിപ്പിച്ചു കൊടുത്തു.

താമസിയാതെ കാര്യം നാട്ടിൽ പാട്ടായി. രാജാവ് അറിഞ്ഞു. രാജാവ് വിധിച്ചു; അമ്മ നൂറ് അടി കൊള്ളണം. രാജമാതാവിനെ പരസ്യമായി അടിക്കാൻ നിശ്ചയിച്ച സ്ഥലത്ത് ജനമെല്ലാം വന്നുകൂടി. എല്ലാവരും ഉത്ക്കണ്ഠാകുലരായി നോക്കി നില്ക്കുകയാണ്.

അപ്പോഴിതാ രാജാവുതന്നെ ശിക്ഷാരംഗത്തേക്ക് ഇറങ്ങിവന്നു. അമ്മ ഏൽക്കേണ്ട അടിയെല്ലാം രാജാവ് ഏറ്റു. അമ്മയെ ശിക്ഷയിൽനിന്ന് ഒഴിവാക്കി.

മനുഷ്യന്റെ ശിക്ഷ ഒഴിവാക്കി അവനെ ക്രിസ്തു രക്ഷിച്ചതിന്റെ വളരെ മങ്ങിയ ഒരു ഉദാഹരണമാണിത്.

നിത്യശിക്ഷ ഒഴിവാക്കി നിത്യരക്ഷ നമുക്ക് നൽകിയതിനെപ്പറ്റി എബ്രായ ലേഖന കർത്താവ് പറയുന്നു :

> "ദൂതൻമാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെം ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് സാക്ഷി നിന്നതും കേട്ടവർ നുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"
>
> എബ്രായർ 2 : 2 - 4

[redacted]



ഈ ആത്മാവിന്റെ രക്ഷ അനുഭവിച്ചു കഴിഞ്ഞാൽ നമുക്ക് നമ്മുടെ ഭൗതീകമായ പ്രശ്നങ്ങളും ഭാരങ്ങളും ആകുലങ്ങളും പേറി നമ്മുടെ അരുമരക്ഷകനായ ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ ചെല്ലാം.

അപ്പോൾ ക്രിസ്തു നമ്മുടെ ഭാരങ്ങൾ മാറ്റിത്തരും. ആകുലങ്ങൾ അകറ്റിത്തരും, വേദനകൾ ഒപ്പിത്തരും, ശാന്തിയും സമാധാനവും ഹൃദയത്തിലൊഴുക്കിത്തരും.

അതാണ് ക്രിസ്തു പറഞ്ഞത് :

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."
>
> മത്തായി 11 : 28

കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി എത്രയോ ആളുകളാണ് ക്രിസ്തുവിന്റെ സന്നിധാനമണഞ്ഞ് ഈ അവാച്യാനന്ദം അനുഭവിക്കുന്നത്! എത്രയെത്ര തകർന്ന ജീവിതങ്ങളെയാണ് ക്രിസ്തു രൂപാന്തരപ്പെടുത്തി ആശ്വസിപ്പിക്കുന്നത്! കരകാണാക്കടലിലെ നീർക്കയങ്ങളിൽ ഉഴന്നു വലഞ്ഞു തളർന്ന എത്രയെത്ര ജീവിതങ്ങളെയാണ് ക്രിസ്തു ശാന്തിതീരമണയുമാറാക്കിയത്!

നിത്യരക്ഷ നൽകികൊണ്ട് അനേകർക്ക് രോഗസൗഖ്യം നൽകി. അനേകരിൽ നിന്ന് ഭൂതങ്ങളെ ആട്ടിപ്പായിച്ചു. സുബോധമില്ലാത്തവർക്ക് സുബോധം നൽകി. മരിച്ചവരെ ഉയിർപ്പിച്ചു. അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും അനേകർക്ക് പരിശുദ്ധാത്മാവിനെ നൽകി.

മാന്യസ്നേഹിതാ, യേശുക്രിസ്തു ഇന്നും ജീവിക്കുന്നു. നിന്റെ ഹൃദയം ക്രിസ്തു തരുന്ന രക്ഷയിൽ സന്തോഷിക്ക

ട്ടെ. നിത്യശിക്ഷ ഒഴിവായിക്കിട്ടിയല്ലോ എന്നോർത്ത് രക്ഷ നൽകിയ ക്രിസ്തുവിനോടുള്ള നന്ദികൊണ്ടും സ്നേഹം കൊണ്ടും നമ്മുടെ ഹൃദയം നിറയട്ടെ.

ഫ്രാൻസിൽ ദാരിദ്ര്യവ്രതം അനുഷ്ഠിച്ച ഒരു വിശുദ്ധനുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം ക്ഷീണിതനായി വഴിയോരത്ത് വീണു കിടന്നു. ആരോ അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചു.

വളരെ ക്ഷീണിച്ചു കിടക്കുന്ന ആ വിശുദ്ധന്റെ അരികത്തു നിന്നുകൊണ്ട് ഡോക്ടർമാർ ലത്തീൻ ഭാഷയിൽ പറഞ്ഞു : "ഈ മനുഷ്യന്റെ ശരീരത്തിൽ നമുക്ക് ചില പരീക്ഷണങ്ങൾ നടത്താം."

ഇദ്ദേഹം ഒരു വിശുദ്ധനാണെന്നോ പണ്ഡിതനാണെന്നോ ഡോക്ടർമാർ അറിഞ്ഞില്ല. ഇദ്ദേഹത്തിന് ലത്തീൻ ഭാഷ അറിയാമെന്നും അവരറിഞ്ഞില്ല.

അദ്ദേഹം പറഞ്ഞു : "ക്രിസ്തു എനിക്കുവേണ്ടി മരിപ്പാൻ തക്കവണ്ണം ക്രിസ്തു എന്നെ വിലയുള്ളവനായി കണ്ടു. നിങ്ങൾ എന്നെ നിസ്സാരനെന്ന് ഗണിക്കുന്നുവോ?'' ഡോക്ടർമാർ ലജ്ജിച്ചുപോയി.

അതേ, മാന്യസ്നേഹിതാ, പ്രിയ സഹോദരീ, ക്രിസ്തു തരുന്ന രക്ഷയിൽ സന്തോഷിക്കുന്ന ഒരു പുതിയ ജീവിതാനുഭവം നീ ഇന്ന് നേടുമോ? ഈ വിലപ്പെട്ട ജീവിതം നിത്യജീവന്റെ സന്തോഷം കൊണ്ട് സമൃദ്ധമാകുവാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ, ക്രൂശിലെ നിത്യസ്നേഹത്തിന്റെ മുന്നിൽ ഇപ്പോൾ ജീവിതം സമർപ്പിക്കുക, ക്രിസ്തുവിനോട് പറയുക : നാഥാ, രക്ഷയെന്തെന്നറിയാതെ ഞാൻ അനേകമനേകം നാളുകൾ നഷ്ടപ്പെടുത്തിപ്പോയി. രക്ഷയുടെ

സന്തോഷം എനിക്കു നൽകണമെ. ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന് ഇപ്പോൾ, ഇതാ, തീരുമാനിക്കുന്നു. നാഥാ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ.

[redacted]

# മൂന്ന്

"എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ." ഫിലിപ്പ്യർ 3 : 1

"അങ്ങനെതന്നേ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിപ്പിൻ."
ഫിലിപ്പ്യർ 2 : 18

"നിങ്ങൾ ദു:ഖിക്കരുത്; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലൊ."
നെഹമ്യാവ് 8 : 10

എന്തിലെല്ലാം സന്തോഷിക്കണം?

ഒന്ന് : ക്രിസ്തു തരുന്ന രക്ഷയിൽ സന്തോഷിക്കാം. അതിനെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചല്ലൊ.

രണ്ട് : ക്രിസ്തുവിന്റെ പാദസേവയിൽ നമുക്ക് സന്തോഷിക്കാം.

1

“ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.” സങ്കീ. 2 : 11

“നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതു വിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നത്. ഇതിൽ ഞാൻ സന്തോഷിക്കുന്നു; ഇനിയും സന്തോഷിക്കും.” ഫിലിപ്യർ 1 : 18

ക്രിസ്തുവിന്റെ വേലയിൽ സന്തോഷിക്കുന്നു. ക്രിസ്തുവിന്റെ വേല ചെയ്യാൻ എനിക്ക് ഭാഗ്യപദവി ലഭിച്ചല്ലോ എന്ന നന്ദി ഉള്ളിൽ നിറയുമ്പോഴാണ് വേലയിൽ സന്തോഷിക്കാൻ കഴിയുന്നത്.

സുവിശേഷ വേലയുടെ ആവശ്യകതയെക്കുറിച്ച് പൗലോസ് അപ്പോസ്തലന് വ്യക്തമായ ബോദ്ധ്യമുണ്ടായിരുന്നു. സ്വന്തം കാഴ്ചപ്പാടിനെക്കുറിച്ച് പൗലോസ് പറയുന്നത് വളരെ ശ്രദ്ധേയമാണ്.

“ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ആദ്യം ദമസ്കോസിലും യരുശലേമിലും യഹൂദ്യ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരത്തിന് യോഗ്യമായ പ്രവത്തികൾ ചെയ്യേണം എന്ന് പ്രസംഗിച്ചു.” അപ്പോ. പ്രവൃത്തി 26 : 19 –20

ആത്മാക്കളെക്കുറിച്ച് അഗാധമായ ദു:ഖവും ഭാരവും അപ്പോസ്തലനുണ്ടായിരുന്നു.

റോമർ 9 : 2ൽ അദ്ദേഹം പറയുന്നുണ്ട് :

“എനിക്ക് വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ

[redacted]

17

നോവും ഉണ്ട് എന്ന് എന്റെ മനസ്സാക്ഷി എനിക്ക് പരിശു ദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു."

ദൈവവേലയ്ക്കുവേണ്ടിയുള്ള ആഹ്വാനമാണ് റോമർ 10 : 13-15ൽ അപ്പോസ്തലൻ നൽകുന്നത് :

"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസി ക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും ? അവർ കേട്ടി ട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്ന വൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും?"

"നൻമ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോ ഹരം" , എന്ന് യെശയ്യാവ് 52 : 7ൽ പറയുന്നത് പൗലോ സ്ശ്ലീഹാ റോമർ 10 : 15ൽ ഉദ്ധരിക്കുന്നുണ്ട്.

> "സമാധാനത്തെ ഘോഷിച്ച് നൻമയെ സുവി ശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട് : നിന്റെ ദൈവം വാഴുന്നു എന്നു പറകയും ചെയ്യുന്ന സുവാർത്താ ദൂതന്റെ കാൽ പർവ്വതങ്ങളിൻമേൽ എത്ര മനോഹരം !"
>
> യെശയ്യാ 52 : 7

> "ഇതാ, പർവ്വതങ്ങളിൻമേൽ സുവാർത്താദൂത നായി സമാധാനം ഘോഷിക്കുന്നവന്റെ കാൽ" , എന്ന് നഹൂം പ്രവാചകൻ ദൈവവേല ചെയ്യുന്ന വരെ ആദരവോടെ അഭിനന്ദിക്കുന്നു."
>
> നഹൂം 1 : 15

ക്രിസ്തുവിന്റെ ഒടുവിലത്തെ കല്പന തന്റെ ശിഷ്യൻമാർ ദൈവവേല ചെയ്യുന്നവരായി തീരണം എന്നതായിരുന്നു.

“നിങ്ങൾ ഭൂലോകത്തിന്റെ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.” മർക്കോസ് 16 : 15

“നിങ്ങൾ പുറപ്പെട്ട്........ ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.” മത്തായി 28 : 20

“....ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകുവിൻ.”
അപ്പോസ്തലപ്രവൃത്തികൾ 1 : 8

ദൈവവേലയിൽ സന്തോഷിച്ചിരുന്നതുകൊണ്ടാണ് അപ്പോസ്തലനായ പത്രോസ് തലകീഴായി ക്രൂശിക്കപ്പെടുന്നതിൽ അഭിമാനം കൊണ്ടത്.

അതുകൊണ്ടുതന്നെയാണ് സെ. പോൾ ശിരച്ഛേദം ചെയ്യപ്പെടുന്നതിനുമുമ്പ് എഴുതിയത് :

“എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർപൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും; എനിക്ക് മാത്രമല്ല; അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ.”
2 തീമോഥെയോസ് 4: 6 – 8

ദൈവവേലയിലുള്ള സന്തോഷം നിറഞ്ഞാണ് അപ്പോസ്തലൻ പറയുന്നത് :

18

“സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യഹൂദന്നും പിന്നെ യവനന്നും അത് രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലൊ.” റോമർ 1 : 16

“നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ, കഷ്ടം! ഞാൻ അത് മന:പൂർവ്വം നടത്തുന്നു എങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്. മന:പൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു.” 1 കൊരിന്ത്യർ 9 : 16 – 17

“ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു.” 2 കൊരിന്ത്യർ 5 : 14

ഈ ഉന്നതമായ വിളിയും കാഴ്ചപ്പാടും ഉണ്ടായിരുന്നതുകൊണ്ടാണ് ഒന്നാം നൂറ്റാണ്ടിൽ ഏഷ്യയെയും യൂറോപ്പിനെയും സുവിശേഷത്തിന്റെ മാസ്മരശക്തികൊണ്ട് ഇളക്കിമറിക്കുവാനും ലോകസംസ്കാരത്തിന്റെ ഗതി തിരിച്ചുവിടുവാനും അപ്പോസ്തലന് കഴിഞ്ഞത്.

ഈ ദൈവവേലയുടെ സന്തോഷവും മഹത്വവും വിശ്വസിച്ച പൂർവ്വിക പുണ്യപിതാക്കൾ പാടിയ ഒരു പ്രസിദ്ധ എബ്രായഗാനത്തിന്റെ അർത്ഥമൊന്നു കേൾക്കൂ :

“യജമാനനായ യേശുക്രിസ്തു വീണ്ടും വരും. അന്ന് ഉണർന്ന് ക്രിസ്തുവിന്റെ വേലയിൽ അത്യുത്സാഹത്തോടെ നിരതരായിരിക്കുന്നവർ മാത്രമാണ് ധന്യൻമാർ. പകലന്തിയോളം തന്റെ കൂടെ തന്റെ വേലയിൽ ചേർന്നു നിന്നവരായ തന്റെ ദാസൻമാരെ കർത്താവായ യേശുക്രിസ്തു അരകെട്ടി ശുശ്രൂഷിക്കും. പിതാവായ ദൈവം അവരെ തന്റെ തിരുമേ

[redacted]

ശയിൽ ആനയിച്ചിരുത്തും. പുത്രനാം ദൈവം അവരെ ശുശ്രൂഷിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് കിരീടം മെടഞ്ഞ് അവരുടെ ശിരസ്സിൽ അണിയിക്കും. ഹാല്ലേലൂയ്യാ."

ഒന്ന് : രക്ഷയിൽ സന്തോഷിക്കുന്നു.

രണ്ട് : ദൈവവേലയിൽ സന്തോഷിക്കുന്നു.

മൂന്ന് : സമർപ്പണത്തിൽ സന്തോഷിക്കുന്നു.

> "എന്റെ ഉള്ള കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലൊ; ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും. ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു." ലൂക്കോസ് 1 : 46 – 49

കന്യകമറിയം തന്റെ സമർപ്പണത്തിൽ സന്തോഷിക്കുകയാണ്. ഗബ്രിയേൽ മാലാഖയുടെ അറിയിപ്പ് കേട്ട് ആദ്യം ഒന്നു ഞെട്ടിയതാണ്. ഒന്നും മനസ്സിലായില്ലെങ്കിലും ദൈവവചനത്തിന്റെ മുമ്പിൽ തന്നത്താൻ സമർപ്പിച്ചു :

> "ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ."
>
> ലൂക്കോസ്. 2 : 38

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ആ ഒരു സമർപ്പണം പറഞ്ഞത് നഷ്ടമല്ല; മഹാഭാഗ്യമായി. നാട്ടിൽ ആക്ഷേപം ഉയർന്നതും സാരമില്ല. നാട്ടുകാർ ഒറ്റപ്പെടുത്തിയതും കാര്യമാക്കാനില്ല. നാട്ടിലെ പരിഹാസമേറ്റ് വാടി ഈ മലനാട്ടിലേക്ക് ഓടിപ്പോന്നതും നന്നായി. സാധുവായ, ദരിദ്രയായ,

നിന്ദിതയായ എന്നെ എലീശബത്ത് ആദരിക്കുന്നു :

“സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത് : എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്നുണ്ടായി?” ഈ വന്ദനസ്വരം മറിയാമിന്റെ ഉള്ളത്തെ കുളുർപ്പിച്ചു. പരിഹാസം കേട്ട് വശംകെട്ട ദൈവപൈതലിന് ആശ്വാസത്തിന്റെയും അനുമോദനത്തിന്റെയും വാക്കുകൾ.

‘‘കർത്താവ് തന്നോട് അരുളിച്ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചവർ ഭാഗ്യവതി” , എന്നത്രേ എലീശബത്ത് പറഞ്ഞത്. ദൈവവചനം കേട്ടപ്പോൾ വചനം കൈക്കൊണ്ടു; വചനം വിശ്വസിച്ചു. തന്നെത്തന്നെ സമർപ്പിച്ചു. ആ സമർപ്പണത്തിൽ ഇപ്പോൾ സന്തോഷിച്ചുല്ലസിക്കുകയാണ്.

മാന്യ സ്നേഹിതാ, താങ്കൾ ജീവിതം ക്രിസ്തുവിന്റെ പാദത്തിൽ സമർപ്പിച്ചിട്ടുണ്ടോ? ഭവിഷ്യത്തെന്തെന്ന് ചിന്തിക്കാതെ സർവ്വവല്ലഭന്റെ ആണിപ്പാടുള്ള പാദത്തിലേക്ക് താങ്കളെത്തന്നെ ഇപ്പോൾ സമർപ്പിക്കുമോ?

വിദ്വാൻമാർ പൊന്നും മൂരും കുന്തിരിക്കവും സമർപ്പിച്ചു. അവർക്ക് നിക്ഷേപ പാത്രങ്ങളുണ്ടായിരുന്നു. അവർ പണ്ഡിതൻമാരായിരുന്നു. ഈ കാലിക്കൂട്ടിൽ കിടക്കുന്ന ശിശു രാജാവാണെന്നറിയാനുള്ള പരിജ്ഞാനം അവർക്കുണ്ടായിരുന്നു. അതുകൊണ്ട് അവർ പൊന്ന് കാഴ്ച വെച്ചു. ഈ ശിശു പുരോഹിതനാണെന്ന് അവരറിഞ്ഞു. അതുകൊണ്ട് കുന്തിരിക്കവും കാഴ്ചവെച്ചു.

പാവപ്പെട്ട ആട്ടിടയൻമാരോ? അവർ ദരിദ്രരായിരുന്നു. അവർ പാമരൻമാരായിരുന്നു. നിരക്ഷരകുക്ഷികളായിരുന്നു.

[redacted]



അവർക്ക് പഠിപ്പില്ല; പരിജ്ഞാനമില്ല; അറിവില്ല; കഴിവില്ല, പണമില്ല, പാരമ്പര്യമില്ല.

പക്ഷേ ഒന്നവർക്കറിയാമായിരുന്നു : ഏറ്റവും വിലപ്പെട്ടത് സമർപ്പിക്കേണ്ടവനാണ് ഈ കാലിത്തൊഴുത്തിൽ കിടക്കുന്നത്. അവർ ദേഹം, ദേഹി, ആത്മാവ് – സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് യേശുവിനെ വീണു വണങ്ങി.

വിധവ രണ്ട് ചില്ലിക്കാശ് സമർപ്പിച്ചു. ക്രിസ്തു അതിനെ മാനിച്ചു; അഭിനന്ദിച്ചു. അവൾ എന്തുകൊടുത്തു എന്നതല്ല, അവൾ എന്തു ബാക്കി വെച്ചു എന്നാണ് ക്രിസ്തു നോക്കുന്നത്.

> "എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നല്ലോ വഴിപാട് ഇട്ടത്; ഇവളോ തന്റെ ഇല്ലായ്മയിൽനിന്ന് തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടിരിക്കുന്നു." ലൂക്കോസ് 21 : 4

ബേത്സയിദയിലെ ബാലൻ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് അഞ്ചപ്പവും രണ്ടു മീനും ഏല്പിച്ചു. അവന്റെ ആഹാരമായിരുന്നു അത്. അവന് ഭക്ഷിക്കാൻ അവന്റെ അമ്മ കൊടുത്തു വിട്ടതായിരുന്നു അത്. അവനത് ക്രിസ്തുവിന്റെ കൈകളിലേക്ക് കൊടുത്തു. കർത്താവ് അത് തന്റെ കരത്തിലേന്തി, അതിനെ വാഴ്ത്തി, നുറുക്കി. ശിഷ്യൻമാർ അത് പന്ത്രണ്ടു കുട്ടയിലാക്കി വിളമ്പുവാൻ തുടങ്ങി. അയ്യായിരത്തിലേറെ ആളുകളുടെ വിശപ്പ് മാറി.

അന്ന് വൈകുന്നേരം ആ ബാലന്റെ വീട്ടിലേക്ക് ശിഷ്യൻമാർ പന്ത്രണ്ടു പേരും ഓരോ കുട്ട ചുമന്നുകൊണ്ടു ചെന്നു. കുട്ട നിറയെ അപ്പക്കഷണങ്ങൾ. ശിഷ്യൻമാരുടെ പിന്നിൽ യേശുക്രിസ്തു ഉണ്ട്. ക്രിസ്തു ആ ബാലന്റെ മാതാ

പിതാക്കളോട് പറഞ്ഞു :

ഈ കുട്ടകളിലെ അപ്പത്തിനൊക്കെയും അവകാശി നിങ്ങ ളാണ്. നിങ്ങളുടെ മകൻ അവനുള്ളത് എനിക്കു തന്നു. ഞാനത് വർദ്ധിപ്പിച്ചു. അനേകർ വിശപ്പടക്കി. നിങ്ങളുടെ ഈ മകൻ മുഖാന്തിരം നിങ്ങൾ – മാതാപിതാക്കൾ – അനുഗ്ര ഹിക്കപ്പെട്ടു. ഈ ബേത്സയിദാ ദേശം അനുഗ്രഹിക്കപ്പെട്ടു.

ഇതൊരു ഭാവനയാണ്. എന്നാൽ ഒന്നോർത്തു നോക്കൂ. ക്രിസ്തുവിന് കൊടുത്തതുകൊണ്ട് ആർക്കെങ്കിലും കുറഞ്ഞി ട്ടുണ്ടോ?

ക്രിസ്തു ആർക്കെങ്കിലും കടക്കാരനായിരിക്കുമോ?

മകനേ, പ്രിയ മകളേ, നിനക്ക് സമർപ്പണത്തിൽ സന്തോഷം ഉണ്ടോ? ക്രിസ്തുവിനുവേണ്ടി ഹൃദയം സമർപ്പിച്ചുവോ?

തിരുവചനം വ്യക്തമായി ഒരു ചോദ്യം നിങ്ങളോട് ചോദി ക്കുകയാണ് :

> "എന്നാൽ ഇന്ന് യോഹവയ്ക്ക് കരപൂരണം ചെയ്‌വാൻ മനഃപൂർവ്വം അർപ്പിക്കുന്നവൻ ആര്?"
>
> 1 ദിനവൃത്താന്തം 29 : 5

> "അങ്ങനെ ജനം മനഃപൂർവ്വമായി കൊടുത്തതു കൊണ്ട് അവർ സന്തോഷിച്ചു; ഏകാഗ്ര ഹൃദയ ത്തോടെ, മനഃപൂർവ്വമായിട്ടായിരുന്നു അവർ യഹോവയ്ക്കു കൊടുത്തത്. ദാവീദ് രാജാവും അത്യന്തം സന്തോഷിച്ചു."
>
> 1 ദിനവൃത്താന്തം 29 : 9

> "യഹോവയ്ക്ക് നിങ്ങളെത്തന്നെ ഏല്പിച്ചു കൊൾവിൻ." 2 ദിനവൃത്താന്തം 30 : 8

"മകനേ, നിന്റെ ഹൃദയം എനിക്ക് തരിക."
സദൃശവാക്യങ്ങൾ 23 : 26

"നിങ്ങൾക്കുള്ളതിനെല്ല, നിങ്ങളെത്തന്നെ ഞാൻ അന്വേഷിക്കുന്നു." 2 കൊരി. 12 : 14

ബഹുമാന്യ സ്നേഹിതാ, പ്രിയ സഹോദരി, ക്രിസ്തു ഇതാ, നിന്റെ അരികത്ത് കരം നീട്ടി നിൽക്കുന്നു. അവന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്നെത്തന്നെ സമ്പൂർണ്ണ കാഴ്ചയായി സമർപ്പിക്കുവിൻ. ഹൃദയം തുറന്ന് അവനോടു പറയുവിൻ : നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം :

സ്നേഹവാനായ ദൈവമേ, അവിടന്ന് ഇന്ന് തന്ന ദിവ്യദൂതുകൾക്കായി സ്തോത്രം. രക്ഷയിൽ സന്തോഷിക്കാൻ, സമർപ്പണത്തിൽ സന്തോഷിക്കാൻ എനിക്കു തന്ന ആഹ്വാനത്തിനായി സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

## നാല്

“എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ.” ഫിലിപ്യർ 3 : 1

“അങ്ങനെതന്നേ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിപ്പിൻ.”
ഫിലിപ്യർ 2 : 18

“കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.” ഫിലിപ്യർ 4 : 4

“നിങ്ങൾ ദു:ഖിക്കരുത്; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലൊ.”
നെഹമ്യാവ് 8 : 10

എന്തിലെല്ലാം സന്തോഷിക്കണം?

ഒന്ന്, രക്ഷയിൽ സന്തോഷിക്കുന്നു.

രണ്ട്, ദൈവവേലയിൽ സന്തോഷിക്കുന്നു.

മൂന്ന്, സമർപ്പണത്തിൽ സന്തോഷിക്കുന്നു.

നാല്, കഷ്ടതയിൽ സന്തോഷിക്കുന്നു.

> "അത്തിവൃക്ഷം തളിർക്കുകയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചു പോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും."
>
> ഹബക്കൂക്ക് 3 : 17 – 18

ബി.സി. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രവാചകനാണ് ഹബക്കൂക്ക്. സംശയത്തിൽനിന്ന് വിശ്വാസത്തിലേക്കുള്ള മുന്നേറ്റമാണ് ഹബക്കൂക്കിന്റെ പ്രവചനത്തിന്റെ കാതൽ. എന്തുകൊണ്ടാണ് ദൈവജനത്തിന് അടിയ്ക്കടി കഷ്ടതയും ദുരിതവും യാതനയും വേദനയും വരുന്നത് എന്ന ഗൗരവമേറിയ ചോദ്യത്തിന് "നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും," എന്ന വ്യക്തമായ മറുപടിയിൽ പ്രവാചകൻ എത്തിച്ചേരുന്നതാണ് ഈ ഗ്രന്ഥത്തിന്റെ ആകത്തുക.

ആവലാതി പൂണ്ട് ദൈവത്തിന്റെ സന്നിധിയിൽനിന്ന് ഒരു മറുപടി ലഭിക്കേണ്ടതിന് പ്രവാചകൻ ആലയത്തിൽ ഇരിക്കുകയായിരുന്നു. അതിന് ദൈവം നൽകിയ ഉറപ്പ് പ്രവാചകനെ ധൈര്യപ്പെടുത്തി :

> "ദർശനത്തിന് ഒരവധി വെച്ചിരിക്കുന്നു; അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റു

കയുമില്ല; അത് വൈകിയാലും അതിന്നായി കാത്തിരിക്ക; അത് വരും നിശ്ചയം, താമസിക്ക യുമില്ല.” ഹബ. 2 : 3

ഉപജീവനത്തിന് ക്ലേശിച്ച് അദ്ധ്വാനിക്കുന്ന ഒരാളായി രുന്നു ഹബക്കൂക്ക്. അത്തികൃഷി ചെയ്യാം; അത്തിപ്പഴം വിറ്റ് ജീവിക്കാമല്ലൊ എന്നു കരുതി. പക്ഷേ അത്തിവൃക്ഷം തളിർക്കുന്നു പോലുമില്ല.

എന്നാൽ കുറെ മുന്തിരിവള്ളി കൃഷി ചെയ്യാം. നല്ലതു പോലെ തഴച്ചു വളർന്നു. മുന്തിരിവള്ളി പടർന്ന് പന്തലിച്ചു. ദൂരെനിന്ന് നോക്കുന്ന ആർക്കും നല്ല മുന്തിരികൃഷിയെന്നേ തോന്നൂ. പക്ഷേ മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുന്നി ല്ല.

ഇനി ഒരു കാര്യം ചെയ്യാം. ഒലിവു കൃഷി ചെയ്യാം. ഒലി വെണ്ണ വിറ്റ് ഉപജീവനം കഴിക്കാം. പക്ഷേ എന്തുകൊണ്ടെ ന്നറിഞ്ഞില്ല, ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോ കുന്നു.

എന്നാൽ ഭൂമിയിൽ ഗോതമ്പ് കൃഷി ചെയ്തു നോക്കാം. അതിന്റെ വിളവെടുത്ത് ജീവസന്ധാരണം നിർവ്വഹിക്കാം. പക്ഷേ നിലങ്ങൾ ആഹാരം വിളയിക്കുന്നില്ല.

ഇനിയെന്താണ് വേണ്ടത്? കുറെ ആടുകളെ വളർത്തി നോക്കാം. പക്ഷേ ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചു പോകുകയാണ്.

ഓരോ വഴിയും അടയുന്നല്ലൊ. ഒരിടത്തും ഒരു കരേറ്റം കിട്ടുന്നില്ലല്ലൊ. ശരി, കുറെ പശുക്കളെ വളർത്തി ഉപജീവ നത്തിന് മാർഗ്ഗം തേടാം. ഇല്ല, ഗോശാലകളിൽ കന്നുകാലി

കൂട്ടത്തോടെ നശിക്കുകയാണ്.

ഒരു വഴിയിലും മുന്നോട്ടു പോകാൻ ഒരു പഴുത് കാണുന്നില്ല. നിരാശാഭരിതമായ സാഹചര്യമാണ് നാനാഭാഗങ്ങളിലും കാണുന്നത്. അപ്പോഴും പ്രവാചകൻ ദൈവത്തിൽ സന്തോഷിക്കുകയാണ്. ദൈവത്തിൽ വിശ്വസിക്കുകയാണ്. ദൈവം എനിക്കുവേണ്ടി കരുതും എന്ന് ഉറയ്ക്കുകയാണ്.

ക്രിസ്തു ഒരിക്കൽ പറഞ്ഞു :

> “നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു.” മത്തായി 10 : 30

> “നിങ്ങളുടെ തലയിലെ മുടിപോലും എല്ലാം എണ്ണിയിരിക്കുന്നു.” ലൂക്കോസ് 12 : 7

ഈ അണ്ഡകടാഹത്തിൽ എത്രയോ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ട് ! നമ്മിൽനിന്ന് 9.3 കോടി മൈൽ അകലെയുള്ള സൂര്യനെ ചുറ്റി നവഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളുമുണ്ട്. ഒമ്പതിൽ കൂടുതൽ ഗ്രഹങ്ങൾ ഇപ്പോഴും ശാസ്ത്രജ്ഞൻമാർ കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്.

ഓരോ നക്ഷത്രവും ഓരോ സൂര്യനാണ്. ഒരു സെക്കൻഡിൽ 1,86,000 മൈൽ വെളിച്ചം സഞ്ചരിച്ചിട്ടും ഇന്നും ഭൂമിയിൽ വെളിച്ചം എത്തിയിട്ടില്ലാത്ത അത്ര ദൂരെ സ്ഥിതി ചെയ്യുന്ന എണ്ണമറ്റ നക്ഷത്രങ്ങളുണ്ട്. ഓരോ നക്ഷത്രത്തെയും ചുറ്റി ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമുണ്ട്. അങ്ങനെ എണ്ണിയാൽ തീരാത്ത സൗരയൂഥങ്ങളുണ്ട്.

എണ്ണിയാൽ തീരാത്ത സൗരയൂഥങ്ങൾ ചേർന്ന് ഒരു Milky way. എണ്ണിയാൽ തീരാത്ത Milky way ചേർന്ന് ഒരു galaxy. എണ്ണിയാൽ തീരാത്ത galaxies ഉണ്ട് ഈ പ്രപഞ്ചത്തിൽ. (The

23

Impact of Science in Society എന്ന ഗ്രന്ഥത്തിൽ ബെർട്രാന്റ് റസ്സൽ പറയുന്ന ആശയമാണിപ്പറഞ്ഞത്) ഇവയുടെ എല്ലാം സ്രഷ്ടാവായ നിത്യോന്നതായ ദൈവത്തിന്റെ സൃഷ്ടികളുടെ കൂട്ടത്തിൽ ഈ ഭൂമി എന്തുള്ളൂ! ആ ഭൂമിയിലെ കോടാനു കോടി മനുഷ്യരിൽ ഒരു മനുഷ്യൻ എന്തുള്ളൂ! ആ മനുഷ്യ രിൽ ഒരാളാണ് ഞാൻ – ഇതെന്തൊരത്ഭുതം. എന്റെ തലമു ടിയിഴകളുടെ എണ്ണം ദൈവം അറിയുന്നു! ഒരു മുടിനാര് താഴെ വീഴുന്നത് ദൈവം അറിയുന്നു!

എങ്കിൽ സ്നേഹിതാ, നീ ദൈവസന്നിധിയിൽ എത്ര വില യേറിയവനാണ്! നിന്റെ ഓരോ നിസ്സാരകാര്യവും ഉടയവൻ കാണുന്നു, അറിയുന്നു.

അതുകൊണ്ടാണ് ദാവീദ് പാടിയത് :

> “നിന്റെ വിരലുകളുടെ പണിയായ ആകാശ ത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്ര ങ്ങളെയും നോക്കുമ്പോൾ, മർത്ത്യനെ നീ ഓർക്കേണ്ടതിന്ന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തു മാത്രം.”
>
> സങ്കീ. 8 : 3 – 4

നിത്യപരിശുദ്ധനായ ദൈവം ഒരിടത്തും ഒതുങ്ങാത്തവൻ. സ്ഥലകാലപരിമിതിയിൽ ഒതുങ്ങാത്തവൻ. കാലത്തിന്റെ ഒരു പ്രത്യേക സമയത്ത് ഒതുങ്ങി. അതാണ് ക്രിസ്തുവിന്റെ ഐഹിക ജീവിത കാലം. ഒരിടത്തും ഒതുങ്ങാത്തവൻ ഒരു കന്യകയുടെ ഗർഭപാത്രത്തിൽ ഒതുങ്ങിക്കിടന്നു. ഒരിടത്തും ഒതുങ്ങാത്തവൻ ഗലീലാനാടുകളിൽ ഒതുങ്ങി നടന്നു. ഒരി ടത്തും ഒതുങ്ങാത്തവൻ ക്രൂശിന്റെ മരക്കഷണത്തിൽ ഒതു ങ്ങിക്കിടന്നു. ഒരിടത്തും ഒതുങ്ങാത്തവൻ അരിമഥ്യക്കാരൻ

[redacted]



ജോസഫിന്റെ കല്ലറയിൽ ഒതുങ്ങിക്കിടന്നു.

എന്നാൽ അവനിതാ മരണത്തെ തകർത്ത്, പാതാളഗോപുരങ്ങളെ ജയിച്ച്, ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നു. എന്തിന്? സ്നേഹിതാ, നിന്റെ കൊച്ചുഹൃദയത്തിൽ ഒതുങ്ങി ജീവിപ്പാൻ. മകളേ, നിന്റെ നിരാശ മുറ്റിയ ഹൃദയത്തിൽ ഒതുങ്ങി ജീവിപ്പാൻ. മകളേ, നിന്റെ നിരാശ മുറ്റിയ ഹൃദയത്തിൽ ഒതുങ്ങി ജീവിച്ച് നിനക്ക് പുതുസന്തോഷം നൽകാൻ; നിന്റെ കണ്ണുനീര് തുടച്ചു തരാൻ. നിന്റെ ഹൃദയ നൊമ്പരങ്ങൾ ഒപ്പിയെടുക്കാൻ. നിന്റെ യാതനകൾക്ക് പൊറുതി തരാൻ. നിന്റെ ദുരിതങ്ങൾക്ക് അറുതി തരാൻ. നിന്റെ ക്ലേശം നിറഞ്ഞ ജീവിതം മാറ്റി സമാധാന നിർഭരമായ ഒരു നല്ല നാളെ നിനക്കു തരാൻ. ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും നിനക്കു തരാൻ. നിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം തരാൻ. നിനക്ക് ഇനിയും ആശ്വാസകാലങ്ങൾ നൽകാൻ. നിന്റെ ചെറുഹൃദയത്തിനുള്ളിൽ കടന്ന് വസിപ്പാൻ. തകർന്നു പോയ നിന്റെ ജീവിതത്തെ പുതുക്കിമെനയാൻ.

ക്രിസ്തു ഉള്ളത്തിൽ വസിക്കുന്നു എങ്കിൽ കഷ്ടതകളിൽ സന്തോഷിക്കാൻ കഴിയും. അപ്പോസ്തലനായ പൗലോസും ശീലാസും ഫിലിപ്പിയിലെ കാരാഗൃഹത്തിൽ കിടന്നപ്പോൾ അവർക്ക് സന്തോഷിച്ച് സ്തുതിക്കാൻ കഴിഞ്ഞത് ക്രിസ്തു അവരിൽ വസിച്ചിരുന്നതുകൊണ്ടാണ്.

മഹാപുരോഹിതനും അവന്റെ പക്ഷക്കാരായ സദൂക്യരും അസൂയനിറഞ്ഞ് അപ്പോസ്തലൻമാരെ പിടിച്ച് പൊതു തടവിൽ ആക്കിയതായി അപ്പോസ്തലപ്രവൃത്തികൾ 5 : 17–18ൽ വായിക്കുന്നു. മഹാപുരോഹിതൻമാരും ദൈവാലയത്തിലെ പടനായകനും അപ്പോസ്തലൻമാരെ അടിപ്പിച്ചു.

[redacted]

"തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചു," എന്ന് അപ്പോ. പ്രവൃത്തികൾ 5 ന്റെ 41 ൽ കാണുന്നു.

ഒന്ന് : രക്ഷയിൽ സന്തോഷിക്കുന്നു.

രണ്ട് : ദൈവവേലയിൽ സന്തോഷിക്കുന്നു.

മൂന്ന് : സമർപ്പണത്തിൽ സന്തോഷിക്കുന്നു.

നാല് : കഷ്ടതയിൽ സന്തോഷിക്കുന്നു.

അഞ്ച് : ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സന്തോഷിക്കുന്നു.

> "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇട വരും."
>
> 1 പത്രോസ് 4 : 13

കർത്താവായ യേശുക്രിസ്തു വീണ്ടും വരും. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് പാപികളെ വിളിച്ച് പരിശുദ്ധൻമാരാക്കുവാനാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് പരിശുദ്ധൻമാരെ വിളിച്ച് സ്വർഗ്ഗീയ മണവറയിലേക്ക് ചേർക്കാനാണ്.

ഒന്നാമത്തെ വരവ് പാപിക്കുവേണ്ടി ക്രൂശിൽ മരണം വരിക്കാനാണ്. രണ്ടാമത്തെ വരവ് താൻ രക്തം കൊടുത്ത് വിലയ്ക്കു വാങ്ങിയ തന്റെ അരുമ മണവാട്ടിയെ തന്റെ മണവറയിൽ ചേർക്കാനാണ്.

ഒന്നാമത്തെ വരവ് ആത്മാവിന്റെ വീണ്ടെടുപ്പ് നൽകാനാ

ണ്. രണ്ടാമത്തെ വരവ് ശരീരത്തിന്റെ വീണ്ടെടുപ്പായ രൂപാന്തരം നൽകാനാണ്.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് ക്രിസ്തു ഐഹികജീവിതകാലത്ത് അരുളിച്ചെയ്തിട്ടുണ്ട്.

> "ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."
>
> യോഹ. 14 : 2 – 3

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെത്തുടർന്ന് രണ്ടു ദൂതൻമാർ പ്രത്യക്ഷരായി കല്പിച്ചു :

> "ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടുതുപോലെതന്നെ അവൻ വീണ്ടും വരും."
>
> അപ്പോസ്തലപ്രവൃത്തികൾ 1 : 11

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലൻമാരുടെ പ്രത്യാശാ വിഷയമായിരുന്നു.

പത്രോസ് പറയുന്നു :

> "ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച്

നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും.”
2 പത്രോസ് 3 : 9 –10.

പൗലോസ് വീണ്ടും പറയുന്നു :

“കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.”
1 തെസ്സലോനിക്യർ 4 : 16 – 17

യാക്കോബ് പറയുന്നു :

‘സഹോദരൻമാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ.........., കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു...... ഇതാ, ന്യായാധിപതി വാതില്ക്കൽ നില്ക്കുന്നു.”
യാക്കോബ് 5 : 7 – 9

യോഹന്നാൻ പറയുന്നു :

“അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ട് അവനോട് സദൃശൻമാർ ആകും എന്ന് നാം അറിയുന്നു.” 1 യോഹ 3 : 2

യൂദാ പറയുന്നു :

"ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധ മായ സകല പ്രവൃത്തികളും നിമിത്തം ഭക്തി കെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമാ യിരം വിശുദ്ധൻമാരോടുകൂടെ വന്നിരിക്കുന്നു."

യൂദാ : 15

പൂർവ്വീക പുണ്യപിതാക്കൾ പ്രാർത്ഥിച്ചു :

"ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേല്പിനെ ഏറ്റുപറകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കിപ്പാർക്കു കയും ചെയ്യുന്നു." വി. കുർബ്ബാന ക്രമം.

നിഖ്യാ വിശ്വാസപ്രമാണത്തിൽ മുന്നൂറ്റിപ്പതിനെട്ട് പിതാ ക്കൻമാർ പ്രഖ്യാപിച്ചു :

"ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശി ഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു." നിഖ്യാവിശ്വാസപ്രമാണം.

മാന്യ സ്നേഹിതാ, ക്രിസ്തുവിന്റെ വരവിൽ അവനെ എതിരേല്പാൻ താങ്കൾ ഒരുങ്ങിയോ? വിശുദ്ധൻമാരുടെ നിര യിൽ നില്ക്കാൻ താങ്കളുടെ ജീവിതം ക്രിസ്തുവിന്റെ രക്ത ത്താൽ കഴുകപ്പെട്ടുവോ? നെല്ലും പതിരും തിരിയുന്ന സമ യത്ത് കള കെട്ടുകെട്ടായി കെട്ടി തീയിൽ ഇടുമ്പോൾ താങ്കൾ രക്ഷപ്പെടുമോ? സ്നേഹിതാ, ഈ നിമിഷം തന്നെ

താങ്കളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കൂ. ക്രിസ്തുവിനായി ജീവിതം വേർതിരിക്കൂ. ഒരു പുതിയ ജീവിതം ഇന്ന് തുടങ്ങൂ. എങ്കിൽ, ഇപ്പോൾ ചേർന്നു പറയൂ :

നാഥാ, ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കുമെന്ന് ഇതാ, ഞാൻ തീരുമാനിക്കുന്നു. നിന്റെ തിരുരക്തത്താൽ എന്നെ കഴുകേണമേ. ഭൂമിയിൽ സന്തോഷത്തോടെ ജീവിപ്പാനും നിത്യത സന്തോഷത്തിന്റെ രാജ്യത്തിൽ പുലരുവാനും എനിക്ക് ഭാഗ്യം നൽകണമേ.

# അഞ്ച്

"നിന്റെ ഈ ബലത്തോടെ പോക."

ന്യായാധിപൻമാർ 6 : 14

ന്യായാധിപൻമാരുടെ പുസ്തകം യുദ്ധങ്ങളുടെ പുസ്തകമാണ്. യോശുവായുടെ പുസ്തകം വിജയത്തിന്റെ പുസ്തകമാണ്. ന്യായാധിപൻമാരുടെ പുസ്തകം പരാജയത്തിന്റെ പുസ്തകമാണ്. യോശുവയുടെ പുസ്തകത്തിൽ യുദ്ധമുണ്ട്. പക്ഷേ ആകെത്തുക വിജയമാണ്. ന്യായാധിപൻമാരുടെ പുസ്തകത്തിലും യുദ്ധമുണ്ട്. പക്ഷേ ഏറെക്കാലം പരാജയത്തിനടിമപ്പെട്ട് ജനം കഴിയുകയാണ്. Defeat and Deliverance - തോല്വിയും മോചനവും – ആണ് ന്യായാധിപൻമാരുടെ പുസ്തകത്തിലെ പ്രമേയം.

Rebellion, Retribution, Repentance, Restoration (മത്സരം, പ്രതികാരം, അനുതാപം, പുന:സ്ഥാപനം) എന്നീ ചതുർവിധ പ്രതിഭാസം യിസ്രായേലിന്റെ ചരിത്രത്തിൽ ഉടനീളം കാണാം. കൂടെകൂടെ ദൈവത്തോട് ജനം മത്സരിക്കുകയും അപ്പോ

ഴെല്ലാം ദൈവിക ശിക്ഷ ജനത്തിന്റെ മേൽ വരികയും ചെയ്തുകൊണ്ടിരുന്നു. ശിക്ഷയുടെ യാതനയേൽക്കുമ്പോൾ ജനം അനുതപിച്ച് ദൈവത്തിന്റെ സഹായത്തിനായി അഭയ യാചന ചെയ്യും. അപ്പോൾ ദൈവം മനസ്സലിഞ്ഞ് അവർക്ക് രക്ഷകൻമാരെ – ന്യായാധിപൻമാരെ – എഴുന്നേല്പിച്ചു കൊടു ക്കും. പന്ത്രണ്ട് പുരുഷന്മാരും ഒരു സ്ത്രീയും ഉൾപ്പെടെ പതിമൂന്ന് ന്യായാധിപൻമാരെപ്പറ്റി ന്യായാധിപൻമാരുടെ പുസ്തകത്തിൽ പറയുന്നുണ്ട്. അതിൽ വളരെ ശക്തനും ഭക്തനുമായ ഒരു ന്യായാധിപതിയായിരുന്നു ഗിദെയോൻ.

യിസ്രായേൽ മക്കൾ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്ത് ദൈവത്തെ ദു:ഖിപ്പിച്ചു. ദൈവകൃപ ജനത്തിൽനിന്നു മാറിപ്പോയി. അപ്പോൾ ശത്രുവിനെ എളുപ്പമായി, ദൈവമ ക്കളെ തകർത്തുകളവാൻ. ശത്രുവിന്റെ ആക്രമണവും കൊള്ളയും കവർച്ചയും മൂലം വശംകെട്ട് വലഞ്ഞ ജനം അനുതാപത്തോടെ ദൈവത്തോട് യാചിച്ചു. അപ്പോൾ ദൈവം ജനത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി നിയമിച്ച പുരുഷനാണ് ഗിദെയോൻ. ഗിദയോനെ മഹത്തായ ചുമതല ഭരമേല്പിച്ചു വിടുന്ന ദൈവം. ഗിദെയോനോടു പറയുന്ന വാക്കുകളാണ്, “നിന്റെ ഈ ബലത്തോടെ പോക,” ന്യായാധിപൻമാർ 6 : 14

ഏഴു വർഷമായി കഠിനമായ പീഡയേറ്റു വലയുകയായി രുന്നു യിസ്രയേൽ ജനം. മിദ്യാന്യസൈന്യം കൂട്ടമായി വന്നു ആക്രമിച്ചുകൊണ്ടിരുന്നു. കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് കൃഷി ചെയ്യും. ഗോതമ്പ് വിളഞ്ഞ് കൊയ്യാറാകുമ്പോൾ മിദ്യാന്യർ വന്ന് കൊയ്തുകൊണ്ടുപോകും. ന്യായാധിപൻമാരുടെ പുസ്തകം 6–ാം അദ്ധ്യായം 1 മുതൽ 6 വരെ വാക്യങ്ങളിൽ ജനങ്ങൾ അനുഭവിച്ച യാതനയും ശത്രുവിന്റെ പീഡയും പ്രതിപാദിച്ചിട്ടുണ്ട്.

[redacted]



മാന്യ സഹോദരാ, നീ ഇന്ന് ദുഷ്ടനായ പൈശാചികന്റെ ബാധമൂലം കെടുതിയിലും ദുരിതത്തിലും കഴിയുകയാണോ? ഒരു വിധത്തിലും ഒരഭിവൃദ്ധി ലഭിക്കാതെ വലയുകയാണോ? അദ്ധ്വാനിക്കുന്നുണ്ട്, കഠിനമായി പണിയെടുക്കുന്നുണ്ട്, വിശ്രമമില്ലാതെ ജോലിചെയ്യുന്നുണ്ട്. എന്നിട്ടും ഒരു മുന്നേറ്റം കിട്ടുന്നില്ല. രോഗവും കഷ്ടവും നഷ്ടവും ആപത്തും അടിയ്ക്കടി നേരിട്ടുകൊണ്ടിരിക്കുകയാണോ?

സാത്താൻ അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമാണ് വരുന്നത് എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. യോഹ 10 : 10. നിന്നെ ഗതിമുട്ടിച്ച് വലയ്ക്കുന് ദുഷ്ടനാണ് സാത്താൻ. നിന്റെ പ്രയത്നങ്ങളെല്ലാം വ്യർത്ഥമാക്കി നിന്നെ നശിപ്പിക്കുന്ന വഞ്ചകനാണവൻ. സ്നേഹിതാ, നീ ഇന്ന് സാത്താന്റെ കൈയിൽ ഒരു കളിപ്പാവയാണോ? നിന്നെ അവൻ ബോധിച്ച വഴിക്ക് നടത്തുകയും നിന്നെക്കൊണ്ട് എല്ലാ തിൻമയും ചെയ്യിച്ചുകൊണ്ടിരിക്കുകയുമാണോ? എങ്കിൽ പ്രിയ സ്നേഹിതാ, നീ ശത്രുവിന്റെ കൈകളിൽ നിന്ന് രക്ഷപ്പെടുവിൻ. പൈശാചികനോട് പോരാടുവിൻ. ബലം ക്രിസ്തുതരും. “നിന്റെ ഈ ബലത്തോടെ പോക” എന്നത്രേ ക്രിസ്തു നിന്നോട് പറയുന്നത്.

സാത്താന്റെ ഘോരമായ ആക്രമണത്തിൽ തകർന്നു വലഞ്ഞു വിഷമിച്ചുപോയ ഒരാളെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താം. മൂവാറ്റുപുഴ അടുത്ത് മംഗലത്തുനടയിലുള്ള വർക്കി എന്ന ചെറുപ്പക്കാരനാണത്.

വർക്കിയുടെ മാനസാന്തരത്തിന് മുമ്പുള്ള ജീവിതം ഒന്ന് വിവരിക്കാമോ?

എന്റെ ബാല്യം മുതൽ ഞാൻ ദൈവത്തെ അറിയാതെയാണ് ജീവിച്ചു പോന്നത്. വളരെ അഴുക്കും തിൻമയും

നിറഞ്ഞ ജീവിതമായിരുന്നു എന്റേത്. എന്റെ അപ്പൻ പള്ളിയിലേക്ക് അരി, നെല്ല്, എന്നിവ പിരിക്കുന്ന ഒരു ജോലിക്കാരനായിരുന്നു. അപ്പൻ ഒരു മദ്യപാനിയായിരുന്നു. അപ്പൻ പള്ളിയിലേക്ക് പിരിച്ചെടുക്കുന്ന നെല്ല് ഷാപ്പിൽ കൊടുത്ത് കള്ള് കുടിക്കുമായിരുന്നു.

ഞാൻ ഒരു വഷളനും ധിക്കാരിയും ആയിട്ടാണ് ജീവിച്ചുവന്നത്. ഞാൻ പിശാചിന്റെ ബന്ധനത്തിലാണെന്നോ ശത്രു എന്നെ പന്താടുകയാണെന്നോ ഞാൻ അറിഞ്ഞിരുന്നില്ല. ഒന്നെനിക്കറിയാമായിരുന്നു. വീട്ടിൽ ഒരു ഐശ്വര്യമോ സമാധാനമോ ഉണ്ടായിരുന്നില്ല. അപ്പനും അമ്മയും തമ്മിൽ എന്നും വഴക്ക്. എല്ലാവരുമൊപ്പം ഞാനും കഷ്ടപ്പെട്ട് പണിയെടുത്തുകൊണ്ടിരുന്നു. പക്ഷേ എന്നും ദുരിതവും പട്ടിണിയും. ആഹാരത്തിനു മുട്ടിയിട്ടുണ്ട്. ഒരു കരകയറ്റവുമില്ലാതെ പെരുവെള്ളത്തിൽ നീന്തിത്തുടിക്കുന്ന അനുഭവം. പാപമെന്താണെന്നുപോലും അറിയാതെ ഞാൻ പാപത്തിന് എന്നെത്തന്നെ വിട്ടു കൊടുത്ത കാലമായിരുന്നു അത്.

മാനസാന്തരം ലഭിച്ചതെങ്ങനെയാണ് ?

കൂട്ടുകാരുകൂടി വേണ്ടാതനത്തിനും സിനിമയ്ക്കും വെറിക്കൂത്തിനും നടന്നിരുന്ന കാലത്തും ദൈവവചനം കേൾക്കാൻ എനിക്ക് ഇഷ്ടമായിരുന്നു. സാറിന്റെ വീട്ടിൽ നടക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. പലരും സാറിനെ കളിയാക്കുന്നതും നിന്ദിക്കുന്നതും ഒക്കെ ഞാൻ കേട്ടിട്ടുണ്ട്. ഒന്നുമറിയാതെ ഞാനും കളിയാക്കിയിട്ടുണ്ട്.

അടുത്തുള്ള മുതലാളിമാരുടെ വീട്ടിൽ കന്നുകാലി നോക്കിയും കൂലിപ്പണി ചെയ്തും ജീവിച്ചിരുന്ന ആ കാലത്ത് ആരേയും ഞാൻ പരിഹസിക്കുമായിരുന്നു. അസഭ്യവാക്കു

[redacted]



കളേ എന്റെ വായിൽ വരുമായിരുന്നുള്ളൂ. കള്ളു കുടിച്ച്, ചീട്ടു കളിച്ച്, ആഭാസനായി ഞാൻ നടക്കുകയായിരുന്നു. സിനിമയും വെറിക്കൂത്തും എല്ലാം എനിക്ക് കമ്പമായിരുന്നു.

ഒരു ദിവസം എന്റെ വീടിനടുത്തുള്ള ഒരാൾ ബസ്സു കാത്ത് നില്ക്കുന്നതു കണ്ടപ്പോൾ ഞാൻ വെറുതെ ചോദിച്ചു : എവിടെയാണ് പോകുന്നത് എന്ന്. അദ്ദേഹം എന്നോടു പറഞ്ഞു, “ഞാൻ യോഹന്നാൻ സാറിന്റെ വീട്ടിലെ പ്രാർത്ഥനായോഗത്തിന് പോകുന്നു” എന്ന്. ഞാനും അദ്ദേഹത്തിന്റെ കൂടെ അന്ന് പ്രാർത്ഥനായോഗത്തിന് പോയി. അവിടെ ചെന്ന് ഇരുന്നപ്പോൾ ബഹു. ഔസേപ്പച്ചൻ പ്രാർത്ഥിക്കുകയായിരുന്നു. ആ പ്രാർത്ഥന കേട്ടപ്പോൾ തന്നെ എന്റെ ശരീരം ആകെ കോരിത്തരിച്ചു. അന്ന് ആ യോഗത്തിൽ കേട്ട വചനം എന്റെ ഉള്ളത്തെ തൊട്ടു. ഞാൻ ഒരു പുതിയ തീരുമനത്തോടുകൂടിയാണ് അവിടെനിന്ന് തിരികെ പോന്നത്. ഞാൻ എന്റെ കൂടെ ഉണ്ടായിരുന്നവരോടു പറഞ്ഞു, ഇന്നു മുതൽ ഞാൻ ഒരു പുതിയ മനുഷ്യനാണെന്ന്.

ആകട്ടെ, മാനസാന്തരപ്പെട്ടതിനുശേഷമുള്ള അനുഭവമെന്താണ് ?

രാവും പകലും പോലുള്ള വ്യത്യാസമാണ് അതിനുശേഷം. മനസ്സറിഞ്ഞ് ഒരു പാപവും പിന്നീട് വന്നിട്ടില്ല, അതിനുശേഷം. ഞാൻ അനേക വീടുകളിൽ പോയി മാപ്പു ചോദിച്ചു. മോഷ്ടിച്ച സാധനങ്ങളുടെ വിലയുടെ ഇരട്ടിത്തുക തിരികെ കൊടുത്തു. എന്റെ പ്രകൃതം മുഴുവൻ മാറി. ഇന്ന് എന്തൊരു സമാധാനമാണ്.

ഓരോ യോഗത്തിലും പങ്കെടുക്കുമ്പോൾ എനിക്ക് മറഞ്ഞിരിക്കുന്ന പാപങ്ങൾ ഓർമ്മപ്പെടുത്തി എന്നെ ആഴമായി ശുദ്ധീകരിക്കുകയാണ്. പാപസ്വഭാവങ്ങളും പാപപ്രകൃതികളും

എന്നിൽനിന്ന് ദൈവാത്മാവ് മാറ്റിത്തന്നുകൊണ്ടിരിക്കുന്നു.

ഒരു സമയത്ത് ഒരു വലിയ ഭയം എന്നെ അലട്ടിയിരുന്നു. ഞാൻ റബ്ബർ വെട്ടുന്ന തോട്ടത്തിൽ ഒരു ദുർമരണം നടന്നു. അവിടെ പിന്നെ റബ്ബർ വെട്ടാൻ പേടിയെന്നു മാത്രമല്ല, പിന്നീട് ചില അശുദ്ധ ചിന്തകളും ഭയവും എല്ലാം എന്നെ പിടികൂടിയിരുന്നു. കർത്താവായ യേശുക്രിസ്തു എന്നിൽനിന്ന് ആ ഭാദയെല്ലാം മാറ്റിത്തന്നു. ദൈവത്തിന് സ്തോത്രം.

പ്രിയ സഹോദരാ, നിന്റെ ജീവിതത്തിലും ഇതുപോലുള്ള അത്ഭുതം ക്രിസ്തുചെയ്യും. നീ ക്രിസ്തുവിനെ വിശ്വസിക്കൂ. ഈ പ്രിയപ്പെട്ട വർക്കിയുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ച ക്രിസ്തു നിന്നിലും വീര്യം പ്രവർത്തിക്കും.

ഗിദെയോൻ മുന്തിരിച്ചക്കിന്നരികെ ഗോതമ്പു മെതിക്കുക യായിരുന്നു. എന്തുകൊണ്ടാണ് ഗോതമ്പു മെതിക്കാൻ മുന്തി രിച്ചക്കിന്നരികെ എത്തിയത്?

ശത്രുക്കളായ മിദ്യാന്യർ ഏതു നേരത്തും വന്ന് ഗോതമ്പ് കവർച്ചചെയ്തു കൊണ്ടുപോകാം. ഗോതമ്പു മെതിക്കള ത്തിൽവെച്ച് മെതിച്ചാൽ അത് പത്തായത്തിൽ എത്താതെ ശത്രു കൊള്ള ചെയ്ത് കൊണ്ടുപോയേക്കാം.

ഭയവും പരിഭ്രമവും മുറ്റിയ അന്തരീക്ഷം. തകർന്നുടഞ്ഞ സാമൂഹ്യ വ്യവസ്ഥിതി. താങ്ങും തണലുമില്ലാത്ത സാഹ ചര്യം. കൊള്ളചെയ്യാൻ വരുന്നവരെ തടയാൻ നിർവ്വാഹമി ല്ലാതെ നിരാശയിലും ആകുലത്തിലും വരണ്ട ജീവിതം.

സ്നേഹിതാ, നീ ഇങ്ങനെ സംഭീതമായ ഒരു സ്ഥിതിയി ലാണോ ഇന്ന്? ആശയറ്റ്, ഭാവി ഇരുളടഞ്ഞ്, ജീവിതം തീർത്തും വിരസതയിലാണോ നീ കഴിയുന്നത്? ശത്രുവിന്റെ ഭീഷണിയുടെയും ആക്രമണത്തിന്റെയും മുന്നിൽ ആരോരും

[redacted]



സഹായിപ്പാനില്ലാതെ നീ പതറിയുലഞ്ഞ് വലയുകയാണോ ?

എങ്കിൽ കേൾക്കൂ – ദൈവം ഗിദെയോന് പ്രത്യക്ഷമായി.

ദു:ഖിക്കുന്നവരുടെ ദു:ഖമകറ്റാൻ ഓടിയെത്തുന്നവനാണ് ക്രിസ്തു. കരയുന്നവരുടെ കരച്ചിലകറ്റാൻ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നവനാണ് ക്രിസ്തു. ശത്രുഭീതിയിൽ മനമുരുകി, ഉള്ളു നീറി, അകം പുകഞ്ഞ്, ആവലാതി പൂണ്ട് കഴിയുന്ന വരുടെ ഭീതിയകറ്റാൻ അത്ഭുതം പ്രവർത്തിക്കുന്നവനാണ് ക്രിസ്തു.

മുന്തിരിച്ചക്കിന്നരികിൽ പ്രത്യക്ഷനായ ദൈവം ഗിദെയോനോട് സംസാരിച്ചു. ഗിദെയോനെ ധൈര്യപ്പെടുത്തി.

ഒന്ന്, ദൈവം ഗിദെയോന് പ്രത്യക്ഷനായി. ദൈവം ഗിദെയോനെ സന്ദർശിച്ചു. തകർന്നുലഞ്ഞ ജീവിതത്തെ നിത്യനായ ദൈവം സന്ദർശിച്ചു.

ദൈവം എന്നും അങ്ങനെയാണ്. ആടുകളെ നോക്കിക്കൊണ്ടിരുന്നപ്പോൾ ദൈവം മോശയെ സന്ദർശിച്ചു. പുറപ്പാട് 3 : 2

ആടുകളെ മേയ്ച്ചുകൊണ്ടിരുന്നപ്പോൾ ദാവീദിനെ ദൈവം വിളിച്ചുവരുത്തി അഭിഷേകം ചെയ്തു. 1 ശമുവേൽ 16 : 12.

ആടുകളെ നോക്കിക്കൊണ്ടിരുന്നപ്പോൾ ആമോസിനെ ദൈവം കടന്നു പിടിച്ചു. ആമോസ്. 7 : 15

> “ഞാൻ പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു : നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോടു പ്രവചിക്ക

എന്ന് യഹോവ എന്നോടു കല്പിച്ചു.”
ആമോസ് 7 : 14 – 15

ശീമോൻ പത്രോസ് ഗലീലക്കടലിൽ മീൻ പിടിച്ചുകൊണ്ടിരുന്നപ്പോൾ ക്രിസ്തു അവനെ വിളിച്ചു. മത്തായി 4:18.

യോഹന്നാനും യാക്കോബും വല നന്നാക്കിക്കൊണ്ടിരിക്കുമ്പോൾ ക്രിസ്തു അവരെ വിളിച്ചു. മത്തായി 4 : 21

ലേവി ചുങ്കം പിരിച്ചുകൊണ്ടിരുന്നപ്പോൾ അവനെ വിളിച്ചു മത്തായിശ്ലീഹാ എന്ന പദവിയിലേക്ക് ഉയർത്തി. മത്തായി 9 : 9 ലൂക്കോസ് 5 : 27, മർക്കോസ് 2 : 14

പ്രവർത്തന നിരതനായിരിക്കുന്നവരെയാണ് ക്രിസ്തു വിളിക്കുന്നത്. മാന്യ സ്നേഹിതാ, ക്രിസ്തു ഇതാ നിനക്ക് പ്രത്യക്ഷനാകുകയാണ്. ഈ മഹാഭാഗ്യം നീ അനുഭവിക്കുമോ? വ്യവസ്ഥ കൂടാതെ ക്രിസ്തുവിന്റെ ഹിതത്തിന് നീ നിന്നെ വിട്ടുകൊടുക്കുമോ? തകർന്ന്, കൂരിരുളാണ്ട നിന്റെ ജീവിതം ഭാസുരമാക്കുന്നവന്റെ ആണിപ്പാടുള്ള കൈകളിലേക്ക് നിന്നെ നീ ഏല്പിച്ചു കൊടുക്കുമോ?

ഒന്ന്, ദൈവിക പ്രത്യക്ഷത. Divine visit.

രണ്ട്, ദൈവികാനുഗ്രഹം. Divine blessing.

“....അല്ലയോ പകാക്രമശാലിയേ, യഹോവ നിന്നോടു കൂടെയുണ്ട്.” ന്യായാധിപന്മാർ 6 : 12

ഭയത്തോടെ, പരിഭ്രാന്തിയോടിരിക്കുന്നവന് ദൈവം കൂടെയുണ്ടെന്നുള്ള ആശ്വാസവചനം. നിരാശയോടിരിക്കുന്നവന് പ്രത്യാശയുടെ വചനം. ശത്രുവിന്റെ ഭീഷണിയിൽ വിറയലോടിരിക്കുന്നവന് ദൈവികസാന്നിദ്ധ്യത്തിന്റെ വചനം. ഭീരുത്വ

ത്തിൽ ഒളിച്ച് ആകുലപ്പെട്ടിരിക്കുന്നവന് ധൈര്യത്തിന്റെ വചനം.

സ്നേഹിതാ, ഗിദെയോനെ ധൈര്യപ്പെടുത്തിയ ദൈവം നിന്നോടു കൂടെയിരിക്കാമെന്ന് പറയുന്നത് നീ വിശ്വസിക്കുമോ? കാൽവറി ക്രൂശിൽ മൂന്നാണികളിൽ തൂങ്ങി പിടഞ്ഞു മരിച്ച നിത്യനായ ദൈവപുത്രൻ നിന്റെ ഹൃദയത്തിനുള്ളിൽ വസിക്കാമെന്ന് പറയുന്നത് നീ വിശ്വസിക്കുമോ?

ഒരു നിമിഷം വൈകാതെ നീ ജിവനുള്ള ക്രിസ്തുവിന്റെ പാദത്തിൽ നിന്നെത്തന്നെ സമർപ്പിക്കൂ. നിന്നെ അനുഗ്രഹിപ്പാൻ നീട്ടുന്ന കരങ്ങൾക്ക് കീഴെ നീ താണിരിക്കൂ. നിന്റെ ഭീതിയകറ്റാൻ, നിന്നെ സാന്ത്വനപ്പെടുത്താൻ നിന്റെ അരികിലെത്തി നില്ക്കുന്ന ക്രിസ്തുവിനെ നിന്റെ ഹൃദയത്തിലേക്ക് നീ എതിരേല്ക്കൂ.

എങ്കിൽ, ക്രിസ്തുവിനോട് നിന്റെ തീരുമാനം പറയൂ. നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനേ, നിത്യപരിശുദ്ധനായ ദൈവമേ, ഗിദെയോന് പ്രത്യക്ഷത നൽകുകയും സാന്നിദ്ധ്യം നൽകുകയും ചെയ്തതുപോലെ ഇന്ന് നീ എന്നെ സന്ദർശിച്ചതിനാൽ നിനക്കു സ്തോത്രം. നിന്റെ അനുഗ്രഹം എന്റെ മേൽ പകരുവാൻ നീ ക്രൂശിൽ നിന്നെത്തന്നെ തന്നതിനാൽ നിനക്കു സ്തോത്രം. എന്റെ ഭീതിയ കാറ്റാൽ, ശത്രുവിന്റെ ഭീഷണിയെ തകർക്കാൻ നീ ക്രൂശിൽ ഏറ്റവും കൊടിയ ഭീതിയേറ്റതിനാൽ നിനക്കു സ്തോത്രം. അന്ത്യത്തോളം കൂടെയിരിക്കണമെ.

## ആറ്

"നിന്റെ ഈ ബലത്തോടെ പോക."

ന്യായാധിപൻമാർ 6 : 14

ഗിദെയോന് ദൈവം പ്രത്യക്ഷനായി.

ഗിദെയോനെ ദൈവം അനുഗ്രഹിച്ചു.

യിസ്രായേൽ ജനം മിദ്യാന്യരുടെ പീഡയേറ്റു വലഞ്ഞു കഴിയുമ്പോഴാണ് ദൈവം പ്രത്യക്ഷനായത്.

"അല്ലയോ പരാക്രമശാലിയേ, ഞാൻ നിന്നോടു കൂടെ യുണ്ട്" എന്ന അനുഗ്രമാണ് ഗിദെയോന് ലഭിച്ചത്. ഗിദെ യോന്റെ ഭീതി മാറി.

ഒന്ന്, ദൈവിക പ്രത്യക്ഷത. Divine visit.

രണ്ട്, ദൈവികാനുഗ്രഹം. Divine blessing.

മൂന്ന്, ദൈവിക നിയമനം. Divine appointment.

നിന്റെ ഈ ബലത്തോടെ പോക." ന്യായാധിപൻമാർ 6:14.

ഗിദെയോൻ ദൈവദൂതനോടു ചോദിച്ചു :

> "അയ്യോ യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നതെന്ത്? യഹോവ നമ്മെ മിസ്രയീമിൽനിന്ന് കൊണ്ടുവന്നു എന്ന് നമ്മുടെ പിതാക്കന്മാർ നമ്മോട് അറിയിച്ചി ട്ടുള്ള അവന്റെ അത്ഭുതങ്ങൾ ഒക്കെയും എവിടെ?" ന്യായാ. 6 : 13

അപ്പോഴാണ് കർത്താവിന്റെ ദൂതൻ പുതിയ നിയമനം ഗിദെയോന് നൽകുന്നത്. ഈ മെതിക്കളത്തിൽ ഈ ചെറിയ തൊഴിലിൽ ഒതുങ്ങി നില്ക്കേണ്ടവനല്ല നീ. "നീ നിന്റെ ഈ ബലത്തോടെ പോക."

ഏതാണ് ഗിദെയോന്റെ "ഈ ബലം?"

പിതാക്കന്മാരുടെ കാലത്ത് അത്ഭുതം പ്രവർത്തിച്ച ദൈവം ജീവിക്കുന്നു എന്ന വിശ്വാസം. ഈ തലമുറയിലും ആ അത്ഭുതങ്ങൾ നടക്കണം എന്ന അഭിവാഞ്ഛ.

മിസ്രയീമിൽനിന്ന്, ഫറവോന്റെ ഉരുക്കുമുഷ്ടിയിൽനിന്ന് വിടുവിക്കുവാൻ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച ദൈവം ഇന്നും ജീവിക്കുന്നു എന്ന വിശ്വാസം. എന്റെ പൂർവ്വിക പുണ്യപിതാക്കളെ നടത്തിയ ദൈവം ഇന്നും പ്രവർത്തിക്കുന്നു എന്ന വിശ്വാസം. ആ പഴയ കാലത്ത് നടന്ന അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ഈ തലമുറ യിൽ നടക്കണം എന്ന ദാഹം.

ദൈവപൈതലേ, പൂർവ്വിക വിശുദ്ധൻമാരുടെ വിശ്വാസ ത്തികവിലേക്ക് നീ മടങ്ങിവരുമോ? പഴയകാല പിതാക്കൻമാ രിൽ ഊന്നിനിന്നുകൊണ്ട് നിത്യനായ ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളെ നീ വിശ്വസിക്കുന്നുവോ? അന്ന് പ്രവർത്തിച്ച ദൈവം ഈ തലമുറയിലും അത്ഭുതം പ്രവർത്തിക്കും എന്ന്

നീ വിശ്വസിക്കുന്നുവോ?

"Jesus Christ the same yesterday, today and for ever." യേശുക്രിസ്തു ഇന്നലെയും ഇന്നും എന്ന ന്നേക്കും അനന്യൻ തന്നേ.” എബ്രായർ 13 : 8

സ്നേഹിതാ, ദൈവത്തിന് മാറ്റമില്ല. അവിടുന്ന് ഇന്നും പ്രവർത്തിക്കുന്നു. കർത്താവേ, ഈ തലമുറയിൽ എന്നെ ഒരു വിശുദ്ധനാക്കി നിറുത്തണമേ എന്ന് നീ പ്രാർത്ഥിക്കു വിൻ. എന്നിൽ നിന്നുകൊണ്ട് വൻകാര്യങ്ങൾ നീ നിവർത്തി ക്കണമേ എന്ന് നീ പ്രാർത്ഥിക്കുവിൻ.

പഴയകാല മഹത്വം നഷ്ടപ്പെട്ട്, ആത്മാവിൽ തകർന്നു കിടന്ന ഒരു വ്യക്തിയായിരുന്നു മഴുവന്നൂർ ഉള്ള ചമ്പിലിൽ ജോർജ്ജ്. പഴയ കാലത്ത് അനുഭവിച്ച അത്ഭുതങ്ങളിലേക്കും വിശ്വാസത്തിലേക്കും മടങ്ങിവന്ന ജോർജ്ജിന്റെ ജീവിത ത്തിൽ ഇറങ്ങി നിന്നുകൊണ്ട് ദൈവം പ്രവർത്തിച്ച ചില വൻകാര്യങ്ങൾ നമുക്കിപ്പോൾ ചോദിച്ചറിയാം.

ജോർജ്ജിന്റെ ജീവിതത്തിലെ പഴയകാല അനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിമൂന്നിൽ ഞങ്ങ ളുടെ നാട്ടിൽ വലിയ ആത്മീയ ഉണർവ്വുണ്ടായപ്പോൾ അതിൽ ഉള്ളം കൊണ്ട് ചേരാതെ മാറി നിന്നവനായിരുന്നു ഞാൻ. എന്റെ അപ്പനും അമ്മയും ചേട്ടനും എല്ലാം മാനസാന്തരപ്പെ ട്ട്, ആത്മാവിനെ പ്രാപിച്ച്, ദൈവസ്നേഹത്തിന്റെ ലഹരി യിൽ മതിമറന്ന് ആനന്ദിച്ചപ്പോൾ ഞാനതിൽ ലയിച്ചില്ല.

എന്നാൽ യോഹന്നാൻ സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നവർക്ക് ജീവിതത്തിൽ വലിയ മാറ്റമുണ്ടെന്ന് ഞാൻ കണ്ടിരുന്നു. എനിക്ക് ലോകമയത്വവും

ജഡികോല്ലാസങ്ങളും വിടാൻ മനസ്സില്ലായിരുന്നു. ആ കാലങ്ങളിൽ ചീത്ത കൂട്ടുകെട്ടുകളിൽ കുടുങ്ങി മദ്യപാനത്തിനും വെറിക്കൂത്തിനും എല്ലാം അടിമപ്പെട്ടിരുന്നു. എനിക്ക് പാപം വിടാൻ മനസ്സില്ലാത്തതുകൊണ്ട് ഞാൻ കൂട്ടായ്മയോഗങ്ങളിൽനിന്ന് മാറി നിന്നിരുന്നു. എങ്കിലും സാറിനെയും മറ്റും എനിക്ക് വലിയ ബഹുമാനമായിരുന്നു. ഞാൻ വീട്ടിൽ വഴക്കിട്ടും മാതാപിതാക്കൾ വചനശുശ്രൂഷയ്ക്കു പോകുന്നതിനെ കുറ്റപ്പെടുത്തിയും എല്ലാം ഏറെ അഹങ്കാരിയായും ധിക്കാരിയായും ജീവിച്ചു.

പിന്നെ മാനസാന്തരപ്പെട്ടതെങ്ങനെയാണ്?

വളരെ യാദൃശ്ചികമായിട്ടാണ് എനിക്ക് മാനസാന്തരം ലഭിച്ചത്. ഞങ്ങളുടെ നാട്ടിൽ ഒരു കൺവൻഷൻ നടക്കുകയായിരുന്നു. ഈ ഫെല്ലോഷിപ്പിലെ ഒരു ദൈവപൈതൽ അന്ന് അവിടെ ചെയ്ത പ്രസംഗം എന്നെ ഇളക്കിമറിച്ചു.

“ദാവീദ് ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തു,” എന്ന വചനം വായിച്ചിട്ട് ആ ദൈവപൈതൽ ചോദിച്ചു : “നീ ഇന്ന് ആരുടെ ആലോചനയ്ക്കാണ് ശുശ്രൂഷചെയ്യുന്നത്? ദൈവത്തിന്റെ ആലോചനയ്ക്കോ പിശാചിന്റെ ആലോചനയ്ക്കോ?”

എനിക്ക് ഒരു സംശയവുമില്ലായിരുന്നു. ഞാൻ പിശാചിന്റെ ആലോചനയ്ക്കു വേല ചെയ്യുകയാണ് എന്ന് ഹൃദയത്തിൽ പറഞ്ഞു. അന്ന് അവിടെവെച്ച് ഞാനൊരു തീരുമാനമെടുത്തു. മേലിൽ ക്രിസ്തുവിന്റെ പ്രസാദപ്രകാരം മാത്രം ഞാൻ ജീവിക്കും എന്ന്. ഞാനൊരു പുതിയ മനുഷ്യനായിട്ടാണ് വീട്ടിലെത്തിയത്.

മാനസാന്തരത്തിന് ശേഷമുള്ള അനുഭവമെന്താണ് ?

[redacted]

33

ഇന്ന് ഞാൻ വലിയ സമാധാനം അനുഭവിക്കുന്നു. എന്റെ ഭാര്യയോട് എന്നും വഴക്കിട്ടുകൊണ്ടിരുന്ന എനിക്ക് എന്റെ ഭാര്യയോട് വലിയ സ്നേഹവും എന്റെ ഹൃദയത്തിൽ ശാന്തതയുമുണ്ടായി. അപ്പനെയും അമ്മയെയും ബഹുമാനിക്കുവാൻ തുടങ്ങി. മാത്രമല്ല, വിശുദ്ധ ജീവിതത്തിനുവേണ്ടി വലിയോരു വാഞ്ഛയും ദാഹവും ദൈവം എനിക്ക് തന്നു. എന്റെ സ്വഭാവത്തിലെ മാറ്റം അനേകർ കണ്ടു. എന്റെ കോപവും വാശിയും വൈരാഗ്യവും മാറി.

അനേകമനേകം ആളുകൾ ഇന്ന് ഞങ്ങളുടെ ദേശത്ത് ഉണർന്നു വന്നിരിക്കുന്നു. പണ്ടത്തേതിലും വലിയ ഒരു ആത്മീയ ഉണർവ്വ് ഞങ്ങളുടെ ദേശത്ത് ഉണ്ടായിരിക്കുന്നു. അനേകരുടെ മദ്യപാനം മാറി. വഴക്കും പിണക്കവും മാറി. കുടുംബം ഇന്ന് സമാധാനമനുഭവിക്കുന്നു. എത്രയോ യുവാക്കന്മാർ ഉണർന്നിരിക്കുന്നു ! ഇന്ന് എന്റെ വീട്ടിൽ ഒരു പ്രാർത്ഥനായോഗം നടന്നുവരുന്നു. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും കാലം തീർന്നു പോയിട്ടില്ല.

ദൈവം ഗിദെയോനെ നിയമിച്ചു.

ശൗൽ ദമസ്കോസിന്റെ പടിവാതിൽക്കൽ വീണതിനു ശേഷം അനന്യാസ് ശൗലിനോടു പറയുന്ന വാക്കുകൾ ഗിദെയോന് ലഭിച്ച നിയമനത്തിന് തുല്ല്യമാണ് :

> "നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും നീതിമാനായവനെ കാൺമാനും അവന്റെ വായിൽനിന്ന് വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു."
>
> അപ്പോ. പ്രവൃത്തികൾ 22 : 14

പൗലോസ് അപ്പോസ്തലൻ എഫെസ്യർക്കു എഴുതുന്ന

ലേഖനത്തിൽ ഈ നിയമനം ലോകസ്ഥാപനത്തിനു മുമ്പെ ദൈവം കരുതിയതാണെന്ന് കാണുന്നു :

> "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തിരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലൊ." എഫെസ്യർ 1 : 4 – 6

ഒന്ന്, ലോകസ്ഥാപനത്തിനു മുമ്പെ ദൈവം നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു.

രണ്ട്, ദൈവം നമ്മെ ദത്തെടുത്തു. അന്യന്റെ സന്തതിയെ സ്വന്തമകനായി ദത്തെടുത്തു. പിശാചിന്റെ മകനായി പിറന്നവനെ ദൈവപൈതലായി ദത്തെടുത്തു.

മൂന്ന്, ദൈവം നമ്മെ സ്നേഹത്തിൽ മുന്നമെ നിയമിച്ചു.

ഇതുതന്നെയാണ് റോമർക്കെഴുതിയ ലേഖനത്തിൽ പൗലോസ് പറയുന്നത് :

> "അവർ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരൻമാരിൽ ആദ്യജാതൻ ആകേണ്ടതിന്ന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുൻ നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു."

റോമർ 8 : 29 – 30

ഈ വാക്യങ്ങളിൽനിന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയുന്ന ഒരു പരമ സത്യം ഉണ്ട്. നമ്മെ ദൈവം മുമ്പെ തന്നെ നിയമിച്ചിരിക്കുന്നു. മുൻ നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു." റോമർ 8:29–30.

ഈ വാക്യങ്ങളിൽനിന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയുന്ന ഒരു പരമ സത്യം ഉണ്ട്. നമ്മെ ദൈവം മുമ്പെ തന്നെ നിയമിച്ചിരിക്കുന്നു. ക്രിസ്തു ആദ്യജാതൻ. നാമെല്ലാം ക്രിസ്തുവിന്റെ സഹോദരന്മാർ ആകേണ്ടതിന് നമ്മെ മുൻ നിയമിച്ചിരിക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ഛായയും പ്രകൃതിയും ഉള്ളവരായ സഹോദരൻമാരായി നമ്മെ മുന്നമെ നിയമിച്ചതുകൊണ്ട് നമ്മെ ദൈവം ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു.

> "നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു.... നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അരമുറുക്കിയിരിക്കുന്നു." യെശയ്യാവ് 45 : 4 – 5

അങ്ങനെ ദൈവം നമ്മെ വിളിച്ചതുകൊണ്ട് ദൈവം നമ്മെ സൗജന്യമായി നീതീകരിച്ചിരിക്കുന്നു.

> "അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്." റോമർ 3 : 24

കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്ന് വിധിക്കുന്നതാണ് നീതീകരണം. ദൈവം നമ്മെ മുൻ നിയമിക്കുകയും മുന്നറിയുകയും മുന്നമെ വിളിക്കുകയും ചെയ്തതുകൊണ്ട് നീതീ

കരിച്ചു. നീതീകരണം പ്രാപിച്ച ദൈവപൈതലിനെ ക്രിസ്തുവിന്റെ വിശുദ്ധിയുടെ തേജസ്സ് ധരിപ്പിച്ച് തേജസ്ക്കരിക്കുന്നു.

> "കർത്താവിങ്കലേക്ക് തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാമെല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിൻമേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." 2 കൊരിന്ത്യർ 3 : 16 – 18

മുൻനിയമിച്ചു എന്ന പദത്തിൽ ഇത്രയേറെ അനുഭവ സമ്പത്ത് ഉണ്ട്. ക്രിസ്തുവിന്റെ തേജസ്സ് സ്വന്തം ജീവിതത്തിൽകൂടെ പ്രതിബിംബിക്കുന്നവരായി തീരുവാനും ആ തേജസ്ക്കരണത്തിന്റെ അനുഭവത്തിൽ നിന്നുകൊണ്ട് ക്രിസ്തുവിന്റെ സാക്ഷികളായി ഈ വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നില്ക്കുവാനും ആണ് ദൈവം നമ്മെ നിയമിക്കുന്നത്.

യേശുക്രിസ്തു തന്റെ ശിഷ്യനാരെ നിയമിക്കുന്നതിനെക്കുറിച്ച് തിരുവെഴുത്ത് പറയുന്നു :

> "അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു." മർക്കോസ് 3 : 14 – 15

ക്രിസ്തുവിനോടുകൂടെ ഇരിക്കുകയാണ് ഒന്നാമത്തെ കാര്യം.

ആ അനുഭവ സമ്പത്തിന്റെ പിൻബലം ഉള്ളവരെയാണ് പ്രസം ഗിക്കേണ്ടതിന് അയയ്ക്കുന്നത്. തേജസ്സിന്റെ അനുഭവമുള്ള വരെയാണ് ഭൂതങ്ങളെ പുറത്താക്കുവാനുള്ള അധികാരം ഭര മേല്പിക്കുന്നത്.

“നിന്റെ ഈ ബലത്തോടെ പോക” എന്നു ഗിദെയോനോട് പറഞ്ഞ് അവനെ നിയമിക്കുന്ന കല്പനയിൽ ഈ മഹ ത്തായ ആശയം നാം കാണുകയാണ്.

ക്രിസ്തു നമ്മെ നിയമിച്ചിരിക്കുന്നു എന്ന് നാം അറിയേ ണ്ടിയിരിക്കുന്നു. മാന്യ സ്നേഹിതാ, ക്രിസ്തു നിന്നെ തന്റെ തേജസ്സ് അണിയിക്കാനും തന്റെ നാമത്തിൽ ശത്രുക്കളെ ജയിച്ച് ശത്രു ഭീതിയകറ്റാനും നിന്നോടുകൂടെയുള്ള ജന ത്തിന്റെ മേൽനിന്ന് ശത്രുവിന്റെ ആക്രമണത്തെ ചെറുത്തു മാറ്റുവാനും നിയമിച്ചിരിക്കുന്നു എന്ന് നീ വിശ്വസിക്കു ന്നുവോ?

ഗിദെയോനിൽ ആശവെച്ച ദൈവം നിന്നിൽ ആശ വെച്ചി രിക്കുന്നു എന്ന് നീ അറിയുന്നുവോ? നിന്നെക്കൊണ്ട് വൻകാ ര്യങ്ങൾ നിവർത്തിപ്പാൻ ദൈവത്തിന് നിന്നെ ആവശ്യമുണ്ട് എന്ന് നീ അറിയുന്നുവോ? എങ്കിൽ നിന്നെത്തന്നെ താഴ്ത്തി അവന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിക്കുവിൻ. അവനോടു പറവിൻ :

കർത്താവേ, നിന്റെ പ്രത്യക്ഷതയും നിന്റെ അനുഗ്രഹവും നിന്റെ നിയമനവും മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് നിന്റെ തിരുഹിതത്തിനായി ഞാനിതാ എന്നെ ഒരു വ്യവസ്ഥയും കൂടാതെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു. നാഥാ, എന്നെ കൈക്കൊള്ളണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കേ ണമേ. അന്ത്യത്തോളം നിലനിറുത്തണമേ.

# ഏഴ്

“നിന്റെ ഈ ബലത്തോടെ പോക.”

ന്യായാധിപൻമാർ 6 : 14

ഗിദെയോനെ ദൈവം അനുഗ്രഹിച്ച് തന്റെ ജനത്തെ ശത്രുഭീതിയിൽനിന്ന് വിടുവിക്കാനുള്ള മഹത്തായ ദൗത്യം ഭരമേല്പിച്ചതിനെക്കുറിച്ച് കഴിഞ്ഞ ചിന്തിച്ചുവല്ലൊ.

ഒന്ന് : Divine visit – ദൈവിക പ്രത്യക്ഷത.

രണ്ട് : Divine blessing – ദൈവീക അനുഗ്രഹം.

മൂന്ന് : Divine appoinment – ദൈവിക നിയമനം.

നാല് : Self realization സ്വയബോദ്ധ്യം – തന്നത്താൻ തിരിച്ചറിയുന്നു – ആന്തരിക വിനയം.

ദൈവം ഗിദെയോനെ നിയമിക്കുമ്പോൾ ഗിദെയോന്റെ ആന്തരിക വിനയം വെളിപ്പെടുന്നു. ഗിദെയോൻ പറയുകയാണ് :

“കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽവെച്ച് ഞാൻ ചെറിയവനും അല്ലോ.” ന്യായാധിപൻമാർ 6 : 15

ഉള്ളത്തിന്റെ ആഴത്തിൽനിന്ന് ഉറന്നു വരുന്ന ഈ വിനയമാണ് ഏതൊരാളുടെയും വിജയരഹസ്യം. അകമെ എളിമയുള്ളവരാണ് ദൈവസന്നിധിയിൽ വിലയേറിയവർ.

“ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, ദൈവരാജ്യം അവർക്കുള്ളത്.” “സൗമ്യതയുള്ളവർ ഭാഗ്യവാൻമാർ, അവർ ഭൂമിയെ അവകാശമാക്കും.” മത്തായി 5 : 3, 5

“കർത്താവിന്റെ സന്നിധിയിൽ താഴുവിൻ, എന്നാൽ അവൻ നിങ്ങളെ ഉയർത്തും.”
യാക്കോബ് 4 : 10

മോശ ദൈവസന്നിധിയിൽ എളിമപ്പെട്ടു. അറുനൂറായിരത്തിന്റെ മോചനത്തിനുവേണ്ടി മോശയെ ദൈവം ഉപയോഗിച്ചു.

“നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയീമിൽനിന്ന് പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും.”
പുറപ്പാട് 3 : 10

ഇതു കേട്ടപ്പോൾ മോശ പറയുകയാണ് :

“ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ മിസ്രയീമിൽനിന്ന് പുറപ്പെടുവിപ്പാനും ഞാൻ എന്തുമാത്രമുള്ളൂ.” പുറപ്പാട് 3 : 11

മോശയുടെ ഈ എളിമയാണ് അനുഗൃഹീത ശുശ്രൂഷയിലേയ്ക്ക് മോശയെ ദൈവം നയിക്കുന്നതിന് മുഖാന്തിരമായത്.

ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്നതിന് മുമ്പ് ശൗൽ ശമുവേൽ പ്രവാചകരോട് പറയുന്നത് ശ്രദ്ധിക്കാം :

> "ഞാൻ യിസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമീൻ ഗോത്രത്തിലുള്ളവനും എന്റെ കുടുംബം ബെന്യാമീൻ ഗോത്രത്തിലെ സകല കുടുംബങ്ങളിലും വെച്ച് ഏറ്റവും ചെറിയതുമായിരിക്കുന്നു." 1 ശമുവേൽ 9 : 21

ആന്തരീകമായ എളിമ സുബോധത്തിന്റെ ലക്ഷണമാണ്. ജ്ഞാനലക്ഷണമാണ് സൗമ്യതയെന്ന് യാക്കോബ് പറയുന്നുണ്ട്.

> "നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആര് ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ, നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ." യാക്കോബ് 3 : 13

തന്നെത്തന്നെ തിരിച്ചറിയുന്ന അനുഭവത്തിലേക്ക് വരുന്നതാണ് ആത്മീയജീവിതത്തിന്റെ വളർച്ചയുടെ ആദ്യപടി. അതിനെ തുടർന്ന് സ്വയസമർപ്പണം ഉണ്ടാകും.

അഞ്ച്, self-surrender - സ്വയസമർപ്പണം.

> "ഞാൻ പോയി എന്റെ വഴിപാട് കൊണ്ടുവന്ന് നിന്റെ മുമ്പാകെ വെയ്ക്കുവോളം ഇവിടെനിന്ന് പോകരുതേ." ന്യായാധിപൻമാർ 6 : 18

ഗിദെയോൻ ദൈവസന്നിധിയിൽ സമർപ്പിച്ചു. വഴിപാട് അർപ്പിച്ചു.

സാക്ഷാലുള്ള വഴിപാട് എന്തെന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നുണ്ട് :

> "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."
>
> റോമർ 12 : 1

> "ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച് നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."
>
> എഫെസ്യർ 5 : 2

മിദ്യാന്യരുടെ കൈയിൽനിന്ന് യിസ്രായേൽ ജനത്തെ രക്ഷിക്കാൻ ഗിദെയോനിൽകൂടി നിത്യനായ ദൈവത്തിന് പ്രവർത്തിക്കാൻ കഴിയണമെങ്കിൽ, ഗിദെയോൻ സമ്പൂർണ്ണയാഗവും വഴിപാടുമായി തന്നെത്താൻ അർപ്പിക്കേണ്ടതാവശ്യമാണ്.

പ്രിയ സ്നേഹിതാ, ശത്രുനിരകളെ തകർത്ത് ജയജീവിതം നയിക്കണമെന്ന് നിനക്ക് ആഗ്രമുണ്ടോ? പാപത്തിന്റെ മേൽ ജയം കൊള്ളുവാൻ നിനക്ക് ദാഹമുണ്ടോ? പാപവിമുക്തമായ ജീവിതം നയിപ്പാൻ നീ കൊതിക്കുന്നുവോ ?

എങ്കിൽ, യാതൊരു വ്യവസ്ഥയും കൂടാതെ നിന്നെത്തന്നെ ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ സമർപ്പിക്കുക. നിന്റെ ദേഹവും ദേഹിയും ആത്മാവും സമർപ്പിക്കുക. നിന്റെ ശരീരത്തിലെ അവയവങ്ങൾ ഒന്നൊന്നായി സമർപ്പിക്കുക.

നിന്റെ ബുദ്ധിയും ഇച്ഛാശക്തിയും ജ്ഞാനവും അറിവും മുഴുവനായി ക്രിസ്തുവിന്റെ പാദത്തിൽ സമർപ്പിക്കുക. ആശകളും ആശയങ്ങളും ആഗ്രഹങ്ങളും ചിന്തകളും എന്നന്നേക്കുമായി ക്രിസ്തുവിന് സമർപ്പിക്കുക.

ബാലൻ അഞ്ചപ്പവും രണ്ടു മീനും സമർപ്പിച്ചു. വിധവ രണ്ട് ചില്ലിക്കാശ് സമർപ്പിച്ചു. വിദ്വാൻമാർ പൊന്നും മൂരും കുന്തിരിക്കവും സമർപ്പിച്ചു. പാപിനിയായ സ്ത്രീ രണ്ടു തുള്ളി കണ്ണുനീര് സമർപ്പിച്ചു. മുടിയൻ പുത്രൻ കീറിപ്പറിഞ്ഞ് മുഷിഞ്ഞു നാറിയ വേഷത്തോടെ തകർന്നുലഞ്ഞ ജീവിതം സമർപ്പിച്ചു. ശീമോൻ പത്രോസ് മീനുളുമ്പ് നാറുന്ന തന്റെ പടക് സമർപ്പിച്ചു. സ്നേഹിതാ, നീ ഇപ്പോൾ നിന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നുവോ?

ഗിദെയോന്റെ സമർപ്പണത്തിനുശേഷം ഒരു മഹാത്ഭുതം സംഭവിച്ചു. "ഉടനെ പാറയിൽനിന്ന് തീ പുറപ്പെട്ട് മാംസവും പുളിപ്പില്ലാത്ത വടയും ദഹിപ്പിച്ചു." ന്യായം. 6 : 21

ആറ്, acceptance by fire. തീയാലുള്ള അംഗീകരണം. വഴിപാടിൻമേൽ തീ ഇറങ്ങി ദഹിപ്പിച്ചു. ദൈവം സമർപ്പണം അംഗീകരിച്ചു.

കൊടുത്താൽ അവൻ വാങ്ങും. കൊടുക്കാൻ അവൻ നിർബന്ധിക്കുകയില്ല. അവൻ ആരെയും ബലബന്ധം ചെയ്യുകയില്ല. അവൻ ആരിലും തന്റെ ആഗ്രഹം അടിച്ചേല്പിക്കുകയില്ല. സ്വമനസ്സോടെ, പൂർണ്ണ ഹൃദയത്തോടെ കൊടുത്താൽ അവൻ അത് സ്വീകരിക്കും.

കൊടുത്താൽ അവൻ വാങ്ങും. അവൻ വാങ്ങിയാൽ, പ്രിയ സുഹൃത്തേ, അവൻ ആർക്കും കടക്കാരനായിരിക്കയില്ല. അവന് കൊടുത്തതെല്ലാം പതിൻമടങ്ങോ നൂറു മടങ്ങോ

ആയി അവൻ തിരികെ തരും.

> "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരൻമാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടും കൂടെ നൂറുമടങ്ങ് വീടുകളെയും സഹോദരൻമാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവർ ആരുമില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു." മർക്കോസ് 10 : 29 –30

കോടീശ്വരനായിരുന്നു റോക്ക് ഫെല്ലർ. കണക്കില്ലാതെ അദ്ദേഹം ധനം സമ്പാദിച്ചു. എന്തോ ഒരു ഭീതി അദ്ദേഹത്തെ അലട്ടാൻ തുടങ്ങി. അദ്ദേഹത്തിന്റെ മനസ്സമാധാനം നഷ്ടപ്പെട്ടു. മ്ലാനതയും വിഷാദാത്മകതയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ തളം കെട്ടിനിന്നു.

ഭാഗ്യവശാൽ അദ്ദേഹം ജീവിതം ക്രിസ്തുവിനു സമർപ്പിച്ചു. നല്ല കാര്യങ്ങൾക്ക് ചെലവഴിക്കാനായി ഒരു വൻ സ്ഥാപനം അദ്ദേഹം തുടങ്ങി – റോക്ക് ഫെല്ലർ ഫൗണ്ടേഷൻ. അനേകം അഗതികൾക്കും അശരണർക്കും അദ്ദേഹം ധനസഹായം ചെയ്തു. സുവിശേഷപ്രവർത്തനങ്ങൾക്ക് അദ്ദേഹം വാരിക്കോരി ചെലവിട്ടു.

അദ്ദേഹത്തിന്റെ ഹൃദയത്തിൽ സമാധാനം വന്നു. ക്രിസ്തു ജീവിതത്തിൽ മാറ്റം വരുത്തി. ശാന്തതയും സ്വസ്ഥതയും അദ്ദേഹം അനുഭവിച്ചു.

ഗിദെയോന്റെ വഴിപാടിൽ സ്വർഗ്ഗത്തിലെ തീയിറങ്ങി. നാം

സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മുടെ മേലിറങ്ങും.

അബ്രാഹാം സമർപ്പിച്ചു. മൂന്നു വയസ്സുള്ള ഒരു പശുക്കി ടാവിനെയും മൂന്നു വയസ്സുള്ള ഒരു കോലാടിനെയും മൂന്നു വയസ്സുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻ കുഞ്ഞിനെയും അബ്രാഹാം യാഗത്തിനായി കൊണ്ടുവന്നു.

> "ഇവയൊക്കെയും അവൻ കൊണ്ടുവന്ന് ഒത്ത നടുവെ പിളർന്ന് ഭാഗങ്ങളെ നേർക്കുനേരെ വെച്ചു. പക്ഷികളെയോ അവൻ പിളർന്നില്ല. ഉടലുക ളിൻമേൽ റാഞ്ചൻപക്ഷികൾ ഇറങ്ങി വന്നപ്പോൾ അബ്രാം അവയെ ആട്ടിക്കളഞ്ഞു. സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന്ന് ഒരു ഗാഢനിദ്ര വന്നു. ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു."
> ഉല്പത്തി 15 : 10 – 12

വലിയവയെല്ലാം പിളർന്ന് അശുദ്ധമായതെല്ലാം എടുത്ത് കളഞ്ഞു. ചെറിയ പ്രാവിനെയും പ്രാവിൻകുഞ്ഞിനെയും പിളർന്നില്ല. അതത്ര സാരമാക്കിയില്ല. പിളരാത്തവയിലെ അശു ദ്ധിയിൽ അവകാശം പറഞ്ഞ് റാഞ്ചൻപക്ഷികൾ ഇറങ്ങി.

സ്നേഹിതാ, നിന്റെ സമർപ്പണത്തിനും പ്രതിഷ്ഠയ്ക്കും ശേഷവും റാഞ്ചൻപക്ഷികൾ പറന്നു വരുന്നുണ്ടോ? നിന്റെ ജീവിതത്തിൽ പിളരാത്തവയെന്തെങ്കിലുമുണ്ടോ? അശുദ്ധചി ന്തകളും തീയമ്പുപോലെ പാഞ്ഞുവരുന്ന ഹീന വിചാര ങ്ങളും നിന്റെ ഹൃദയത്തിൽ വരാറുണ്ടോ? അവയെ ആട്ടി ക്കളഞ്ഞാലും പിന്നെയും പിന്നെയും വരുന്നുണ്ടോ?

എങ്കിൽ, സ്നേഹിതാ, വേഗം നിന്നെ പിളർന്ന് – എത്ര

ചെറുതെന്നു കരുതുന്നതാണെങ്കിൽ പോലും പിളർന്ന് - യാഗ പീഠത്തിൽ വെയ്ക്കുക. ഇല്ലെങ്കിൽ ഭീതിയും അന്ധതമസ്സും നിന്റെ മേൽ നിഴലിടും. പിളർന്ന് അഴുക്കെല്ലാം ഉപേക്ഷിച്ച് സമർപ്പിച്ചാൽ സ്വർഗ്ഗത്തിലെ അഗ്നി ഇറങ്ങി ദഹിപ്പിക്കും.

ഗിദെയോന്റെ സമർപ്പണവും വഴിപാടും കർത്താവ് തീയാൽ അംഗീകരിച്ചു. യഹോവയുടെ ദൂതൻ ഉടനെ അപ്ര ത്യക്ഷനായി.

> “അവൻ യഹോവയുടെ ദൂതൻ എന്ന് ഗിദെ യോൻ കണ്ടപ്പോൾ : അയ്യോ, ദൈവമായ യഹോ വ, ഞാൻ യഹോവയുടെ ദൂതനെ അഭിമുഖമായി കണ്ടുപോയല്ലോ എന്നു പറഞ്ഞു. യഹോവ അവ നോട് : നിനക്കു സമാധാനം, ഭയപ്പെടേണ്ടാ, നീ മരിക്കയില്ല എന്നു അരുളിച്ചെയ്തു. ഗിദെയോൻ അവിടെ യഹോവെക്കു ഒരു യാഗപീഠം പണി തു. അതിന്നു യഹോവ ശാലോം എന്നു പേരി ട്ടു.” ന്യായാധിപൻമാർ 6 : 22 – 24

ഏഴ്, benediction of peace - സമാധാനത്തിന്റെ വാഴ്വ്. ഗിദെയോന് ദൈവം സമാധാനത്തിന്റെ ആശിസ്സരുളി. നിത്യ നായ ദൈവം ഭൂമിയിലെ ഒരു മനുഷ്യന് സമാധാനത്തിന്റെ ആശീർവ്വാദം നൽകി.

മിദ്യാന്യരുടെ ഭീകരാക്രമണത്തിനു മുമ്പിൽ പതറിയുലഞ്ഞ് കഴിയുന്ന യിസ്രായേൽ ജനത്തിന് സമാധാനം നൽകാൻ ഗിദെയോനെ ദൈവം തന്റെ കരങ്ങളിലെടുക്കുകയാണ്. സ്വർഗ്ഗീയ വാഴ്വും നൽവരവും ആ ദൈവപൈതലിന്റെ മേൽ പകരുകയാണ്.

ജനത്തിന്റെ മേൽ സ്വർഗ്ഗീയ സമാധാനം നൽകാൻ ദൈവ

കരങ്ങളിൽ ഉപയോഗപ്പെടാൻ, മാന്യ സ്നേഹിതാ, താങ്ക ളുടെ ഹൃദയം ത്രസിക്കുന്നുവോ? ശത്രുവിന്റെ കൊള്ള കൊണ്ട് വലഞ്ഞു കിടക്കുന്ന ഒരു കൂട്ടം ജനത്തെക്കുറിച്ച് പുതിയ ഭാരവും ചുമതലാബോധവും ഉൾക്കൊണ്ട് പ്രവർത്തി ക്കാൻ താങ്കൾ ഒരുക്കമാണോ? ക്രിസ്തുവിന്റെ ഒരു സമാ ധാന പുത്രനായി ദേശത്ത് ജീവിക്കുവാൻ താങ്കൾ ആഗ്രഹി ക്കുന്നുവോ ? വീട്ടിലും നാട്ടിലും സമൂഹത്തിലും ചരിക്കുന്നി ടത്തെല്ലാം ക്രിസ്തുവിന്റെ ആശ്വാസപുത്രനാകാൻ, ആശ്വാ സപുത്രിയാകാൻ താങ്കൾ ദാഹിക്കുന്നുവോ?

എങ്കിൽ ഇപ്പോൾ താങ്കളുടെ അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോട് ഒരു വാക്ക് പറയൂ :

കർത്താവേ, കഴിഞ്ഞ കാലങ്ങൾ ശത്രുഭീതിയിലും കഷ്ട ത്തിലും നഷ്ടത്തിലും ജീവിതം പാഴാക്കിക്കളഞ്ഞുപോയി. തിരുത്താനാവാത്ത നഷ്ടങ്ങൾ വന്നുപോയി. കർത്താവേ, ഇന്നു മുതൽ വിലയുള്ള ജീവിതം നയിപ്പാൻ ഞാനിതാ എന്നെത്തന്നെ അവിടത്തെ ക്രൂശിൻചുവട്ടിലർപ്പിക്കുന്നു. ഇന്നു മുതൽ മരണത്തോളം ഒരു വിശുദ്ധനായി, ഒരു ശുദ്ധിമതി യായി ജീവിക്കും എന്ന് ഞാൻ തിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു.

ഈ നാശയോഗ്യമായ ലോകത്തിലെ മാലിന്യങ്ങളെശാ തെ, ലോകത്താലുള്ള കളങ്കം പറ്റാതെ ഞാൻ ജീവിക്കുമെന്ന് തിരുമുമ്പാകെ ഞാൻ വീണ്ടും വാക്കു പറയുന്നു. എന്നെ നീ കഴുകണമേ. തിരുരക്തത്താൽ ശുദ്ധീകരിക്കണമേ. തിരു നാമത്തിന്റെ മുദ്ര എന്റെ മേൽ പതിയുമാറാകണമേ. എന്റെ മേൽ നിന്റെ കുരിശടയാളമിട്ട് വേർതിരിച്ചു നിറുത്തേണമേ.

# എട്ട്

> “ആകയാൽ നീ ചെന്ന് ആർക്കെങ്കിലും ഭയവും ഭീരുതയുമുണ്ടെങ്കിൽ അവൻ ഗിലയാദ് പർവ്വത ത്തിൽനിന്ന് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്ന് ജന ത്തിൽ പ്രസിദ്ധപ്പെടുത്തുക.”
>
> ന്യായാധിപൻമാർ 7 : 3

ഗിദെയോനോടുകൂടെ മിദ്യാന്യരോട് യുദ്ധത്തിന് തയ്യാ റായി പുറപ്പെട്ടവർ മുപ്പത്തീരായിരം പേരായിരുന്നു. ഈ ജനം അധികമാകുന്നു എന്ന് കല്പിച്ചുകൊണ്ട് അവരിൽ കുറെപേരെ മാത്രം ഉപയോഗിച്ചാൽ മതി എന്ന് ദൈവം അരുളിച്ചെയ്തു.

ഈ മുപ്പത്തീരായിരം പേരിൽ ആരെയാണ് ഒഴിവാക്കേ ണ്ടത് എന്നതിന് ദൈവം കല്പിച്ച വചനമാണ് -

“ആകയാൽ നീ ചെന്ന് ആർക്കെങ്കിലും ഭയവും ഭീരുത യുമുണ്ടെങ്കിൽ അവൻ ഗിലയാദ് പർവ്വതത്തിൽ നിന്ന് മട ങ്ങിപ്പൊയ്ക്കൊള്ളട്ടെ.” ന്യായാധിപൻമാർ 7 : 3

ഈ വചനം ഗിദെയോൻ അറിയിച്ചപ്പോൾ ജനത്തിൽ ഇരുപത്തീരായിരം പേർ യുദ്ധത്തിൽനിന്ന് പിന്തിരിഞ്ഞുപോയി. ബാക്കി പതിനായിരം പേരായി ചുരുങ്ങി.

അപ്പോൾ ദൈവം വീണ്ടും കല്പിച്ചു :

> "ജനം ഇനിയും അധികമാകുന്നു. അവരെ വെള്ളത്തിങ്കലേക്ക് കൊണ്ടുപോക, അവിടെവെച്ച് ഞാൻ അവരെ പരിശോധിച്ചു തരാം."
>
> ന്യായാ. 7 : 4

ജനത്തെ വെള്ളത്തിങ്കലേക്ക് കൊണ്ടുപോയി.

> "പട്ടി നക്കിക്കുടിക്കും പോലെ നാവുകൊണ്ട് വെള്ളം നക്കിക്കുടിക്കുന്നവരെയൊക്കെ വേറെയും കുടിപ്പാൻ മുട്ടുകുത്തി കുനിയുന്നവരെയൊക്കെയും വേറെയും നിർത്തുക" എന്ന് കല്പിച്ചു. കൈ വായ്ക്കുവെച്ച് നക്കി കുടിച്ചവർ ആകെ മുന്നൂറു പേരായിരുന്നു." ന്യായാ. 7 : 5 – 6

ആ മുന്നൂറുപേരെകൊണ്ട് മിദ്യാന്യസൈന്യത്തെ തോല്പിക്കാൻ ദൈവം ഗിദെയോനെ നിയോഗിച്ചു.

ആദ്യം മുപ്പത്തീരായിരത്തിൽ ഇരുപത്തീരായിരം പേരെ ഒഴിവാക്കി. പതിനായിരം പേർ ശേഷിച്ചു.

രണ്ടാമത്, പതിനായിരത്തിൽ ഒമ്പതിനായിരത്തി എഴുന്നൂറു പേരെ ഒഴിവാക്കി. ബാക്കി മുന്നൂറുപേർ മാത്രമായി ചുരുങ്ങി.

ഒന്നാം പ്രാവശ്യം ഇരുപത്തീരായിരം പേർക്ക് ഒഴിവാകേണ്ടി വന്നത്, അവർക്ക് ശത്രുവിനോട് എതിർക്കുന്നതിൽ

ഭയവും ഭീരുത്വവുമുണ്ടായിരുന്നതുകൊണ്ടാണ്. ശത്രുവിനോടുള്ള പോരാട്ടത്തിൽ ഭയവും ഭീരുത്വവും പുലർത്തിയാൽ പരാജയം നിശ്ചയമാണ്.

അതിനു കാരണം തിരുവചനം പറയുന്നുണ്ട് -

> "ആർക്കെങ്കിലും ഭയവും അധൈര്യവും ഉണ്ടെങ്കിൽ അവൻ തന്റെ ഹൃദയം പോലെ സഹോദരന്റെ ഹൃദയവും ധൈര്യം കെടുത്താതിരിക്കേണ്ടതിന്ന് വീട്ടിലേക്ക് മടങ്ങിപ്പോകട്ടെ."
>
> ആവർത്തന പു. 20 : 8

ഭയവും അധൈര്യവും പകരുന്നതാണ് (contageous). നൻമയും പകരും, തിൻമയും പകരും. ഒരാൾക്ക് ഭയവും അധൈര്യവുമുണ്ടെങ്കിൽ അത് മറ്റുള്ളവരിലേക്ക് പകരും. അതുപോലെ തന്നെ ഒരാൾക്ക് ധൈര്യവും വിശ്വാസവുമുണ്ടെങ്കിൽ അതും മറ്റുള്ളവരിലേക്ക് പകരും.

മാന്യ സ്നേഹിതാ, പ്രിയ സഹോദരി, നിന്നിൽനിന്ന് മറ്റുള്ളവരിലേക്ക് സംക്രമിക്കുന്നത് എന്താണ് ? വിശുദ്ധിയും സ്നേഹവും നിന്നിൽനിന്ന് മറ്റുള്ളവർക്ക് ലഭിക്കത്തക്കവണ്ണം, നീ സ്നേഹത്തിലും വിശുദ്ധിയിലും നിറഞ്ഞോണോ ജീവിക്കുന്നത്? അതോ, നിന്നിൽനിന്ന് അവിശ്വാസവും അശുദ്ധിയും പരദൂഷണവും ദ്രവ്യാഗ്രഹവും അഹങ്കാരവും സ്വാർത്ഥതയുമാണോ മറ്റുള്ളർക്ക് ലഭിക്കുന്നത് ?

നമ്മുടെ കുഞ്ഞുങ്ങൾ നമ്മിൽനിന്ന് സ്നേഹവും ദീർഘക്ഷമയും പരോപകാരതൽപരതയും പ്രാപിക്കുന്നുണ്ടോ? അനന്തര തലമുറയിലേക്ക് നാം പകരുന്നത് എന്താണ് ?

മൂന്നു വർഷത്തിലേറെ സരപ്തയിലെ വിധവയായ

സ്ത്രീയുടെ ഭവനത്തിൽ നമുക്ക് സമസ്വഭാവമുള്ള ഏലിയാവ് (യാക്കോബ് 5 : 17) താമസിച്ചു. ആ മൂന്നു വർഷത്തിനുശേഷം ആ സ്ത്രീ ഏലിയാവോട് പറയുന്നു :

> “നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു.” 1 രാജാക്കൻമാർ 17 : 24

എലീശാപ്രവാചകനെ കുറിച്ച് ശൂനേമിലെ ധനികയായ സ്ത്രീ ഭർത്താവിനോട് പറയുന്നത് ഇതേ ആശയം തന്നെയാണ് :

> “നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു.”
>
> 2 രാജാക്കന്മാർ 4 : 9.

അബ്രഹാമിനെ വിശ്വാസികളുടെ പിതാവ് എന്ന് വിളിക്കുന്നത് അബ്രാഹാമിന്റെ വിശ്വാസം അനന്തര തലമുറയിലേക്ക് പകർന്നതുകൊണ്ടാണ്. മാന്യ സുഹൃത്തേ, വിശ്വാസവും വിശുദ്ധിയും ദൈവസ്നേഹവും മറ്റുള്ളവരിലേക്ക് പകരുമാറ് ഇന്നു മുതൽ ഒരു പുതിയ ജീവിതം നയിക്കുമെന്ന് താങ്കൾ തീരുമാനിക്കുമോ?

ഭയവും ഭീരുത്വവുമുള്ള ഇരുപത്തീരായിരം പേർ പിൻമാറിക്കഴിഞ്ഞിട്ടും പതിനായിരം പേർ ഉണ്ടല്ലോ പിന്നെയും. അവരെ പരിശോധിക്കുവാൻ വെള്ളത്തിന്നരികിലേക്ക് കൊണ്ടുപോവുകയാണ്. പട്ടിനക്കി കുടിക്കും പോലെ വെള്ളം നക്കിക്കുടിക്കുന്ന മുന്നൂറുപേരെ തെരഞ്ഞെടുത്തു. ന്യായം. 7 : 5 – 6

വെള്ളം കുടിപ്പാൻ മുട്ടുകുത്തി കുനിഞ്ഞവരായിരുന്നു ഒമ്പതിനായിരത്തി എഴുന്നൂറും. യുദ്ധം ചെയ്യേണ്ടത് നിന്നു കൊണ്ടാണല്ലൊ. മുട്ടുകുത്തി കുനിയുന്നവർക്ക് യുദ്ധസന്ന ദ്ധത നഷ്ടപ്പെടുന്നു.

കൈ വായ്ക്കുവെച്ച് നക്കിക്കുടിച്ചവർ കൈയിൽ കൊള്ളു ന്നതേ കുടിക്കുന്നുള്ളൂ. കഷ്ടിച്ച് ഒന്ന് ദാഹം തീർക്കാൻ മാത്രം കുടിക്കുന്നു. അവർ അവരുടെ ജീവനെ വിലയേറി യതായി എണ്ണുന്നില്ല. അവർ യുദ്ധത്തിന്നു മാത്രം മുൻഗ ണന നൽകുന്നവരാണ്. നിവർന്നു നിന്ന് വെള്ളം നക്കിക്കു ടിക്കുമ്പോഴും അവരുടെ കണ്ണ് ശത്രുനിരയിലേക്കാണ്.

ശത്രുവിനോടുള്ള യുദ്ധത്തിൽ ഏകാഗ്രത കൂടിയേ കഴി യൂ. ചിലപ്പോൾ ഭക്ഷണം ഉപേക്ഷിക്കണം. ചിലപ്പോൾ ദാഹ ജലം കിട്ടിയില്ലെന്നു വരാം. ചിലപ്പോൾ കാലാവസ്ഥ പ്രതി കൂലമാകാം. ചിലപ്പോൾ സാഹചര്യങ്ങളെല്ലാം എതിരാണെ ന്നുവരാം. പക്ഷേ യുദ്ധത്തിന്ന്, തന്നെത്തന്നെ മറന്ന്, ഒന്നാം സ്ഥാനം നൽകുന്നവർ മാത്രമേ വീരപോരാളികളായി വിജയ വൈജയന്തി ഏന്തുകയുള്ളൂ.

അപ്പോസ്തലനായ പൗലോസ് മൂന്നു സംവത്സരം താമ സിച്ച് വേലചെയ്തതിനുശേഷം ആസ്യയിൽനിന്ന് പോകാൻ തുടങ്ങുമ്പോൾ അവിടുത്തെ മൂപ്പൻമാരെയെല്ലാം വിളിച്ചു കൂട്ടി അവരോടു പറയുന്ന വിലപ്പെട്ട ചില വാക്കുകളുണ്ട് അതിൽ പറയുന്നു :

> “ഇപ്പോൾ ഇതാ, ഞാൻ ആത്മാവിനാൽ ബന്ധി ക്കപ്പെട്ടവനായി യരുശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തി രിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും

സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളതൊന്നും ഞാനറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല, എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളൂ."

അപ്പോ. പ്രവൃ. 20 : 22 – 24

ഈ സമർപ്പണത്തിന്റെ ആഴങ്ങൾ പൗലോസ് അപ്പോസ്തലനെ ഭരിച്ചിരുന്നതുകൊണ്ട് ഏഷ്യയുടെ പടിഞ്ഞാറൻ പ്രദേശങ്ങളും യൂറോപ്പും സുവിശേഷംകൊണ്ട് കീഴ്മേൽ മറിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ആ മുന്നൂറുപേരെകൊണ്ട് ഗിദെയോൻ മുന്നോട്ടു പോയി. ഓരോരുത്തരുടെ കൈയിലും ഓരോ കാഹളവും വെറും കുടവും കുടത്തിനുള്ളിൽ പന്തവും കൊടുത്തു. അവർ കാഹളം ഊതി, കുടങ്ങൾ ഉടച്ചു. കുടത്തിനുള്ളിൽ അതുവരെ കത്തിനിന്നിരുന്ന പന്തങ്ങൾ കരത്തിലുയർത്തിപ്പിടിച്ചു. അവരെല്ലാവരും ഒരുമിച്ച് ആർത്തു :

"യഹോവയ്ക്കും ഗിദെയോനും വേണ്ടി വാൾ."

ന്യായാ. 7 : 20

കുടം ഉടച്ച ശബ്ദം, കാഹളം ഊതുന്ന ആരവാരം, തീജ്ജ്വാല ആളിപ്പടരുന്ന പന്തങ്ങൾ. പടയാളികൾ ആർപ്പിടുന്ന ആഘോഷ ശബ്ദം. ഇതെല്ലാം കൂടി കണ്ടും കേട്ടും പരിഭ്രമിച്ച് ഞെട്ടിയുണർന്ന മിദ്യാന്യ സൈന്യം പരസ്പരം വെട്ടി.

"ആ മുന്നൂറുപേരും കാഹളം ഊതിയപ്പോൾ

യഹോവ പാളയത്തിലൊക്കെയും ഓരോരുത്തന്റെ വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു.” ന്യായാ. 7 : 22

ദൈവമാണ് യുദ്ധം നടത്തിയത്. കാരണം “യുദ്ധം യഹോവയ്ക്കുള്ളത്.” 1 ശമുവേൽ 17 : 47

“യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രേ.”
2 ദിനവൃത്താന്തം 20 : 15

ഗിദെയോൻ ശത്രുനിരകളെ ഭേദിക്കുകയും മിദ്യാന്യരുടെ ആക്രമണത്തിൽനിന്ന് യിസ്രായേൽ മക്കളെ രക്ഷിക്കുകയും ചെയ്യാൻ മുഖാന്തിരമായ നാലു കാര്യങ്ങളുണ്ട്.

ഒന്ന്, right vision - ശരിയായ ദർശനം.

ന്യായാധിപൻമാരുടെ പുസ്തകം 6 : 12-ൽ നാം വായിക്കുന്നത് ദൈവദൂതൻ ഗിദെയോനു പ്രത്യക്ഷമായി എന്നാണ്. ദൈവത്തിന്റെ വചനം ഗിദെയോനു ലഭിച്ചു. ഒരു നല്ല കാഴ്ചപ്പാട് ഗിദെയോന് ലഭിച്ചു. ശത്രുഭീതികൊണ്ട് മുന്തിരിച്ചക്കിന്നരികെ വെച്ച് ഗോതമ്പു മെതിച്ചുകൊണ്ടിരുന്ന ഭയചകിതനായ ഗിദെയോന് വചനത്താൽ ദൈവം ധൈര്യം കൊടുത്തു.

ദൈവം ഉപേക്ഷിച്ചു കളഞ്ഞു എന്നും ദൈവം കൂടെയില്ലാത്തതുകൊണ്ടാണ് ഈ കെടുതികളും ആപത്തുകളും വരുന്നത് എന്നും ധരിച്ച് നിരാശയിലും ഭീതിയിലും വലഞ്ഞിരുന്ന ദൈവപുരുഷൻ കേൾക്കുകയാണ് ദൈവശബ്ദം :

“അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടു കൂടെയുണ്ട്.” 6 : 12

ഒന്ന്, right vision  ശരിയായ ദർശനം.

രണ്ട്, right surrender  ശരിയായ സമർപ്പണം. ശരിയായ പ്രതിഷ്ഠ.

6 : 18 ൽ നാം വായിക്കുന്നത് ഗിദെയോന്റെ സമർപ്പ ണമാണ്.

> "ഞാൻ പോയി എന്റെ വഴിപാട് കൊണ്ടുവന്ന് നിന്റെ മുമ്പാകെ വെയ്ക്കുവോളം ഇവിടെനിന്ന് പോകരുതേ." ന്യായാ. 6 : 18

ഗിദെയോന്റെ വഴിപാട് ദൈവം അംഗീകരിച്ചു. സ്വർഗ്ഗ ത്തിന്റെ അഗ്നി ഇറങ്ങി. ദൈവം ഗിദെയോന്റെ സമർപ്പ ണത്തെ സ്വീകരിച്ചു.

മൂന്ന്, right beginning  ശരിയായ ആരംഭം, നല്ല തുടക്കം.

ഗിദെയോൻ യാഗപീഠം പണിതു. യാഗമർപ്പിച്ചു. ദൈവ വചനപ്രകാരം യാഗം കഴിച്ചു :

> "നിന്റെ അപ്പന്റെ ഇളയ കാളയായ ഏഴു വയ സ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ടുചെന്ന് നിന്റെ അപ്പനുള്ള ബാലിൻ ബലിപീഠം ഇടിച്ചു അതിന്നരികെയുള്ള അശേര പ്രതിഷ്ഠയെ വെട്ടി ക്കളക. ഈ ദുർഗ്ഗത്തിന്റെ മുകളിൽ നിന്റെ ദൈവ മായ യഹോവയ്ക്ക് നിയമപ്രകാരം ഒരു യാഗ പീഠം പണിത് ആ രണ്ടാമത്തെ കാളയെ എടുത്ത് നീ വെട്ടിക്കളയുന്ന അശേരാപ്രതിഷ്ഠയുടെ വിറ കുകൊണ്ട് ഹോമയാഗം കഴിക്ക."
>
> ന്യായം. 6 : 25 - 26

യാഗമർപ്പിക്കുന്നതിനു മുമ്പ് വിഗ്രഹാരാധന തകർക്കണം. സകല അന്ധവിശ്വാസങ്ങളെയും അബദ്ധാചാരങ്ങളെയും ദൂരെ കളയണം. അശേര പ്രതിഷ്ഠകളെ വെട്ടിക്കളയണം. അന്യവിഗ്രഹങ്ങളെയും ജാതീയാരാധനയെയും വിട്ടുകളഞ്ഞിട്ടു വേണം യാഗമർപ്പിക്കുവാൻ. ഒരു നല്ല തുടക്കം വേണം.

നാല്, right weapon – ശരിയായ ആയുധം. ന്യായം. 7 : 16 – 22

ശരിയായ ആയുധം സ്തുതിയാണ്. സ്തുതിയുടെയും സ്തോത്രത്തിന്റെയും ആരവം, ആഘോഷം, ആരാധനയുടെ ഏറ്റവും ഗൗരവമേറിയ സമാപനത്തോടടുത്ത് “നാം എല്ലാ വരും അട്ടഹസിച്ചു പറയണ” മെന്ന് അതിവിശുദ്ധ സ്ഥല ത്തുനിന്ന് പുറപ്പെടുന്ന കല്പന ശ്രദ്ധിച്ചിട്ടുണ്ടോ?

“പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്ക പ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദി മുതൽ തല മുറകൾ തലമുറകൾ വരെയും തനിക്ക് സ്തുതി. ഹാല്ലേലു യ്യാ.”

മൺകുടം ഉടച്ച്, പന്തം ഉയർത്തി, കാഹളം ഊതി സ്തുതി ച്ചപ്പോൾ ശത്രുപാളയം കിടിലം കൊണ്ടു. ശത്രുനിരകൾ താറുമാറായി. യോശുവായും ജനവും യറീഹോ കോട്ടയ്ക്കു ചുറ്റും നടന്ന് സ്തുതിച്ചപ്പോൾ യറീഹോ കോട്ട തകർന്നതു പോലെതന്നെ.

വിശുദ്ധ സ്തുതിയുടെ മുമ്പിൽ പൈശാചിക ശക്തികൾ ഞെട്ടിവിറയ്ക്കും. ഹാല്ലേലുയ്യാ എന്ന ജയഘോഷത്തിന്റെ മുമ്പിൽ ശത്രുനിരകൾ തകർന്നടിയും.

മാന്യ സ്നേഹിതാ, ഗിദെയോനെപ്പോലെയും ഗിദെയോ

നോടു ചേർന്നുനിന്ന മുന്നൂറുപേരെപ്പോലെയും ദൈവകരങ്ങളിൽ ഉപയോഗപ്പെടാൻ താങ്കൾക്കാഗ്രഹമുണ്ടോ?

എങ്കിൽ ഭയവും ഭീരുത്വവും വിട്ട്, ബലശാലിയായി ഉണരുക. ഒരു പുതിയ കാഴ്ചപ്പാടോടെ, ഒരു ശരിയായ സമർപ്പണത്തോടെ, ശരിയായ ഒരു തുടക്കം കുറിക്കാൻ ശരിയായ യാഗാർപ്പണത്തോടുകൂടെ സ്തുതിയെന്ന ശരിയായ ആയുധമേന്തി പുറപ്പെടുക.

കാൽവറിക്രൂശിൽ സാത്താന്റെ തലയെ തകർത്തവൻ നിനക്ക് വിജയം തരും. ഒരു പുതിയ തീരുമാനം എടുക്കുമോ? നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

പ്രാർത്ഥിക്കാം. കാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, ഗിദെയോനെ തൃക്കരങ്ങളിൽ എടുത്തതുപോലെ എന്നെയും വഹിക്കണമേ. തന്ന ദിവ്യദൂതുകൾക്കായി സ്തോത്രം. അന്ത്യത്തോളം നിറുത്തണമേ.

## ഒൻപത്

“അന്നാളിൽ വംശങ്ങൾക്ക് കൊടിയായി നിൽക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചു വരും. അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും.”
യെശയ്യാ 11 : 10

“യഹോവ നിന്റെ വ്യസനവും നിന്റെ കഷ്ട തയും നീ ചെയ്യേണ്ടിവന്ന നിന്റെ കഠിനദാസ്യവും നീക്കി നിനക്കു വിശ്രാമം നൽകുന്ന നാൾ.”
യെശയ്യാ 14 : 3

The glorious resting place – മഹത്വമുള്ള വിശ്രമസ്ഥാനം – യിശ്ശായിയുടെ വേര് കർത്താവായ യേശുക്രിസ്തു. യിശ്ശായി യുടെ കുറ്റിയിൽ നിന്നുള്ള മുള യേശുക്രിസ്തുവാണ്. യേശു ക്രിസ്തു മഹത്വമുള്ള വിശ്രമ സ്ഥാനമാണ്.

ആധുനിക മനുഷ്യൻ വിശ്രമമില്ലാതെ ഓടുകയാണ്, വിശ്ര മമില്ലാതെ അദ്ധ്വാനിക്കുകയാണ്. ഒരല്പം വിശ്രമം ലഭിച്ചിരു

ന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്ന എത്രയെത്ര ആളുകളുണ്ട്. എന്റെ ജോലിയെല്ലാം ബാക്കി കിടക്കുന്നു. ഇതൊക്കെ തീർത്തിട്ട് എനിക്ക് എന്നാണ് ഒരു വിശ്രമം കിട്ടുന്നതെന്ന് പറയുന്ന അനേകരുണ്ട്.

എനിക്ക് ഓർമ്മവെച്ച കാലം മുതൽ എനിക്ക് വിശ്രമമില്ല. എനിക്ക് എന്നും അദ്ധ്വാനഭാരവും ജോലിത്തിരക്കും തന്നെ; എന്നിങ്ങനെ ചിലർ പറയുന്നത് നാം കേട്ടിട്ടുണ്ടാകും.

ഞാനീ സെക്ഷനിൽ വന്നതിനുശേഷം എനിക്കെന്തൊരു ബദ്ധപ്പാടാണ് ! ഈ ഓഫീസിൽ വന്ന അന്നു മുതൽ എന്തൊരു ജോലിത്തിരക്കാണ്! എന്ന് പറഞ്ഞ് വിശ്രമമില്ലാത്തതിൽ നെടുവീർപ്പിടുന്നവരെ നാം കണ്ടിട്ടുണ്ടാകാം.

തിരുവചനം പറയുന്നു : ക്രിസ്തു നമ്മുടെ വിശ്രമസ്ഥാനം എന്ന്. ക്രിസ്തു നമ്മുടെ മഹത്വമാർന്ന വിശ്രമസ്ഥാനമെന്ന്. യഹോവ നിന്റെ വ്യസനം നീക്കിത്തരും. യഹോവ നിന്റെ കഷ്ടത നീക്കിത്തരും. യഹോവ നിന്റെ ജീവിതത്തിലെ കഠിനദാസ്യം. നീക്കിത്തരും. യഹോവ നിനക്ക് വിശ്രമം തരും.

സ്നേഹിതാ, ദൈവം തരുന്ന ആന്തരിക സ്വസ്ഥതയും വിശ്രമവും നിനക്ക് വേണമോ? നാളിതുവരെ അനുഭവിച്ചിട്ടില്ലാത്ത ശാന്തിയും സ്വസ്ഥതയും നിനക്കു തരുവാൻ ദൈവം തയ്യാറാണെന്ന് നീ വിശ്വസിക്കുന്നുവോ? ഇന്ന് ഈ വാക്കുകളെ കേട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ അലൗകികമായ ഒരു സ്വസ്ഥത നിന്റെ ഹൃദയത്തിലേക്ക് പകർന്നു തരാൻ കർത്താവ് മനസ്സലിവുള്ളവനും മതിയായവനുമാണെന്ന് വിശ്വസിക്കുന്നുവോ?

എങ്കിൽ ഈ നിമിഷം തന്നെ നിന്റെ അരികത്ത് നിൽക്കുന്ന

[redacted]

ക്രിസ്തുവിനോട് നീ ഒന്നു പറയൂ : കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെ മേൽ വയ്ക്കണമേ. നാഥാ, നിന്റെ അഭൗമ ശാന്തി എന്റെ ഹൃദയത്തിലേക്ക് പകരണമേ.

ക്രിസ്തു എങ്ങനെയെല്ലാം മഹത്വകരമായ വിശ്രമമായിരിക്കുന്നു എന്ന് നമുക്ക് ചിന്തിക്കാം :

ഒന്ന്, ക്രിസ്തുവിന്റെ അരികിലുള്ള വിശ്രമം.

> “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.” മത്തായി 11 : 28 – 29

ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് ഇംഗ്ലീഷിൽ 'I will give you rest' എന്നാണ്. ‘ഞാൻ നിങ്ങൾക്ക് വിശ്രമം നൽകും’ എന്നർത്ഥം. അദ്ധ്വാനിച്ചും ഭാരം ചുമന്നും വശംകെട്ടുപോയവർക്ക് വിശ്രമം തരാം എന്ന് ക്രിസ്തു പറയുന്നു.

അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയുമല്ലോ മനുഷ്യരെല്ലാവരും. Tension (ആന്തരിക പിരിമുറുക്കം) കൊണ്ട് വലഞ്ഞു തകർന്നുപോയ അനേകമനേകം ജീവിതങ്ങളെ ആശ്വാസം കൊണ്ട് പോഷിപ്പിക്കാൻ ക്രിസ്തു ഇതാ നമ്മുടെ അരികിലെത്തിയിരിക്കുന്നു.

അദ്ധ്വാനം നിഷ്ഫലമായി, ഭാരപ്പെട്ട് തളർന്നിരുന്ന ഒരാളായിരുന്നു ശീമോൻ പത്രോസ്. അന്ന് വീട്ടിൽ പട്ടിണിയാ

ണല്ലൊ എന്ന് ആ പാവം മുക്കുവത്തൊഴിലാളി ഓർത്തു. ഒരു മീൻ പോലും കിട്ടിയില്ലല്ലൊ.

അടുപ്പത്ത് കലം വെച്ച് അരി ഇപ്പോൾ കൊണ്ടുവരും എന്ന പ്രതീക്ഷയോടെ തിളയ്ക്കുന്ന വെള്ളത്തിലേയ്ക്കും പത്രോസ് വരുന്നോ എന്ന് വെളിയിലേയ്ക്കും മാറി മാറി നോക്കുന്ന ഭാര്യ.

പത്രോസ് ഓർത്തു, ഇന്നത്തെ അദ്ധ്വാനമെല്ലാം വ്യർത്ഥമായിപ്പോയല്ലോ. ഇന്ന് എന്തു പറഞ്ഞ് വീട്ടിലേയ്ക്കു ചെല്ലും?

പത്രോസ് പടകിൽ താടിയ്ക്കു കൈയും കൊടുത്ത് മ്ലാനവദനനായി ഇരിക്കുകയായിരുന്നു. അപ്പോഴാണ് യേശു പടകിന്റെ അരികത്ത് നിന്നത്. പടകിൽ കയറി ഇരുന്ന യേശു കരയിലുള്ള ജനത്തോട് സംസാരിച്ചു. തിരുവചനം കേട്ടുകൊണ്ടിരുന്നപ്പോൾത്തന്നെ ശീമോന്റെ ആകുലങ്ങൾ കുറേശ്ശെ മാറിക്കൊണ്ടിരുന്നു.

"പടകിന്റെ വലഞ്ഞുഭാഗത്ത് വല വീശുവിൻ," എന്ന് ക്രിസ്തു പറഞ്ഞപ്പോൾ ശീമോൻ അനുസരിച്ചു. പെരുത്ത് മീൻകൂട്ടം വലയിൽ അകപ്പെട്ടു. ശീമോന്റെ മ്ലാനത മുഴുവൻ മാറി. മുഖം തെളിഞ്ഞു. ഉള്ളവും തെളിഞ്ഞു. അതിരില്ലാത്ത ആശ്വാസം ഹൃദയത്തിലേക്ക് ഇരച്ചു കയറി.

ക്രിസ്തു തരുന്ന വിശ്രമം. ക്രിസ്തുവിന്റെ പാദപീഠത്തിൽ ലഭിക്കുന്ന വിശ്രമം.

രണ്ട്, വീണ്ടെടുപ്പുകാരന്റെ പാദത്തിലുള്ള വിശ്രമം.

> "നിങ്ങൾ താന്താന്റെ ഭർത്താവിന്റെ വീട്ടിൽ വിശ്രാമം പ്രാപിക്കേണ്ടതിന്ന് യഹോവ നിങ്ങൾക്കു കൃപ നൽകുമാറാകട്ടെ. രൂത്ത് 1 : 9.

[redacted]

"മകളേ, നിനക്ക് നന്നായിരിക്കേണ്ടതിന് ഞാൻ നിനക്കുവേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷി ക്കേണ്ടയോ" രൂത്ത് 3 : 1, 1 : 9

മൂന്ന് വിധവമാർ. അടുപ്പിച്ചടിപ്പിച്ചുള്ള മരണം. ഒരു വീട്ടിൽത്തന്നെ മൂന്ന് മരണം. നൊവൊമിയുടെ ഭർത്താവ് എലീമേലെക്ക് മരിച്ചു. മക്കൾ മഹ്ലോനും കില്യോനും മരി ച്ചു. നൊവൊമി, രൂത്ത്, ഒർപ്പാ-മൂന്നു വിധവമാരും മുഖ ത്തോടു മുഖം നോക്കി വിതുമ്പിക്കരഞ്ഞുകൊണ്ടിരിക്കുക യാണ്.

അമ്മായിയമ്മ പറഞ്ഞു - മക്കളേ, നിങ്ങൾ ഇവിടെ, ഈ മോവാബിൽതന്നെ താമസിച്ചുകൊള്ളൂ. ഞാൻ ബേത്‌ലഹേ മിലേക്ക് മടങ്ങിപ്പോകുകയാണ്. നിങ്ങൾ ഇവിടെ പാർത്ത് പുനർവിവാഹം കഴിഞ്ഞ് സമാധാനമായി വിശ്രമിക്കൂ. എന്റെ ജീവിതത്തിലെ നല്ല കാലമെല്ലാം കഴിഞ്ഞു. എന്റെ ജീവിതം കരിഞ്ഞുണങ്ങി. എന്റെ ഭാവിയെല്ലാം ഇരുളടഞ്ഞു. നിങ്ങൾ സമാധാനമായി ഇവിടെ ജീവിക്കൂ.

ഭർത്താവ് മരിച്ച്, വിശ്രമമില്ലാതെ കരഞ്ഞുകൊണ്ടിരിക്കു ന്നവർ ആരെങ്കിലും ഈ വാക്കുകൾ വായിക്കുന്നുണ്ടോ? ഭാര്യയുടെ വിയോഗം മൂലം ചിറകൊടിഞ്ഞ പക്ഷിയെപോലെ ഏങ്ങലടിച്ചുകൊണ്ടിരിക്കുന്നവർ ആരെങ്കിലും ഇത് വായിക്കു ന്നുണ്ടോ? മാതാപിതാക്കൾ നഷ്ടപ്പെട്ട് അനാഥാവസ്ഥയിലാ ണോ, സഹോദരാ, നീ ഇപ്പോൾ കഴിയുന്നത്? എങ്കിൽ നിനക്ക് ആശ്വാസവും വിശ്രമവും നൽകാൻ ക്രിസ്തു സ്നേഹവായ്പോടെ നിന്റെ അരികത്തിതാ, നിൽക്കുന്നു.

രൂത്ത് അമ്മായിയമ്മയുടെ കൂടെ ബേത്‌ലഹേമിലേക്ക് പോയി. "നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ

[redacted]



ദൈവം," എന്ന് പറഞ്ഞ് അവൾ നൊവെമിയോട് പറ്റിനിന്നു.

നൊവെമി രൂത്തിനോടു പറയുകയാണ് :

> "മകളേ നിനക്ക് നന്നായിരിക്കേണ്ടതിന് ഞാൻ നിനക്കുവേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ?" രൂത്ത് 3 : 1

രൂത്തിന് ഒരു നല്ല വിശ്രമസ്ഥാനം ലഭിച്ചു. അത് മഹത്വപൂർണ്ണമായ വിശ്രമസ്ഥലം ആയിരുന്നു – ബോവസിന്റെ പാദപീഠം.

പഴയ നിയമത്തിലെ ബോവസ് പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ നിഴലിലാണ്, പ്രതീകമാണ്. ബോവസ്സ് വീണ്ടെടുപ്പുകാരനാണ്.

ബോവസിന്റെ വയലിൽ വിശ്രമം കിട്ടി. ബോവസിന്റെ കാൽക്കൽ വിശ്രമം കിട്ടി. ബോവസിന്റെ മണവറയിൽ വിശ്രമം ലഭിച്ചു. രൂത്ത് മോവാബ്യ സ്ത്രീയായിരുന്നു. പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശനത്തിനർഹതയില്ലാത്തവളായിരുന്നു. (ആവർത്തന പു 23 : 3, നെഹമ്യാവ് 13 : 1) ക്രിസ്തുവിന്റെ വംശാവലിപ്പട്ടികയിൽ സ്ഥാനം ലഭിച്ചു രൂത്തിന്. (മത്തായി 1 : 5)

ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു. ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു. യിശ്ശായി ദാവീദ് രാജാവിനെ ജനിപ്പിച്ചു. അങ്ങനെ രൂത്ത് ദാവീദ് രാജാവിന്റെ അമ്മൂമ്മയാകാനുള്ള ഭാഗ്യപദവി നേടി.

ഒന്ന്, ക്രിസ്തുവിന്റെ അരികിലുള്ള വിശ്രമം.

രണ്ട്, വീണ്ടെടുപ്പുകാരന്റെ പാദത്തിലുള്ള വിശ്രമം.

മൂന്ന്,

"യഹോവയുടെ നിയമപെട്ടകം അവർക്ക് വിശ്രാമസ്ഥലം അന്വേഷിക്കേണ്ടതിന്ന് മൂന്നു ദിവസത്തെ വഴി മുമ്പോട്ടു പോയി." സംഖ്യാപുസ്തകം 10 : 33.

യിസ്രായേൽ ജനം മരുഭൂമിയിൽകൂടി യാത്ര ചെയ്യുകയായിരുന്നു. ദൈവികസാന്നിദ്ധ്യമരുളുന്ന നിയമപെട്ടകം അവർക്ക് വിശ്രമസ്ഥലം അന്വേഷിക്കേണ്ടതിന് മൂന്നു ദിവസത്തെ വഴി മുന്നോട്ടു പോയി.

ദൈവം നടത്തികൊണ്ടു പോകുന്ന ജനത്തിന് വിശ്രമസ്ഥലം അന്വേഷിക്കുന്ന ദൈവത്തിന്റെ സ്നേഹവും കരുതലും എത്ര മഹോന്നതം! പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെയാണ് ഇത് കാണിക്കുന്നത്. ദൈവത്തിന്റെ ഹിതത്തിനൊത്ത് നാം നടക്കുമ്പോൾ നമുക്കുവേണ്ടി മുന്നമേ വഴിയൊരുക്കി നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ കരുതൽ എത്ര ശ്രേഷ്ഠമാണ്.

> "ഞാൻ നിന്നെ ഉപദേശിച്ച് നനടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചു തരും. ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ച് നിനക്ക് ആലോചന പറഞ്ഞു തരും." സങ്കീ. 32 : 8
>
> "നീ എന്നെ വലങ്കൈയ്ക്ക് പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും." സങ്കീ. 73 : 23 – 24
>
> "നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ : വഴി ഇതാകുന്നു, ഇതിൽ നടന്നു

[redacted]



കൊൽവിൻ എന്നൊരു വാ്ക് പിറകിൽ നിന്ന് കേൾക്കും." യെശയ്യാ 30 : 21

നാല്, അന്ത്യവിശ്രമം. ദാനിയേൽ 12 : 13, വെളിപ്പാട് 14 : 13.

''നീയോ അവസാനം വരുവോളം പൊയ്ക്കൊൾക, നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും." ദാനിയേൽ 12 : 13

"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു, അത് പറഞ്ഞത് : എഴുതുക : ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ, അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു."

വെളിപ്പാട് 14 : 13

ഏതൊരാളും നേരിടേണ്ടി വരുന്ന ഒരു യാഥാർത്ഥ്യമാണ് മരണം. ദൈവബോധമില്ലാത്തവർക്ക് മരണം ഭയവും പരിഭ്രമവുമുളവാക്കുന്നതാണ്. ദൈവപൈതലിനോ മരണം അന്തിമ വിശ്രമമാണ്. ഈ ലോകത്തിലെ ക്ലേശങ്ങളും രോഗങ്ങളും വേദനകളും യാതനകളും തീർന്ന് സമാധാനത്തിന്റെ സ്വർഗ്ഗ തീരം അണയുന്നതാണ്.

സ്നേഹിതാ, താങ്കൾക്ക് മരണം ഒരു വിശ്രമം ആയിട്ടനുഭവപ്പെടുന്നുണ്ടോ? അതോ, മരണം ഒരു ഭീതി വിഷയമാണോ? ഇന്ന് ഞാൻ കടന്നു പോയാൽ എന്റെ രക്ഷകനായ ക്രിസ്തുവിന്റെ അരുമപാദത്തിലെത്തും എന്ന ഉറപ്പ് നിനക്കുണ്ടോ? ഒരു നല്ല ഭാഗ്യകരമായ അന്ത്യം ലഭിച്ചില്ലെങ്കിൽ നമ്മുടെ ജീവിതം പൂജ്യമല്ലേ?

അഞ്ച്, നിത്യവിശ്രമം.

> "അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്ന് വരാതിരിപ്പാൻ നാം ഭയപ്പെടുക........ വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു."
>
> എബ്രായർ 4 : 1 – 3

നിത്യയുഗത്തിലെ വിശ്രമത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഈ ഭൂമിയിൽ ബദ്ധപ്പാടും ജോലിത്തിരക്കും കഷ്ടവും നഷ്ടവും ക്ലേശവും പ്രശ്നവും എല്ലാം ആണെങ്കിലും ഇതെല്ലാം കഴിഞ്ഞ് ഇതൊന്നുമില്ലാത്ത നിത്യസ്വസ്ഥത നമുക്കുവേണ്ടി ഒരുക്കി വെച്ചിരിക്കുന്നു എന്നത് എത്രയോ ഭാഗ്യകരമായ പ്രത്യാശയാണ്! ആ നിത്യ ജീവന്റെ ഉറപ്പ് ഈ ഭൂമിയിൽവെച്ച് നേടുന്നതാണ് മഹാഭാഗ്യം. മറ്റെന്തു നേടിയാലും എല്ലാം ശവക്കുഴിയിൽ തീരും. മരണത്തോടെ എല്ലാം നമ്മെ വിട്ടുപോകും. മാറാതെ നിൽക്കുന്നത് ക്രിസ്തുവും ക്രിസ്തുവിന്റെ രാജ്യവും മാത്രം.

> "മാറിടും മനുജരെല്ലാം
> മറന്നിടും സ്നേഹിതരും
> മാറ്റമില്ലാത്തവൻ എൻ മനുവേൽ
> മഹിമയിൽ വാഴുന്നു ഇന്നുമെനിക്കായ്"

എന്ന് ഭക്തകവി പാടി. നാമും നേടണ്ടേ ഈ മഹാഭാഗ്യം? ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധൻമാർ രൂപാന്തരപ്പെട്ട് പറന്നുയരും. വാങ്ങിപ്പോയ വിശുദ്ധൻമാർ ഉയിർത്തെഴുന്നേറ്റ് പുതുശരീരം പ്രാപിച്ച് പറന്നുയരും. നിത്യവിശ്രമത്തിന്റെ നിത്യയുഗത്തിലേക്കുള്ള പ്രവേശനത്തിന് ഒരുങ്ങേണ്ടത് ഈ ശരീരത്തിൽ ജീവൻ കുടികൊള്ളുമ്പോഴാണ്.

സ്നേഹിതാ, താങ്കൾ നിത്യതയ്ക്കായൊരുങ്ങിയോ ? ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിച്ചുവോ?

നമുക്ക് പ്രാർത്ഥിക്കാം : നാഥാ, തന്ന ദിവ്യദൂതുകൾക്കായി സ്തോത്രം. നിത്യവിശ്രമത്തിലേക്ക്, മഹത്വപൂർണ്ണമായ വിശ്രമസ്ഥലത്തേക്ക് ഞങ്ങളെ എത്തിക്കുവാൻ ഈ ഭൂമിയിൽവെച്ചുതന്നെ ക്രിസ്തു തരുന്ന വിശ്രമം അനുഭവിക്കുവാൻ കൃപ തരുന്നതിനായി സ്തോത്രം. നിത്യവിശ്രമത്തിനായി ഒരുക്കിക്കൊള്ളണമേ.

## പത്ത്

"ഞാൻ ശമര്യയെ വയലിലെ കൽക്കുന്നു പോലെയാക്കും." മീഖാ 1 : 6

"ഞാൻ യരുശലേമിനെ കൽക്കുന്നുകളും കുറുനരികളുടെ പാർപ്പിടവും ആക്കും, ഞാൻ യഹൂദാപട്ടണങ്ങളെ നിവാസികൾ ഇല്ലാതാകുംവണ്ണം ശൂന്യമാക്കിക്കളയും." യിരെമ്യാവ് 9 : 11

പാപത്തിന്റെ ഫലമായി മനുഷ്യന്റെ മേൽ വരുന്ന ശിക്ഷയുടെയും നാശത്തിന്റെയും പ്രതീകമാണ് കൽക്കുന്ന്. കൽക്കുന്ന് കൽക്കൂമ്പാരമാണ്. മനുഷ്യൻ പാപത്തിന്നടിമയായിത്തീരുമ്പോൾ അവന്റെ മേൽ സ്വാഭാവികമായും അനിവാര്യമായും ശിക്ഷ വന്നു ചേരുന്നു. ആ ഭീകരമായ കെടുതിയെക്കുറിക്കുന്നതിനാണ് 'കൽക്കുന്ന്' എന്ന് തിരുവെഴുത്തിൽ കാണുന്നത്.

മനുഷ്യന് വന്നുപോയ പാപങ്ങളെക്കുറിച്ച് ദൈവം മനുഷ്യനെ ഓർമ്മപ്പെടുത്തുന്നു.

> "ഇതൊക്കെയും യാക്കോബിന്റെ അതിക്രമം നിമിത്തവും യിസ്രായേൽ ഗൃഹത്തിന്റഎ പാപങ്ങൾ നിമിത്തവുമാകുന്നു. യാക്കോബിന്റെ അതിക്രമം എന്ത്? ശമര്യയല്ലയോ? അതുകൊണ്ട് ഞാൻ ശമര്യയെ വയലിലെ കൽക്കുന്നുപോലെയും മുന്തിരിത്തോട്ടത്തിലെ നടുതല പോലെയും ആക്കും."
>
> മീഖാ. 1 : 5 – 6

യിരെമ്യാവ് പറയുന്നു :

> "അവരുടെ നാവ് മരണകരമായ അസ്ത്രമാകുന്നു, അത് വഞ്ചന സസാരിക്കുന്നു, വായ്കൊണ്ട് ഓരോരുത്തനും താന്താന്റെ കൂട്ടുകാരനോട് സമാധാനം സംസാരിക്കുന്നു, ഉള്ളുകൊണ്ടോ, അവന്നായി പതിയിരിക്കുന്നു. ഇവ നിമിത്തം ഞാൻ അവരെ സന്ദർശിക്കാതെ ഇരിക്കുമോ? ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതെ ഇരിക്കുമോ എന്ന് യഹോവയുടെ അരുളപ്പാട്. പർവ്വതങ്ങളെക്കുറിച്ച് ഞാൻ കരച്ചലും വിലാപവും മരുഭൂമിയിലെ മേച്ചൽപ്പുറങ്ങളെക്കുറിച്ച് പ്രലാപവും തുടങ്ങും, ആരും വഴി പോകാതെ വണ്ണം അവ വെന്തു പോയിരിക്കുന്നു, കന്നുകാലികളുടെ ഒച്ച കേൾക്കുന്നില്ല, ആകാശത്തിലെ പക്ഷികളും മൃഗങ്ങളും എല്ലാം വിട്ടുപോയിരിക്കുന്നു, ഞാൻ യരുശലേമിനെ കൽക്കുന്നുകളും കുറുനരികളുടെ പാർപ്പിടവും ആക്കും."
>
> യിരെമ്യാവ് 9 : 8 – 11

പാപത്തിന്റെ ഫലമായി മനുഷ്യജീവിതത്തിൽ നേരിട്ട ശിക്ഷയുടെ പ്രതീകമായി കൽക്കുന്നുകൾ ഉയർന്ന വിവിധ സംഭവങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്ന്, ആഖാന്റെ മേൽ വന്ന കൽക്കൂമ്പാരം.

> "അവന്റെ മേൽ അവർ ഒരു വലിയ കൽക്കുന്നു കൂട്ടി." യോശുവ 7 : 26

ദൈവത്തിന്റെ അത്ഭുത കൃപയാൽ യരീഹോകോട്ട തകർന്നു. യിസ്രായേൽ ജനം അത് കൈവശമാക്കി. അന്ന് യോശുവായാണ് ജനത്തെ നടത്തുന്നത്. പട്ടണം പിടിക്കുന്നതിനു മുമ്പ് യോശുവ പറഞ്ഞിരുന്നു :

> "ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവയ്ക്കു ശപഥാർപ്പിതമായിരിക്കുന്നു..... എന്നാൽ നിങ്ങൾ ശപഥം ചെയ്തിരിക്കെ ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ട് യിസ്രായേൽ പാളയത്തിന് ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന്ന് ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരിമ്പും കൊണ്ടുള്ള പാത്രങ്ങളും യഹോവയ്ക്കു വിശുദ്ധം. അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരേണം." യോശുവ 6 : 17 - 19

> "ശപഥാതർപ്പിതം ഒക്കെയും യഹോവയ്ക്ക് അതിവിശുദ്ധം ആകുന്നു." ലേവ്യ. 27 : 28

എന്നാൽ ഈ കല്പനയ്ക്ക് വിരുദ്ധമായി ആഖാൻ ശപഥാർപ്പിതവസ്തുവിൽ ചിലത് മോഷ്ടിച്ചു. ഒരു ബാബിലോന്യ

[redacted]

മേലങ്കിയും ഒരു പൊൻകട്ടിയും ഇരുന്നൂറു ശേക്കൽ വെള്ളിയും ആഖാൻ മോഷ്ടിച്ചു. ആഖാൻ അവയെ കണ്ടു, അവയെ മോഹിച്ചു, അവയെ എടുത്തു, അവ ഒളിച്ചു വെച്ചു.

കണ്ടു, മോഹിച്ചു, എടുത്തു, മറവു ചെയ്തു. കാണുന്നതിലാണ് പാപത്തിന്റെ ആരംഭം. തുടർന്ന് മോഹിച്ചു.

ദാവീദ് ഊരിയാവിന്റെ ഭാര്യയായ ബെത്ശേബയെ കാണുന്നതിലാണ് മോഹത്തിന്നടിമയായിപ്പോയത്. അതാണ് തുടർന്ന് ഏറ്റവും മ്ലേച്ഛമായ പാപത്തിൽ വീഴാനും ദാവീദിന്റെ ജീവിതം തകർന്നു പോകാനും കാരണമായത്. 2 ശമുവേൽ 11-ാം അദ്ധ്യായം.

നീതിമാനായ ഇയ്യോബ് പറയുന്നുണ്ട് :

> "ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു : പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെങ്ങനെ?" ഇയ്യോബ് 31 : 1

കർത്താവായ യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ പറയുന്ന വചനം ഇക്കാര്യം വളരെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു :

> "വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് : സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി."
>
> മത്തായി 5 : 27 – 28

ആഖാന്റെ പാപം മോഹത്തിലും മോഹം നോട്ടത്തിലും ആരംഭിച്ചു.

തിരുവചനം പറയുന്നു :

"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
യാക്കോബ് 1 : 15

ആഖാൻ ഒരാൾ പാപം ചെയ്തതിന്റെ ഫലമായി യിസ്രായേൽ ജനത്തിനെല്ലാം കെടുതിയും കഷ്ടവും നഷ്ടവും വന്നു. ഹായി കോട്ടയെ ആക്രമിക്കാൻ പോയവർ കോട്ട പിടിച്ചില്ലെന്നു മാത്രമല്ല, തോറ്റ് പിൻമാറി, മുപ്പത്താറോളം പേരുടെ ജീവഹാനിക്ക് അത് കാരണമായിത്തീർന്നു.

അപ്രതീക്ഷിതമായി നേരിട്ട കനത്ത നഷ്ടത്തിലും തോൽവിയിലും അകം നൊന്ത് യോശുവ കരഞ്ഞുകൊണ്ട് ഉപവസിച്ചു. വൈകുന്നേരംവരെ ആഹാരമൊന്നും കഴിക്കാതെ നിലവിളിച്ചുകൊണ്ട് കിടന്ന യോശുവയോട് ദൈവം സംസാരിച്ചു.

"യിസ്രായേൽ പാപം ചെയ്തിരിക്കുന്നു, ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു, അവർ മോഷ്ടിച്ച്, മറവു ചെയ്ത്, തങ്ങളുടെ സാമാനങ്ങൾക്കിടയിൽ വെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപഗ്രസ്തരായതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല. നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിച്ച്, അവരോട് പറക.... യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്. ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കിക്കളയും

> വരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്ക് കഴികയില്ല.” യോശുവ 7 : 10 – 13

ഇത് കേട്ടുകൊണ്ടിരിക്കുന്ന മാന്യ സ്നേഹിതാ, നിന്റെ ജീവിതത്തിലേക്ക് ഇപ്പോൾ നീ ഒന്നു തിരിഞ്ഞു നോക്കുമോ? നിന്റെ ജീവിതത്തിൽ വന്ന ചില കനത്ത നഷ്ടങ്ങൾക്കും കെടുതികൾക്കും പിന്നിൽ ശാപങ്ങൾ നില്ക്കുന്നുണ്ടോ? നിന്റെ ജീവിതത്തിൽ സംഭവിച്ച ചില പാപങ്ങളും ശാപകരമായ പ്രവൃത്തികളും നിന്നെ ഇന്ന് വിടാതെ പിന്തുടരുന്നുവോ ?

പൂർവ്വിക തലമുറയിൽ നിന്ന് എന്തെങ്കിലും ശാപങ്ങൾ, സ്നേഹിതാ, നിന്റെ മേൽ നില്ക്കുന്നുണ്ടോ ? മോഷണമോ, കവർച്ചയോ, വ്യഭിചാരജീവിതമോ, നിരപരാധികളെ നൊമ്പരപ്പെടുത്തിയതോ, നിന്റെ ജീവിതച്ചെയ്തികൾ മൂലം ആരെങ്കിലും ഉള്ളു നൊന്തു കരയാനിടയായതോ, മന്ത്രവാദമോ, കൈവിഷമോ, കൂടോത്രങ്ങളോ, ആഭിചാരങ്ങളോ, വിഗ്രഹാരാധനയോ കൊലപാതകമോ മൂലം നിന്റെ മേൽ ശാപം നില്ക്കുന്നുവോ ?

എങ്കിൽ, പ്രിയ സ്നേഹിതാ, ഒന്ന് നീ വിശ്വസിക്കൂ, സകല ശാപവും സകല പാപവും മാറ്റാനാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്.

> “ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലയ്ക്കു വാങ്ങി.” ഗലാത്യർ 3 : 10 – 13

പിശാചിന്റെ തല തകർത്തവനായ ക്രിസ്തുവിന് നിന്റെ ജീവിതത്തിന്റെ നിയന്ത്രണം വിട്ടു കൊടുക്കുമെങ്കിൽ സകല ശാപവും ഒരു നിമിഷംകൊണ്ട് നിന്നിൽനിന്ന് മാറിപ്പോകും.

വരൂ, ക്രിസ്തുവിന്റെ പാദത്തിലേയ്ക്ക് ഓടിയണയൂ. ക്രിസ്തുവിനെ നിന്റെ ഹൃദയത്തിലേക്ക് നിർബ്ബന്ധമായി ക്ഷണിക്കൂ.

ആഖാനെ യോശുവയുടെ മുന്നിൽ കൊണ്ടുവന്നു. യോശുവ ആഖാനോടു പറഞ്ഞു :

> "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്ത് അവനോട് ഏറ്റു പറക, നീ എന്തു ചെയ്തു എന്ന് പറക, എന്നോടു മറച്ചു വെയ്ക്കരുത്." യോശുവ 7 : 19

ആഖാൻ എല്ലാം ഏറ്റു പറഞ്ഞു. മോഷണവസ്തുക്കൾ മറവിടത്തിൽനിന്ന് എടുത്തുകൊണ്ടുവന്നു.

സമയം കഴിഞ്ഞുള്ള ഏറ്റുപറച്ചിലായിപ്പോയി. സ്വയം കുറ്റബോധത്തോടുകൂടിയുള്ള ഏറ്റുപറച്ചിലായിരുന്നില്ല. പിടിക്കപ്പെട്ടു പോയതുകൊണ്ട്, നിർവ്വാഹമില്ലാതെയുള്ള ഏറ്റുപറച്ചിലായിരുന്നു.

ഹായിക്കോട്ട പിടിക്കാൻ പറ്റാതെ തോറ്റ് പിൻമാറേണ്ടി വന്നപ്പോൾ ആഖാന് ഓടിവന്ന് പാപം ഏറ്റു പറയാമായിരുന്നു. യോശുവയും ജനത്തിന്റെ മൂപ്പൻമാരും ഉപവാസത്തോടെ നിലവിളിച്ചുകൊണ്ടു കിടന്നതു കണ്ടപ്പോൾ ഓടിവന്ന് ഏറ്റു പറയാമായിരുന്നു.

ഇപ്പോൾ സമയം വൈകിപ്പോയി. ആഖാനെയും ആഖാനുള്ളവരെയും എല്ലാം ആഖോർ താഴ്വരയിലേക്ക് കൊണ്ടുപോയി കല്ലെറിഞ്ഞു. അവിടെ വലിയോരു കൽക്കൂമ്പാരം ഉണ്ടായി.

രണ്ടാമത്തെ കൽക്കൂമ്പാരം ഹായിരാജാവിന്റെ മേൽ ഉണ്ടായകൽക്കുന്നാണ്. യിസ്രായേൽ ജനം മുന്നേറിക്കൊണ്ടിരുന്ന

പ്പോൾ ഹായിരാജാവ് അവരെ എതിരിട്ടു. ഘോരയുദ്ധം ഉണ്ടായി. യുദ്ധത്തിൽ യിസ്രായേൽ ജയിച്ചു. ഹായിരാജാവിനെ ഒരു മരത്തിൽ തൂക്കി. അവനെ മരത്തിൽ നിന്നിറക്കി കല്ലെറിഞ്ഞു. ഒരു വലിയ കൽക്കൂമ്പാരം അവിടെ ഉണ്ടായി.

ഹായിരാജാവിന്, ദൈവം വിളിച്ചുകൊണ്ട് പോകുന്ന ദൈവജനത്തെ എതിർക്കാതിരിക്കാമായിരുന്നു. ദൈവജനം ദൈവം നടത്തിക്കൊണ്ടു പോകുന്ന ജനമാണ്. അവരെ ഉപദ്രവിക്കുന്നത് ദൈവത്തെത്തന്നെ ഉപദ്രവിക്കുകയാണ്.

അതുകൊണ്ടല്ലോ, ശൗൽ ദമസ്കോസ് റോഡിൽവെച്ച് കേട്ടത് :

> "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" അപ്പൊ. പ്ര. 9 : 4

ശൗൽ യേശുവിനെ ഉപദ്രവിച്ചിട്ടില്ല. പക്ഷേ യേശുവിന്റെ പ്രിയ ജനത്തെ ഉപദ്രവിച്ചു.

> "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു."
> മത്തായി 10 : 40 - 41

റാഹാബ് ഒരു വേശ്യാസ്ത്രീയായിരുന്നു. അവൾക്ക് വേണമെങ്കിൽ ദൈവമക്കൾ രണ്ടുപേർ അവളുടെ വീട്ടിൽ ചെന്നപ്പോൾ അവരെ ഒറ്റിക്കൊടുത്ത് രാജാവിന്റെ പ്രീതിയും ബഹുമാനവും നേടാമായിരുന്നു.

പക്ഷേ, റാഹാബ് അങ്ങനെ ചെയ്തില്ല. അവൾ ദൈവത്തെയും ദൈവജനത്തെയും ആദരിച്ചു. അതിനു കാരണം അവൾ ദൈവത്തെ വിശ്വസിച്ചു. ദൈവജനത്തെ വിശ്വസി

[redacted]

ച്ചു. പിൽക്കാലത്ത് അപ്പോസ്തലനായ പൗലോസ് റാഹാബി നെക്കുറിച്ച് പറയുന്നുണ്ട് :

> "വിശ്വാസത്താൽ റാഹാബ് എന്ന വേശ്യ ഒറ്റു കാരെ സമാധാനത്തോടെ കൈക്കൊണ്ടു അവി ശ്വാസികളോടുകൂടെ നശിക്കാതിരുന്നു."
>
> എബ്രായർ 11 : 31

ദേശം ഒറ്റുനോക്കുവാൻ ചെന്നവർ റാഹാബിന്റെ വീട്ടിൽ വിശ്രമിച്ചു. അവരോട് റാഹാബ് പറയുന്നത് അവളുടെ വിശ്വാ സത്തിന്റെ ദാർഢ്യത്തെ കാണിക്കുന്നു :

> "യഹോവ ഈ ദേശം നിങ്ങൾക്ക് തന്നിരിക്കു ന്നു, നിങ്ങളെയുള്ള ഭീതി ഞങ്ങളുടെ മേൽ വീണിരിക്കുന്നു.... നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവമാകുന്നു." യോശുവ 2 : 9 – 11

ആ വേശ്യാസ്ത്രീ ദൈവത്തിൽ വിശ്വസിച്ചു, രക്ഷപ്പെട്ടു. ഹായിരാജാവ് ദൈവത്തെ വിശ്വസിച്ചില്ല. കൽക്കൂമ്പാരത്തി നുള്ളിലായി.

വേശ്യാസ്ത്രീ ദൈവമക്കളെ വിശ്വസിച്ചു. സ്നേഹിച്ചു, സഹായിച്ചു. അവളും അവളോട് ചേർന്നിരുന്ന എല്ലാവരും രക്ഷപ്പെട്ടു. ഹായിരാജാവ് ദൈവജനത്തെ എതിർത്തു. അവരെ ഉപദ്രവിച്ചു. ദയനീയ അന്ത്യം നേടി.

മാന്യ സഹോദരാ, പ്രിയ സഹോദരീ, പാപത്തിന് ശിക്ഷ യുണ്ടെന്ന് മനസ്സിലായില്ലേ? ഇനിയും പാപത്തിൽ ജീവിക്ക ണമോ? പാപത്തെയും പിശാചിനെയും ക്രൂശിന്മേൽ വെച്ച് തകർത്ത കർത്താവായ യേശുവിനെ നീ ഇപ്പോൾ വിളിച്ച പേക്ഷിക്കുമോ? യേശുവിന്റെ രക്തം സകല പാപവും പോക്കി

ശുദ്ധീകരിക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ, ഇപ്പോൾ നിന്റെ ഹൃദയത്തിൽനിന്ന് നീ പറയുക. കർത്താവായ യേശുവേ, നീ എനിക്കുവേണ്ടി മരിച്ച് എന്റെ ശാപവും പാപവും മാറ്റിയതിനാൽ ഇന്നു മുതൽ ഞാൻ നിന്റെ ഒരു വിശുദ്ധദാസനായി, നിന്റെ ഒരു ശുദ്ധിമതിയായി ജീവിക്കും എന്ന് ഞാൻ, ഇതാ, പ്രതിജ്ഞ ചെയ്യുന്നു.

നമുക്ക് പ്രാർത്ഥിക്കാം.

നാഥാ, ജീവദാതാവായ പരിശുദ്ധ പിതാവേ, അവിടന്ന് ദാനമായി തന്ന കൃപയുടെ വചനങ്ങൾക്കായി സ്തോത്രം. ദിവ്യദൂതിനായി സ്തോത്രം. അന്ത്യത്തോളം വിശ്വസ്തതയോടെ നില്പാൻ സഹായിക്കണമേ.

## പതിനൊന്ന്

"ഞാൻ ശമര്യയെ വയലിലെ കൽക്കുന്നുപോലെയാക്കും." മീഖാ 1: 6

ദൈവത്തിന്റെ കോപത്തിന്റെ നിദർശനമാണ് കൽക്കുന്ന്. ദൈവികശിക്ഷയുടെ പ്രതീകമാണ് കൽക്കുന്ന്.

തിരുവചനത്തിലെ കൽക്കൂമ്പാരങ്ങളെക്കുറിച്ച് ചിലത് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചുവല്ലൊ.

ഒന്ന് : ആഖാന്റെ മേലുണ്ടായ കൽക്കൂമ്പാരം.

രണ്ട് : ഹായിരാജാവിന്റെ മേലുണ്ടായ കൽക്കന്ന്.

മൂന്ന് : അബ്ശാലോം രാജകുമാരന്റെ മേലുണ്ടായ കൽക്കൂമ്പാരം.

"അബ്ശാലോമിനെ അവർ എടുത്ത് വനത്തിൽ ഒരു വലിയ കുഴിയിൽ ഇട്ടു. അവന്റെ മേൽ ഏറ്റവും വലിയോരു കൽക്കൂമ്പാരം കൂട്ടി."

2 ശമുവേൽ 18 : 17

പഴയ നിയമത്തിലെ മുടിയൻ പുത്രനാണ് അബ്ശാലോം. അപ്പനെ ആദ്യം രഹസ്യമായും പിന്നെ പരസ്യമായും എതിർത്ത ധൂർത്ത പുത്രൻ. മകനെ പേടിച്ച് അപ്പൻ വീടു വിട്ടോടേണ്ടിവരുമാറ് അപ്പനെ ദുഃഖിപ്പിച്ച മുടിയൻ പുത്രൻ. അവന്റെ അന്ത്യം യൗവ്വനത്തിന്റെ നല്ല തിളപ്പുറ്റ പ്രായ ത്തിൽ കൽക്കൂമ്പാരത്തിനുള്ളിൽ.

> "നിനക്ക് നൻമ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടു കൂടിയ അദ്യ കൽപന ആകുന്നു."
>
> എഫെസ്യർ 6 : 1 – 3

പൗലോസ് അപ്പോസ്തലൻ ന്യായപ്രമാണ കല്പന ഉദ്ധരിച്ച് എഫെസ്യ ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുകയാണിവിടെ. മാതാപിതാക്കളെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് അനുഗ്രഹത്തിന് നിദാനമാണെന്ന് തിരുവചനം ആവർത്തിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

സദൃശവാക്യങ്ങളിൽ നാം വായിക്കുന്നു:

> "അപ്പനെ ശപിക്കുകയും അമ്മയെ അനുഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നൊരു തലമുറ! തങ്ങൾക്കു തന്നെ നിർമ്മലരായിത്തോന്നുന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കോത്തിപ്പറിക്കുകയും കഴുകിൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും."
>
> സദൃശവാക്യങ്ങൾ 30 : 11 – 17

[redacted]



അബ്ശാലോം തന്റെ സഹോദരനായ അമ്നോനെ അടിച്ചു കൊന്നവനാണ്. സ്വന്തം പിതാവിനെതിരായി കൂട്ടുകെട്ടുണ്ടാക്കിയവനാണ്.

എന്നാൽ ഏറ്റവും സുന്ദരനായിരുന്നു അബ്ശാലോം. അകമെ സകലതിന്മയും ദുഷ്ടതയും തിങ്ങിയവനായിരുന്നെങ്കിലും.

> "എല്ലാ യിസ്രായേലിലും സൗന്ദര്യംകൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല, അടി തോട്ടു മുടിവരെ അവന് ഒരു ഊനവും ഇല്ലായിരുന്നു."
>
> 2 ശമുവേൽ 14 : 25

സ്വന്തം മകനെ പേടിച്ച് പ്രാണഭീതിയോടെ വീടുവിട്ടോടുന്ന ദാവീദ് രാജാവിനെ തിരുവചനം വർണ്ണിക്കുന്നത് ആരുടെയും ഉള്ളലിയിക്കുന്ന വിധമാണ്:

> "ദാവീദ് തല മൂടിയും ചെരിപ്പിടാതെയും നടന്ന്, കരഞ്ഞുംകൊണ്ട് ഒലീവ് മലയുടെ കയറ്റം കയറി. കൂടെയുള്ള ജനമൊക്കെയും തലമൂടി കരഞ്ഞുംകൊണ്ട് കയറിച്ചെന്നു."
>
> 2 ശമുവേൽ 15 : 30

അബ്ശാലോം അപ്പനെ ധിക്കരിക്കുകയും സഹോദരനെ കൊല്ലുകയും ചെയ്തതിനു പുറമെ ഏറ്റവും ഹീനമായ, ഹൃദയഭേദകമായ, പുറത്ത് പറയാൻ കൊള്ളാത്ത മറ്റൊരു പ്രവൃത്തികൂടി ചെയ്തു എന്ന് 2 ശമുവേൽ 16 : 22-ൽ നാം വായിക്കുന്നുണ്ട്.

ദാവീദിന്റെ സൈന്യത്തോട് യുദ്ധത്തിന്, മകനായ

അബ്ശാലോം പദ്ധതി തയ്യാറാക്കി. അബ്ശാലോമിന്റെ അഭിമാന വിഷയിരുന്ന തലമുടി തന്നെ അവന്റെ നാശത്തിന് മുഖാന്തിരമായി. അവൻ കോവർ കഴുതപ്പുറത്ത് കയറി ഓടിച്ചുപ്പോകുമ്പോൾ കരുവേലകത്തിന്റെ കൊമ്പിൽ അവന്റെ തലമുടി കുരുങ്ങി, കഴുത അവന്റെ കീഴിൽനിന്ന് ഓടിപ്പോയി. 2 ശമുവേൽ 18:9

തൂങ്ങിക്കിടക്കുന്ന അബ്ശാലോമിനെ സൈന്യത്തിലെ പത്തു ബാല്യക്കാർ വളഞ്ഞു നിന്ന് അടിച്ചു കൊന്നു. അവനെ എടുത്ത് വനത്തിൽ ഒരു വലിയ കുഴിയിൽ ഇട്ടു. അവന്റെ മേൽ വലിയോരു കൽക്കൂമ്പാരം കൂട്ടി.

പ്രിയ സ്നേഹിത, അബ്ശാലോമിന്റെ അന്ത്യം നിനക്കെന്തെങ്കിലും പാഠം നൽകുന്നുണ്ടോ? മാതാപിതാക്കളെ അനുസരിക്കാതെയും കീഴ്പ്പെടാതെയും ഇരിക്കുന്നവരുടെ അന്തം ഭയാനകമല്ലേ? നിന്റെ അപ്പനെയോ അമ്മയെയോ നീ ദ്വേഷിച്ചിട്ടുണ്ടോ? അവരെ ദുഃഖിപ്പിച്ചിട്ടുണ്ടോ? പ്രിയനെ, നീ അതിവേഗം അനുതപിക്കൂ. നിനക്കും നിന്റെ സന്തതിക്കും ശാപം മാറിക്കിട്ടേണ്ടതിന് അവരോട് നീ ക്ഷമചോദിക്കൂ.

അബ്ശാലോമിന്റെ മേൽ വന്ന കൽക്കൂമ്പാരം.

നാല്, പാപിനിയായ സ്ത്രീയുടെ മേൽ വരുമായിരുന്ന കൽക്കുന്ന്. (യോഹന്നാൻ 8 : 1 – 11)

ശാസ്ത്രിമാരും പരീശൻമാരും ഒരു സ്ത്രീയെ വലിച്ചിഴച്ചു കൊണ്ടുവരുന്നു. അവൾ കുതറി ഓടാൻ ശ്രമിക്കുന്നുണ്ട്. അവർ വിടുന്നില്ല. അവളെ വ്യഭിചാര കർമ്മത്തിൽ പിടിച്ചുകൊണ്ടു വരികയാണ്. ധാർമ്മികരോഷം പൂണ്ട്, കടുത്ത അമർഷത്തോടെ അവർ അവളെ ക്രിസ്തുവിന്റെ സന്നിധിയിൽ കൊണ്ടുവന്നിരിക്കയാണ്.

ക്രിസ്തുവിൽ കുറ്റം ആരോപിക്കുവാൻ എന്തെങ്കിലും സംഗതി കിട്ടണമെന്ന നിഗൂഢോദ്ദേശത്തോടെയാണ് അവർ അവളെ കൊണ്ടുവന്നത്. അവർ ചോദിച്ചു :

> "ഗുരോ, ഈ സ്ത്രീയെ വ്യഭിചാര കർമ്മത്തിൽത്തന്നേ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്ന് മോശ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു. നീ ഇവളെക്കുറിച്ച് എന്തു പറയുന്നു?" യോഹ. 8 : 4 – 5

യേശുക്രിസ്തു ആകട്ടെ മൗനമായിരുന്നു. നിലത്തേയ്ക്ക് കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു. ഇടയ്ക്ക് യേശു ശിരസ്സുയർത്തി പറഞ്ഞു :

> "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ." യോഹ 8 : 7

അവർ നോക്കിയപ്പോൾ അവരുടെ രഹസ്യപാപങ്ങളാണ് ക്രിസ്തു നിലത്തെഴുതിവെച്ചത്. വീണ്ടും കുനിഞ്ഞ് കർത്താവ് അവരുടെ പാപങ്ങൾ നിലത്തെഴുതുകയാണ്. അവർ അമ്പരന്നു. അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തി. ഹൃദയമറിയുന്നവന്റെ മുമ്പിലാണ് വന്നിരിക്കുന്നതെന്ന് അവർക്ക് മനസ്സിലായി. കഴിഞ്ഞകാല ജീവിതം എല്ലാം ക്രിസ്തുവിനറിയാം എന്നവർ ഗ്രഹിച്ചു. പിന്നെ അവരാരും അവിടെ നിന്നില്ല.

ആ സ്ത്രീ മാത്രമായി. മരണത്തെ മുഖാമുഖം കണ്ട് അവിടെ എത്തിയതാണ്. കുറ്റകൃത്യത്തിൽ തന്നെ പിടിക്കപ്പെട്ടു. കല്ലെറിഞ്ഞു കൊല്ലുവാൻ അധികാരമുള്ളവരുടെ കൈയിൽ പെട്ടു കഴിഞ്ഞു. ശരീരമാകെ കല്ലേറുകൊണ്ട് തകർന്ന്, അസ്ഥികൾ ഒടിഞ്ഞ് തകർന്ന് അവിടെ വീഴും.

കല്ലുകളുടെ ഒരു കൂമ്പാരത്തിനുള്ളിൽ അവൾ കിടക്കും. ഇതെല്ലാം ചിന്തിച്ച് ജീവിതമറ്റു എന്ന് ധരിച്ചു നിന്ന സ്ത്രീ! ഇപ്പോൾ അവളിതാ, അത്ഭുതസ്തബ്ധയായി നില്ക്കുകയാണ്.

യേശുക്രിസ്തുവിന്റെ മുഖത്തുനിന്ന് കണ്ണു പറിക്കാതെ, ഇമവെട്ടാതെ അവൾ നില്ക്കുകയാണ്. ഈ അത്ഭുതപുരുഷന്റെ അടുത്തെത്താനിടയായത് എത്ര ഭാഗ്യമായി! ഇവിടെ വന്നു ചേർന്നില്ലായിരുന്നെങ്കിൽ ഇപ്പോൾ കൽക്കുന്നിനുള്ളിൽ അമർന്നേനെ!

യേശു തലയുയർത്തി നോക്കി. അവളെ ആർദ്രതയോടെ കർത്താവ് നോക്കി. സ്രഷ്ടാവ് സൃഷ്ടിയെ കാരുണ്യത്തോടെ നോക്കുകയാണ്. സ്രഷ്ടാവിന്റെ കണ്ണുകൾ നിറഞ്ഞു. പാപം വരട്ടിക്കളഞ്ഞ ഒരു ജീവിതമിതാ, തന്റെ മുമ്പിൽ. പിശാച് പന്താടിയ തന്റെ കൈപ്പത്തിയിതാ സാത്താന്റെ കളിപ്പാവയായി തകർന്നു പോയ ഒരു മനുഷ്യസൃഷ്ടിയിതാ സ്രഷ്ടാവിന്റെ മുമ്പിൽ.

ക്രിസ്തു ചോദിച്ചു : "അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ?"

ആ ശബ്ദം കേട്ടപ്പോൾ അവളുടെ ഉള്ളം തകർന്നുപോയി. വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. വിക്കി വിക്കി അവൾ പറഞ്ഞു : "ഇല്ല, കർത്താവേ."

ക്രിസ്തു പറഞ്ഞു :

> "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത്." യോഹ. 8 : 11

എന്തൊരാശ്വാസം! എന്തൊരത്ഭുതം!

[redacted]

പാപം ചെയ്യാത്തവർ കല്ലെറിയട്ടെ, എന്ന് പറഞ്ഞ ക്രിസ്തു പാപമില്ലാത്തവനാണ്. ക്രിസ്തുവിന് അവളെ, അതുകൊണ്ടു തന്നെ, ശിക്ഷിക്കാം.

പക്ഷേ കാരുണ്യനിധി പറഞ്ഞത്, "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത്."

സഹോദരാ, കഴിഞ്ഞ ജീവിതമൊന്നും ക്രിസ്തു നിന്നോടു ചോദിക്കുന്നില്ല. ഇനിയെന്ത് എന്നു മാത്രമാണ് ക്രിസ്തു നിന്നോടു ചോദിക്കുന്നത്. മേലിൽ പാപം ചെയ്യരുത് എന്ന ഒരൊറ്റ വാക്യത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ കാമ്പും കാതലും ഉൾക്കൊള്ളുകയാണ്. നീ എന്തു തീരുമാനിക്കുന്നു?" "നാഥാ, വന്നതു വന്നുപോയി. ഇനിയില്ല. ഇന്നു മുതൽ പാപമില്ലാത്ത ഒരു ജീവിതം ഞാൻ നയിക്കും. മേലിൽ ഞാൻ പാപം ചെയ്യുകയില്ല," എന്ന് ക്രിസ്തുവിനോട് നീ ഇപ്പോൾ പറയുമോ?

എങ്കിൽ നിന്റെ മേൽ നിന്ന് ശിക്ഷ ഒഴിവാകും.

നാല് : പാപിനിയായ സ്ത്രീയുടെ മേൽനിന്ന് ഒഴിവായ കൽക്കൂമ്പാരം.

അഞ്ച് : സ്തേഫാനോസിന്റെ മേൽ വന്ന കൽക്കുന്ന്. അപ്പോ. പ്രവൃത്തികൾ 7 : 57 – 60

ആത്മാവും ജ്ഞാനവും നിറഞ്ഞ്, നല്ല സാക്ഷ്യമുള്ള ഏഴു പുരുഷൻമാരെ തെരഞ്ഞെടുത്തതിൽ ആദ്യത്തെ ആളാണ് സ്തേഫാനോസ്. വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ സ്തേഫാനോസ് മേശയിൽ ശുശ്രൂഷ ചെയ്യാനാണ് തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ കൃപയും ശക്തിയും നിറഞ്ഞവനായി സ്തേഫാനോസ് ജനത്തിൽ വലിയ അത്ഭുത

[redacted]

ങ്ങളും അടയാളങ്ങളും ചെയ്തു. അപ്പൊ. പ്ര. 6 : 3 – 8. വചന ശുശ്രൂഷ ആരംഭിച്ചു. അപ്പൊ. പ്ര. 6 : 10

ആദ്യത്തെ പ്രസംഗം മുഴുവനാക്കുവാൻ യഹൂദമതമേധാവികൾ സമ്മതിച്ചില്ല. മഹാപുരോഹിതൻ അവനെ ചോദ്യം ചെയ്തു. “ഇവൻ മോശയ്ക്കും ദൈവത്തിനും എതിരായി ദൂഷണം പറയുന്നത് ഞങ്ങൾ കേട്ടു,” എന്ന് ചിലർ കള്ള സാക്ഷ്യം പറഞ്ഞു. മൂപ്പൻമാരും ശാസ്ത്രിമാരും ജനത്തെ ഇളക്കി. അവനെ ന്യായാധിപസംഘത്തിൽ കൊണ്ടുപോയി.

കള്ളസാക്ഷികളെ നിറുത്തി, പറയിപ്പിച്ചു :

> “ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തിന്നും ന്യായപ്രമാണത്തിനും വിരോധമായി ഇടവിടാതെ സംസാരിച്ചുവരുന്നു. ആ നസറായനായ യേശു ഈ സ്ഥലം നശിപ്പിച്ചു. മോശ നമുക്ക് ഏല്പിച്ച മര്യാദകളെ മാറ്റിക്കളയും എന്ന് അവൻ പറയുന്നത് ഞങ്ങൾ കേട്ടു എന്ന് പറയിച്ചു.”
>
> അപ്പൊ. പ്രവാ 6 : 13 – 14

സ്തേഫാനോസിന്റെ പ്രസംഗം പിതാക്കന്മാരുടെ പാരമ്പര്യം എന്ത് എന്നും, മോശ പഠിപ്പിച്ചത് എന്ത് എന്നും, ദൈവം ആര് എന്നും വ്യക്തമാക്കുന്നതായിരുന്നു. ആ പ്രസംഗം പൂർത്തീകരിക്കുന്നതിനു മുമ്പായി അവരെല്ലാവരും കോപപരവശരായി, പല്ലിറുമ്മികൊണ്ട് അവന്റെ നേരെ പാഞ്ഞു ചെന്ന് അവനെ നഗരത്തിൽനിന്ന് തള്ളിപ്പുറത്താക്കി കല്ലെറിഞ്ഞു.

ഉരുളൻ കല്ലുകൾ ഏറ്റ് അസ്ഥി ഉടഞ്ഞു തകർന്നു. മാംസപേശികൾ ചതഞ്ഞരഞ്ഞു. കണ്ണുകൾ തകർന്ന് രക്തം വമിച്ചു.

ലോയ്സ് സി. ഡഗ്ലസ് എഴുതിയ 'The Robe' - മേലങ്കി – എന്ന ഗ്രന്ഥത്തിൽ ഭാവനാസാന്ദ്രമായ ഒരു വിവരണം സ്തേഫാനോസ് കല്ലേറു കൊണ്ട് മരിക്കുന്നതിനെപ്പറ്റി നൽകുന്നുണ്ട്.

ശരീരം ഉടഞ്ഞ് തകർന്ന്, ചോര ചീറിത്തെറിച്ചുകൊണ്ടിരിക്കെ സ്തേഫാനോസ് കൊടുംകൈ കുത്തിനിന്നു ഒരു വിധത്തിൽ മുട്ടിൻമേൽ നിവർന്നുകൊണ്ട്, ഇങ്ങനെ നിലവിളിച്ചു :

> “കർത്താവേ, അവർക്ക് ഈ പാപം നിറുത്തരുതേ.” അപ്പൊ പ്രവാ. 7 : 60

ഈ ഒരു പ്രാർത്ഥനയാണ് ശൗലിനെ പൗലോസ് ആക്കി മാറ്റുവാൻ മുഖാന്തരമായത്.

സ്തേഫാനോസിന്റെ മേൽ ഒരു കൽക്കൂമ്പാരമുണ്ടായി. സ്നേഹിതാ, ക്രിസ്തുവിന്റെ നാമത്തിൽ തെറ്റിദ്ധാരണയും കുറ്റാരോപണവും അപവാദപ്രചരണവും മൂലമുള്ള കല്ലേറ് ഏല്ക്കാൻ നീ തയ്യാറാണോ ? ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും. നിന്ദയും ആക്ഷേപവും പരിഹാസവും ഏല്ക്കാൻ, സന്തോഷത്തോടെ ഏല്ക്കാൻ തയ്യാറാണോ?

> “കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട്.”
> യെശയ്യാവ് 62 : 11, 40 : 10. വെളിപ്പാട് 22 : 12

ആഹാന്റെയും ഹായിരാജാവിന്റെയും അബ്ശാലോമിന്റെയും മേലുണ്ടായ കൽക്കൂമ്പാരം പാപത്തിന്റെ ശിക്ഷയായിരുന്നു. പാപിനിയായ സ്ത്രീയ്ക്ക് കൽക്കൂമ്പാരം ഒഴിവാ

യി. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്താലും കരുണയാലും സ്തേഫാനോസ് ക്രിസ്തുവിന്റെ അതേ ഭാവത്തോടെ തിരുവചനം പറഞ്ഞതിനാൽ കൽക്കുന്ന് ഏറ്റു. സ്നേഹിതാ, നീ ഇപ്പോൾ ക്രിസ്തു തരുന്ന പാപക്ഷമയേറ്റുകൊണ്ട് ക്രിസ്തുവിനുവേണ്ടി നിന്ദയും പരിഹാസവും ഉപദ്രവവും ഏല്ക്കാൻ നിന്നെത്തന്നെ സമർപ്പിക്കുന്നുവോ? ആ നിത്യ മഹാഭാഗ്യത്തിന് നിനക്ക് കൊതിയുണ്ടോ? എങ്കിൽ ക്രിസ്തുവിനോട് പറയൂ :

"നാഥാ, ഇന്നു മുതൽ കഷ്ടത സന്തോഷത്തോടെ വഹിച്ചും ക്രിസ്തുവിന്റെ നിന്ദയേറ്റും ക്രിസ്തുവിന്റെ ഒരു വിശുദ്ധനായി നിന്ന് വേല ചെയ്യാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. നിന്റെ വിശുദ്ധനും വിശ്വസ്തനുമായ ഒരു വേലക്കാരനാകാൻ ഞാൻ തീരുമാനിക്കുന്നു. എന്റെ ഈ സമർപ്പണം അംഗീകരിക്കണമേ. അന്ത്യത്തോളം നിലനിറുത്തണമേ.

50

[redacted]

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** AM |
| **ശനി** | സൂര്യ ടിവി | : **6.30** AM |
| **ഞായർ** | ജീവൻ ടിവി | : **7.30** AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

**ചൊവ്വ**
**ശനി**

SW **25 മീറ്റർ** : **7.45** PM

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

[redacted]



| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയങ്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസിനിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |